# നമസ്കാരം

## വിധികളും മര്യാദകളും



തയ്യാറാക്കിയത്:
അബ്ദുൽലത്തീഫ് സുല്ലമി
മാറഞ്ചേരി

ഇസ്‌ലാമിക് ഗൈഡൻസ് സെന്റർ സുലൈ (റിയാദ്)
ബി. 1419, റിയാദ് 11431, ഫോ: 2414488, ഫാ: 2411733

# നമസ്കാരം

## വിധികളും മര്യാദകളും

തയ്യാറാക്കിയത്:
അബ്ദുൽലത്തീഫ് സുല്ലമി
മാറഞ്ചേരി

© المكتب التعاوني للدعوة والإرشاد بالسلي، ١٤٢٨هـ

فهرسة مكتبة الملك فهد الوطنية أثناء النشر

المكتب التعاوني للدعوة والإرشاد بالسلي

الصلاة أحكام وآداب ( باللغة المليبارية)/ المكتب التعاوني للدعوة والإرشاد

بالسلي. – الرياض، ١٤٢٨هـ

١٧٦ ص ؛ ١٢ × ١٧ سم

ردمك: ٤- ٠-٩٨٠٨-٩٩٦٠

١- الصلاة أ- العنوان

ديوي ٢٥٢,٢ ١٤٢٨/٣٣٢٧

رقم الإيداع: ١٤٢٨/٣٣٢٧

ردمك: ٤- ٠-٩٨٠٨-٩٩٦٠

# ഉള്ളടക്കം


വിഷയം പേജ്

| | |
|---|---|
| ആമുഖം | 0 |
| നമസ്കാരത്തിൻെറ പ്രാധാന്യം | 1 |
| നമസ്കാരത്തിൻെറ മുന്നൊരുക്കങ്ങൾ | 7 |
| നബി(സ)യുടെ നമസ്കാരം | 17 |
| ദിക്റുകളും ദുആകളും | 31 |
| ജമാഅത്ത് നമസ്കാരം | 36 |
| നമസ്കരിക്കാത്തവനോടുള്ള സമീപനം | 51 |
| നമസ്കാരത്തിന് പുറപ്പെടുമ്പോൾ | 60 |
| സുന്നത്ത് നമസ്കാരങ്ങൾ | 66 |
| യാത്രക്കാരുടെ നമസ്കാരം | 116 |
| നമസ്കാരം ഉണ്ടാക്കേണ്ടതായ നേട്ടങ്ങൾ | 124 |
| തെററായി പ്രചരിപ്പിക്കപ്പെട്ട കാര്യങ്ങൾ | 137 |

# ആമുഖം

അല്ലാഹുവിൻെറ നാമത്തിൽ നമസ്കാരവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട പാഠങ്ങളാണ് ഈ കൃതിയിലെ ഉള്ളടക്കം.

ചിലയാളുകൾ നമസ്കരിക്കും പക്ഷേ, അവർക്ക് അതിലൂടെ രേഖപ്പെടുത്തപ്പെടുന്ന പ്രതിഫലം പത്തിലൊന്ന് മാത്രമായിരിക്കും ചിലർക്ക് ഒമ്പതിലൊന്ന് ചിലർക്ക് എട്ടിലൊന്ന് ചിലർക്ക് ഏഴിലൊന്ന് എന്നിങ്ങനെ ചിലർക്ക് പകുതി പ്രതിഫലം ലഭിക്കുമെന്നും ഹദീസുകളിൽ പറയുന്നു. ഇത് ആളുകൾ മനസ്സിലാക്കിയതും നിർവ്വഹിക്കുന്ന രീതിയും അനുസരിച്ചായിരിക്കും പ്രതിഫലത്തിലെ ഏററക്കുറച്ചിൽ എന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല.

അതിനാൽ നബിﷺയുടെ നമസ്കാരം, ഫറളുകളിലെ പോരായ്മകൾ പരിഹരിക്കുമെന്ന് പഠിപ്പിക്കപ്പെട്ട സുന്നത്തു നമസ്കാരങ്ങൾ, യാത്രയിലെ നമസ്കാരം, നമസ്കരിക്കുന്നവരിൽ ഉണ്ടാവേണ്ട സൽഗുണങ്ങൾ, നമസ്കാരവുമായി പ്രചരിക്കപ്പെട്ട അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ എന്നിവയെല്ലാമാണ് നിങ്ങളുടെ കൈകളിൽ ഏൽപ്പിക്കുന്ന ഈ കൃതിയിലെ പ്രതിപാദ്യ വിഷയം.

നിങ്ങൾ വായിക്കുക. വിലയിരുത്തുക, അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കുക.

അല്ലാഹു സൽക്കർമ്മമായി സ്വീകരിക്കട്ടെ, സഹകരിച്ചവർക്കെല്ലാം പ്രതിഫലം നൽകട്ടെ (ആമീൻ)

പ്രാർത്ഥനയോടെ !

റിയാദ് — സഹോദരൻ

9/4/2007 — അബ്ദുൽലത്തീഫ് സുല്ലമി മാറഞ്ചേരി

ഒന്ന്

# നമസ്കാരത്തിന്റെ പ്രാധാന്യം

സർവ്വ സ്തുതിയും ലോക രക്ഷിതാവായ അല്ലാഹുവിന്ന്, അവന്റെ ദൂതരിൽ അന്തിമനായ മുഹമ്മദ് നബിയിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും സജ്ജനങ്ങളായ മുഴുവൻ ആളുകളിലും അല്ലാഹുവിന്റെ കരുണാകടാക്ഷങ്ങൾ എന്നെന്നും വർഷിക്കുമാറാകട്ടെ. (ആമീൻ)

ശഹാദത്തുകലിമകൾ ഉച്ചരിച്ച് ഒരാൾ മുസ്ലിമായിക്കഴിഞ്ഞാൽ പിന്നീട് ഏററവും ഗൗരവപൂർവ്വം അവന്റെ മേൽ ചുമത്തപ്പെട്ടിട്ടുള്ള കർമ്മമത്രെ അഞ്ച് സമയങ്ങളിലുള്ള നമസ്കാരം. ഒരു മുസ്ലിമിന് തന്റെ രക്ഷിതാവുമായുള്ള ബന്ധം സ്ഥിരീകരിക്കപ്പെടുന്നത് നമസ്കാരത്തിലൂടെയാണ്.അത് വിശ്വാസത്തിന്റെ പ്രകടരൂപവും കൂടിയാണ്. അത്കൊണ്ട്തന്നെ പ്രായപൂർത്തിയും ബുദ്ധിയുമുള്ള എല്ലാ സ്ത്രീപുരുഷൻമാർക്കും ഒഴിച്ചുകൂടാൻ പാടില്ലാത്ത വിഷയവുമാണ് നമസ്കാരം. കുട്ടികൾക്ക് ഏഴ് വയസ്സ് പ്രായമാകുമ്പോൾ മുതൽ അത് അവരോട് കൽപിക്കുകയും പരിശീലിപ്പിക്കാനും പത്ത് വയസ്സായിട്ടും അവർ നമസ്കരിക്കാത്ത പക്ഷം അവരെ അടിക്കനും മാതാപിതാക്കളോട് ഇസ്ലാം ചുമതല

പ്പെടുത്തുകയും ചെയ്തിരിക്കുന്നു. നിന്ന് നിർവ്വഹിക്കാൻ കഴിയാത്തവർ ഇരുന്നോ, കിടന്നോ തന്നിക്ക് കഴിയുന്ന വിധത്തിൽ നമസ്കാരം അതാതിന്റെ സമയത്ത്തന്നെ നിർവ്വഹിക്കൽ നിർബന്ധമാണ്. നമസ്കരിക്കാത്തവർ നരകത്തിലാണെന്ന കാര്യവും സംശയത്തിനിടമില്ലാത്തവിധം ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. സ്വർഗ്ഗത്തിൽ എത്തുന്ന ആളുകൾക്ക് നരകക്കാരെ കണ്ട്മുട്ടാനും സംസാരിക്കാനും അല്ലാഹു പരലോകത്ത് അവസരം നൽകും; അന്നേരം സ്വർഗ്ഗക്കാർ നരകവാസികളോട് ചോദിക്കുന്ന ചോദ്യവും അതിന്നവർ നൽകുന്ന മറുപടിയും നമുക്ക് ഇപ്രകാരം കാണാം:

﴿مَا سَلَكَكُمْ فِي سَقَرَ ﴿٤٢﴾ قَالُوا لَمْ نَكُ مِنَ الْمُصَلِّينَ﴾ ﴿٤٣﴾ (سورة: المدثر: ٤٢،٤٣)

"നിങ്ങൾ എന്തുകൊണ്ട് ഈ കഠിനമായ നരകത്തിൽ എത്തിപ്പെട്ടു, അവർപറയും ഞങ്ങൾ നമസ്കരിച്ചിരുന്നില്ല എന്ന്." (മുദ്ദഥ്ഥിർ 42, 43).

നമസ്കരിക്കാത്തവർ കാഫിറുകളാണെന്നും പ്രവാചകൻ(സ) വ്യക്തമാക്കിയതാണ്.

عن بريدة ﷺ قال قال رَسُولُ الله صلى الله عليه وسلم الْعَهْدُ الَّذِي بَيْنَنَا وَبَيْنَهُمْ الصَلاةُ فَمَنْ تَرَكَهَا فَقَدْ كَفَر رواه أحمد والترمذي صحيح مشكاة للألباني ١/رقم الحديث : ٥٧٤)

"ബുറൈദ(റ)ൽ നിന്ന്, നബിﷺ പറഞ്ഞു: നമുക്കും അവർക്കുമിടയിലുള്ള കരാർ നമസ്കാരമാണ്. ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ കാഫിറായി" (അഹ്മദ്, തിർമിദി, അൽബാനിയുടെ സ്വഹീഹ് മിശ്കാത്ത് 1/നമ്പർ: 574)

عن جابر بن عبدالله ﷺ يقول سَمِعْتُ رَسُولَ اللهِ صلى الله عليه وسلم يَقُولُ بَيْنَ الرَّجُلِ وَبَيْنَ الشِرْكِ وَالْكُفْر تَرْكُ الصَلاَةِ (صحيح مسلم ١/٨٨ رقم الحديث :٨٢)

" ഒരാളുടേയും ശിർക്കിന്റേയും കുഫ്റിന്റേയും ഇടയിലുള്ള വിവേചനം നമസ്കാരം ഉപേക്ഷിക്കലാണ്." (സ്വഹീഹ് മുസ്‌ലിം 1/88 നമ്പർ: 82 )

പ്രവാചകന്മാരുടെ പ്രബോധനത്തെ സംബന്ധിച്ച് പറയുന്നിടത്തെല്ലാം നമസ്കാരത്തെ സംബന്ധിച്ച് പ്രബോധനം നടത്തിയിരുന്നതായി കാണാൻ കഴിയുന്നതാണ്. ഇക്കാര്യവും നമസ്കാരത്തിന്റെ പ്രാധാന്യത്തെയാണ് വിളിച്ചറിയിക്കുന്നത്.

## നമസ്കാരത്തിന്റെ മഹത്വം :

സഹോദരന്മാരേ, നമസ്കാരം മാത്രമാണ് ആകാശലോകത്ത്വെച്ച് മനുഷ്യന്റെമേൽ നിർബന്ധമാക്കപ്പെട്ടിട്ടുള്ള ഏക ആരാധന. (നബി(സ)യുടെ മിഅ്റാജ് എന്നറിയപ്പെടുന്ന ആകാശാരോഹണ വേളയിൽ) എന്നത് തന്നെമതി അതിന്റെ മഹത്വമായിട്ട്!. കൂടാതെ പരലോകത്ത് ഒന്നാമതായി വിചാരണ ചെയ്യപ്പെടുന്ന വിഷയവും നമസ്കാരമാണ് എന്നും അതിൽ രക്ഷപ്പെട്ടാൽ അവന്റെ മറ്റെല്ലാ കർമ്മങ്ങളിലും അവൻ രക്ഷപ്പെടുമെന്നും അതിൽ പരാജയപ്പെട്ടാൽ അവൻ മറ്റെല്ലാകാര്യത്തിലും പരാജയപ്പെടുകതന്നെ ചെയ്യുമെന്നും നബി(സ) ഓർമ്മപ്പെടുത്തിയിട്ടുണ്ട്. അത് പ്രായപൂർത്തിയും ബുദ്ധിയുമുള്ള എല്ലാവരിലും, ആരോഗ്യാവസ്ഥയിലും രോഗാവസ്ഥയിലും, സ്വദേശത്തായാലും വിദേശത്തായാലും, ഭയ-നിർഭയ ഘട്ടങ്ങൾ എന്ന വ്യത്യാസമില്ലാതെ തനിക്ക് കഴിയുന്ന വിധം നിർവ്വഹിക്കൽ നിർബന്ധമാണ്. ഇതു പോലുള്ള ഗൗരവം മറ്റൊരു കർമ്മത്തിനും ചുമത്തപ്പെട്ടതായി കാണാൻ കഴിയുന്നതല്ല. ഹജ്ജ് കഴിവുള്ളവർക്ക് മാത്രമേ നിർബന്ധമുള്ളൂ, സക്കാത്ത് ദരിദ്രർക്ക് ബാധകമല്ല, നോമ്പ് രോഗികളും യാത്രക്കാരും മററവസരങ്ങളിൽ നോററുവീട്ടിയാലുംമതി. എന്നാൽ നമസ്കാ

രം ശുദ്ധീകരണത്തിന് വെള്ളം ലഭിച്ചില്ലെങ്കിൽ തയ മ്മും (കുളിക്കും വുദൂവിന്നും പകരം നിർബന്ധ സാ ഹചര്യങ്ങളിൽ തൻെറ ഇരു കൈപ്പത്തികളും ശുദ്ധ മായ ഭൂമിയിൽ ഒരടി അടിച്ച് മുഖവും കൈപ്പടങ്ങളും ഒരുപ്രാവശ്യം തടവലാണ് തയമ്മും). ചെയ്തു തനി ക്ക് കഴിയുന്നരൂപത്തിൽ നിർവ്വഹിക്കേണ്ടതാണ്. യാത്രയിലാണെങ്കിലും - നാലു റക്അത്തുള്ളവ ര ണ്ട് റക്അത്താക്കി ചുരുക്കണം - അവൻ നമസ്ക രിച്ചേ തീരൂ.

അത്കൊണ്ട് സഹോദരാ, നമസ്കാരം അതിൻെറ നിബന്ധനകളും മര്യാദകളും പാലിച്ചുകൊണ്ട് കൃ ത്യതയോടെ നമസ്കരിക്കുമ്പോൾ മാത്രമേ നാം മു സ്ലിമായിത്തീരുകയുള്ളൂ. നാം മുസ്ലിമാണെങ്കി ൽ എല്ലായിപ്പോഴും നമ്മുടെ വാക്കും പ്രവർത്തന ങ്ങളും മുസ്ലിംകളുടേത് തന്നെയായിത്തീരാൻ ശ്ര ദ്ധിക്കണം. അല്ലാത്തപക്ഷം മുനാഫിഖായിട്ടായിരി ക്കും അല്ലാഹു നമ്മെ കണക്കാക്കുക. അവൻെറ സംരക്ഷണം നമുക്ക് നഷ്ടപ്പെടുകയും ചെയ്യുന്ന താണ്. അക്കാരണത്താൽ തന്നെ മുസ്ലിംകളുടെ ആരാധനകളും ആചാരങ്ങളുംപ്രവർത്തിക്കാതെ പ റയുകമാത്രം ചെയ്യുന്ന, നാമമാത്രമുസ്ലിമായി ജീ വിക്കുന്നവരിൽ പെട്ടുപോകുന്നതിനെ നാം സൂക്ഷി ക്കുക. അതുപോലെ തോന്നുമ്പോൾ മാത്രം നമസ്

കരിക്കുന്നവനുമാകാതിരിക്കുക.മേൽ പറഞ്ഞതൊന്നും മുസ്ലിംകളുടെ വിശേഷണങ്ങളിൽ പെട്ടതല്ല. മുസ്ലിമെന്നാൽ പരിപൂർണ്ണമായും അല്ലാഹുവിന്ന് കീഴ്പെട്ടുകൊണ്ട് തന്റെ ജീവിതം അവൻ ആവശ്യപ്പെടുന്ന കൽപനകൾക്കനുസരിച്ച് സമർപ്പിക്കുക എന്നതാണ്. അല്ലാഹു മനുഷ്യനോടു കൽപിച്ചിട്ടുള്ള പ്രധാന കൽപനകളിൽ പെട്ടതാണ് നമസ്കാരം കൃത്യതയോടെ അവക്ക് നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ നിർവ്വഹിക്കുക എന്നുള്ളത്. അല്ലാഹു പറഞ്ഞിരിക്കുന്നതുന്നത് കാണുക:

﴿إِنَّ ٱلصَّلَوٰةَ كَانَتۡ عَلَى ٱلۡمُؤۡمِنِينَ كِتَٰبٗا مَّوۡقُوتٗا﴾

(سورة: النساء: ١٠٣)

"തീർച്ചയായും നമസ്കാരം സത്യവിശ്വാസി കളുടെ മേൽ സമയബന്ധിത നിർബന്ധ കർമ്മമത്രെ." (നിസാഅ് 103)

അതിനാൽ തന്നെ നമസ്കാരം കൃത്യ സമയത്ത് നിർവ്വഹിക്കാതെ കളാആക്കി നിർവ്വഹിക്കുക എന്നതിന് ഇസ്ലാമിന്റെ പിൻബലമില്ല. നിൽക്കാൻ കഴിയാത്തപ്പോൾ ഇരുന്നോ കിടന്നോ എങ്ങിനെയാണോ തനിക്ക് കഴിയുന്നത് അതുപ്രകാരം നിർവ്വഹിക്കൽ നിർബന്ധമാണ്.

## രണ്ട്

# നമസ്കാരത്തിന്റെ മുന്നൊരുക്കങ്ങൾ

നമസ്കാരത്തിൽ പെട്ടതല്ലെങ്കിലും നമസ്കാരത്തിനു മുമ്പായി ശ്രദ്ധിക്കുകയും നിർവ്വഹിച്ചിരിക്കുകയും ചെയ്യേണ്ടതായ വിവിധ ഘടകങ്ങളുണ്ട് അവ നമസ്കാരം സ്വീകരിക്കപ്പെടുന്നതിനുള്ള നിബന്ധനകളിൽ പെട്ടതാണ്.

ശുദ്ധീകരണം: ചില സന്ദർഭങ്ങളിൽ നമസ്കാരം നിർവഹിക്കുന്നതിന്ന് മുമ്പായി കുളിക്കൽ നിർബന്ധമായ സാഹചര്യങ്ങളുണ്ട്. അത്തരം അവസരത്തിൽ കുളിക്കാത്തപക്ഷം അവരുടെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല. ലൈംഗിക ബന്ധത്തിലേർപ്പെടുക, ഉറക്കത്തിലോ ഉണർച്ചയിലോ മറേറതെങ്കിലും രീതിയിലോ ഇന്ദ്രിയസ്ഖലനം ഉണ്ടാവുക സ്ത്രീകൾക്ക് ആർത്തവം, പ്രസവം എന്നിവക്ക്ശേഷം രക്തം നിലക്കുക എന്നീ കാരണങ്ങളാലാണ് കുളി നിർബന്ധമായിത്തീരുക. ഇത്തരം അവസ്ഥക്ക് വലിയ അശുദ്ധി എന്നാണ് പറയുക. ഇത്തരം സന്ദർഭങ്ങളിൽ വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാകാനെന്ന മനസ്സോടെ കുളിച്ചു കഴിഞ്ഞാൽ അയാൾ വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയായിക്കളിഞ്ഞു.

അപ്രകാരം തന്നെ നമസ്കരിക്കുന്നതിന് മുമ്പായി അംഗശുദ്ധി വരുത്തിയിരിക്കൽ നിർബന്ധമാണ് ഇതിന് വുളു നിർവ്വഹിക്കുക എന്ന് പറയും. വുളു നിർവ്വഹിച്ചിട്ടില്ലാത്ത അവസ്ഥക്ക് ചെറിയ അശുദ്ധി എന്നും പറയും.

ഏതൊരാളും നമസ്കരിക്കുന്നതിന്ന് മുമ്പായി വുളു എടുക്കൽ (അംഗശുദ്ധിവരുത്തൽ) നമസ്കാരത്തിൻെറ സ്വീകാര്യതക്ക് അനിവാര്യമാണ്. ഖുർആൻ പറയുന്നു: " സത്യ വിശ്വാസികളേ നിങ്ങൾ നമസ്കാരത്തിനായി ഒരുങ്ങിയാൽ നിങ്ങളുടെ മുഖവും രണ്ടു കൈകൾ മുട്ടുവരേയും കഴുകുവീൻ, നിങ്ങളുടെ തല തടവുകയും കാലുകൾ ഞെരിയാണിവരെ കഴുകുകയും ചെയ്യുവീൻ " (മാഇദ : 6).

വുളുവിൻെറ നിർബന്ധ ഘടകങ്ങളാണിവിടെ പറഞ്ഞിട്ടുള്ളത് പൂർണ്ണരൂപം നബിചര്യയിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

ഉസ്മാൻ(റ)വിൽ നിന്ന് : അദ്ദേഹം ഒരിക്കൽ ഒരു പാത്രം വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു എന്നിട്ട് അതിൽനിന്നും പുറത്തേക്ക് ചൊരിച്ച് തൻെറ മുൻകൈ രണ്ടും മൂന്ന് തവണ കഴുകി, ശേഷം വലതു കൈകൊണ്ട് പാത്രത്തിൽ നിന്ന് വെള്ളമെടുത്ത് കൊപ്ലിക്കുകയും മൂക്കിൽ വെള്ളമാക്കി ചീററിക്കളയുകയും അനന്തരം മുഖവും മുട്ടുവരെ

രണ്ട് കൈകളും മൂന്ന് പ്രാവശ്യം കഴുകുകയും ചെയ്തു. പന്നീട് തലതടവി. തുടർന്ന് രണ്ട്കാലും ഞെരിയാണി ഉൾപ്പടെ മൂന്ന് പ്രാവശ്യംകഴുകി. ശേഷം ഇങ്ങിനെപറഞ്ഞു "ഇപ്രകാരമാണ് നബി (സ) വുളുവുണ്ടാക്കുന്നത് ഞാൻ കണ്ടിട്ടുള്ളത്" (ഹദീസ് മുസ്ലിം)

അബ്ദുല്ലാഹിബ്നു സൈദ്(റ)ൽനിന്ന് റിപ്പോർട്ട്: "നബി(സ) തന്റെ രണ്ട് കൈകൊണ്ട് മുന്നിൽ നിന്നും പിന്നോട്ട് പിരടിവരേയും പിന്നീട് മുന്നോട്ടുമായി തല ഒരുപ്രാവശ്യം മാത്രം തടവി" (ബുഖാരി). ഇബ്നുഅബ്ബാസ് (റ) പറയുന്നു "നബി തലയും, രണ്ട് ചെവികളുടെ ഉൾഭാഗം ചൂണ്ട്വിരൽ കൊണ്ടും പുറഭാഗം തള്ളവിരൽകൊണ്ടും തടവുകയുണ്ടായി' (നസാഇ). മേൽപറഞ്ഞ പ്രകാരമാണ് വുദുവിന്റെ പൂർണ്ണ രൂപം.

തല തടവുന്നതിന് കൈ നനച്ച് തല തടവിയ ശേഷം അതേ കൈകൊണ്ട് തന്നെയാണ് ചെവികൾ തടവേണ്ടത്. ചെവി തടവുന്നതിനായി കൈകൾ പ്രത്യേകം നനക്കേണ്ടതില്ല. ചെവികൾ തലയിൽ പെട്ടതാണ് എന്ന് നബി(സ) പറഞ്ഞതായും ഹദീസുകളിൽ കാണാവുന്നതാണ്.

عن أبي أمامة ﷺ عن النبي ﷺ الأذنان من الرأس (رواه ابن ماجه ١٥٢/١ رقم الحديث ٤٤٥ صحيح الجامع للألباني رقم :٢٧٦٥)

"അബൂ ഉമാമ‌ﷺ വിൽ നിന്ന്, നബിﷺ പറഞ്ഞു: രണ്ടു ചെവികൾ തലയിൽ പെട്ടതാണ് " (ഇബ്നു മാജ 1/152 നമ്പർ:445, അൽബാനി സ്വഹീഹുൽ ജാമിഅ് നമ്പർ : 2765,)

വുളു നിർവ്വഹിക്കാൻ ആരംഭിക്കുന്നവൻ

'ബിസ്മില്ലാഹിർ റഹ്മാനിർറഹീം' എന്ന് പറഞ്ഞു കൊണ്ടാണ് ആരംഭിക്കേണ്ടത്.

عن أبي هريرة ﷺ عن النبي ﷺ قال لا وُضُوء لِمَنْ لَمْ يَذْكُرْ اسْمَ اللهِ عَلَيهِ (أحمد, الحاكم ، صحيح الجامع للألباني رقم : ٧٥٧٣)

"അബൂ ഹുറൈറ‌ﷺ വിൽ നിന്ന്, നബിﷺ പറഞ്ഞു ബിസ്മി ചൊല്ലാത്തവന് വുദു ഇല്ല" (അഹ്മദ്, ഹാകിം. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് ഹദീസ് നമ്പർ: 7573)

മുകളിൽ പറഞ്ഞ ഹദീസുകൾ അനുസരിച്ച് വുളു നിർവ്വഹിക്കേണ്ട രൂപം താഴെ വിവരിക്കാം.

വുളു നിർവ്വഹിക്കുകയാണെന്ന മനസ്സോടുകൂടി ബിസ്മില്ലാഹിർറഹ്മാർറഹീം എന്ന് ചൊല്ലിക്കൊണ്ട്

ആദ്യം മുൻകൈ മൂന്ന് പ്രാവശ്യം കഴുകുക, തുടർന്ന് പല്ല് തേച്ച് വൃത്തിയാക്കി വായും മൂക്കും മൂന്ന് പ്രാവശ്യം കഴുകിയ ശേഷം മുഖം (നെററിയുടെ മുകൾ ഭാഗം മുതൽ താടിയുടെ അടി ഭാഗം വരെയും ഒരു ചെവി മുതൽ മറെറ ചെവി വരേയും) മൂന്ന് പ്രാവശ്യം കഴുകുക. ശേഷം വലതു കൈ മുട്ട് ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകുക; തുടർന്ന് അതുപോലെ ഇടതുകൈയും. ശേഷം കൈകൾ രണ്ടും നനച്ച് നെററിമുതൽ രണ്ട് കൈകൊണ്ടുമായി പിരടിവരെ തല തടവി അതേ പോലെ നെററിവരെ തിരിച്ചുകൊണ്ടുവന്ന്, ചൂണ്ട് വിരലുകൾ ചെവികൾക്ക് ഉള്ളിൽ പ്രവേശിപ്പിച്ച് തള്ള വിരലുകൾകൊണ്ട് ചെവിയുടെ പുറഭാഗവും ഒരു പ്രാവശ്യം മാത്രം തടവുക. ശേഷം വലതു കാൽ ഞെരിയാണി ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകുക. അതുപോലെ ഇടത്തെ കാലും. ഇതാണ് നബി(സ)യുടെ വുദുവിൻെറ രൂപം.

താടിരോമങ്ങൾ, വിരലുകൾ, മടമ്പുകാൽ എന്നീ ഭാഗങ്ങളിൽ കൃത്യമായും വെള്ളം എത്തിക്കാൻ ശ്രദ്ധിക്കണം വുളു എടുത്ത് കാലിൽ അൽപം നനയാത്ത ഒരു വ്യക്തിയെ നബി(സ) രണ്ടാമതും വുളു എടുപ്പിച്ച സംഭവം ഹദീസുകളിൽ കാണാം. കഴുകുമ്പോൾ കൈ കാലുകൾ അൽപം കയററി കഴുക

ൽ നല്ലതാണ്. വുളുവിൻെറ ഭാഗങ്ങൾ പരലോക ത്ത് പ്രകാശിക്കുക്കുന്നതാണ് എന്ന് നബി (സ) പ റഞ്ഞിട്ടുണ്ട്. കഴുകേണ്ട അവയവങ്ങൾ മാത്രമേ മൂ ന്ന് തവണ നിർവ്വഹിക്കൽ സുന്നത്തുള്ളൂ. തലയും ചെവിയും ഒരു പ്രാവശ്യം മാത്രം തടവലാണ് സു ന്നത്ത്. കൂടുതൽ ആവർത്തിക്കൽ സുന്നത്തിന് എതിരാണ്.

വുദുവിന് ശേഷം താഴെ പറയുന്ന പ്രാർത്ഥന ചൊ ല്ലേണ്ടതാണ്. വ്യത്യസ്ഥ ഹദീസുകളിലായി വന്ന പ്രാ ർത്ഥനയുടെ രൂപമാണ് താഴെ കൊടുക്കുന്നത്.

أَشْهَدُ أَنْ لَا إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ اللهمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينْ

(അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു, വ അശ്ഹദു അന്ന മുഹമ്മദൻ അ ബ്ദുഹു വറസൂലുഹു (മുഖ്തസ്വറു മുസ്ലിം: 143) അ ല്ലാഹുമ്മ ജ്അൽനീ മിന ത്വവ്വാബീന വജ്അൽനീ മി നൽ മുതത്വഹ്ഹിരീൻ) (സ്വഹീഹ് തിർമിദി)

“അല്ലാഹുവല്ലാതെ ആരാധ്യനില്ല; അവൻ ഏകനും പങ്കാരില്ലാത്തവനുമാണ് എന്നും മുഹമ്മദ് നബി (സ) അല്ലാഹുവിൻെറ റസൂലാണെന്നും ഞാൻ സാ ക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ നീ എന്നെ പശ്

ചാത്തപിക്കുന്നവരിലും ശുദ്ധിയുള്ളവരിലും ഉൾപ്പെടുത്തേണമേ" വുളുവിന് ശേഷം ഇപ്രകാരം പ്രാർത്ഥിച്ചാൽ സ്വർഗ്ഗത്തിന്റെ എട്ടു കവാടങ്ങളും അവനായി തുറക്കപ്പെടുന്നതാണ് ഇഷ്ടമുള്ളതിലൂടെ അവന് പ്രവേശിക്കാവുന്നതാണ് എന്ന് നബിവചനങ്ങളിൽ വന്നിട്ടുണ്ട്. (മുഖ്തസ്വറു മുസ്ലിം)

വുളു നിർവ്വഹിക്കുന്നതിനിടയിൽ പ്രത്യേക ദിക്റുകളോ പ്രാർത്ഥനകളോ ചൊല്ലുവാനായി പ്രവാചകചര്യയിൽ നിർദ്ദേശങ്ങളൊന്നുമില്ല.

## സോക്സ് ധരിച്ചവർക്ക് വുളുവിൽ ഇളവ്

വുളു നിർവ്വഹിച്ച ശേഷം വുളുവിൽ കാല് കഴുകൽ നിർബന്ധമായ ഞെരിയാണിയുൾപ്പടെയുള്ള ഭാഗം മറയുന്ന നിലക്കുള്ള സോക്സ് ധരിച്ചവർക്ക് ഇസ്ലാം വുളുവിൽ താഴെ പറയുന്ന ഇളവ് നൽകിയിട്ടുണ്ട് അത് സ്വീകരിക്കലാണ് ശ്രേഷ്ഠം.

മേൽ പറയപ്പെട്ട നിലയിൽ സോക്സ് ധരിച്ചവർ അതേ അവസ്ഥയിലായി വീണ്ടും വുളു എടുക്കേണ്ടതായി വരുമ്പോൾ അവ ഊരി കാൽ കഴുകേണ്ടതില്ല. അതിനു പകരം വലതു കൈ നനച്ച ശേഷം വലതു കാലിലെ സോക്സിന്റെ മുകളിലായി കാലിന്റെ വിരലിന്റെ ഭാഗം മുതൽ മുകൾ ഭാഗം വരെയും ഇടതു കൈ നനച്ച് ഇടതു കാലിലെ സോക്സിന് മുകളിലും ഒരു പ്രാവശ്യം മാത്രം തടവിയാൽ മതി.

കാല് കഴുകുന്നതിനോട് സാമ്യപ്പെടുത്തി സോക്സി ന്റെ എല്ലാ ഭാഗങ്ങളും തടവേണ്ടതില്ല.

ഈ ആനുകൂല്യം നാട്ടിൽ താമസിക്കുന്നവർക്ക് ഒരു ദിവസവും യാത്രക്കാർക്ക് മൂന്ന് ദിവസവും ഉപ യോഗപ്പെടുത്താവുന്നതാണ്. സമയം കണക്കാക്കു ക സോക്സ് ധരിച്ചത് മുതൽക്കല്ല. ആദ്യം തടവു ന്നത് മുതൽക്കാണ്.

നഗ്നതമറക്കൽ: നമസ്കാരത്തിൽ മാന്യമായ രീ തിയിൽ വസ്ത്രം ധരിച്ച് നമസ്കരിക്കൽ നിർബ ന്ധമാണ്. പുരുഷൻമാർ കാൽമുട്ടിന്റേയും പൊ ക്കിളിന്റെയും ഇടക്കുള്ളഭാഗം മറച്ച് നമസ്കരി ച്ചാൽ സ്വീകരിക്കപ്പെടുമെങ്കിലും നബി(സ) പുരുഷ ൻമാരോട് "നിങ്ങളാരും തന്നെ തന്റെ ചുമല് തുറ ന്നിട്ട നിലയിൽ നമസ്കരിക്കരുത്" (ബുഖാരി) എ ന്ന് നിർദ്ദേശിച്ചതിനാൽ ഷർട്ട്കൂടി ധരിച്ചായിരിക്ക ണം നമസ്കരിക്കേണ്ടത്. സ്ത്രീകൾ മുൻകയ്യും മു ഖവും ഒഴിച്ചുള്ള ഭാഗങ്ങൾ നമസ്കാരത്തിലും അന്യ പുരുഷന്മാരുടെ മുന്നിലും മറക്കൽ നിർബന്ധമാ ണ്.

ഖിബ്‌ലക്ക്തിരിയൽ: നമസ്കരിക്കുമ്പോൾ നാം എ വിടെ ആയിരുന്നാലും മക്കയിലുള്ള പരിശുദ്ധ ക അബക്ക് നേരെ തിരിഞ്ഞായിരിക്കണം നമസ്കരി ക്കേണ്ടത്.

<u>ശുദ്ധിയോടുകൂടിയായിരിക്കൽ:</u>

നമസ്കരിക്കുന്ന വ്യക്തിയുടെ ശരീരവും വസ്ത്രവും നമസ്കരിക്കുന്ന സ്ഥലവും മാലിന്യങ്ങളിൽ നിന്നും ശുദ്ധിയായിരിക്കണം.

<u>നമസ്കാരസമയം</u>: നമസ്കാരം സമയമായി എന്ന് ഉറപ്പ് വരുത്തിയും ഓരോ നമസ്കാരത്തിനും നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിലുമായിരിക്കണം നിർവ്വഹിക്കുന്നത്.

നമസ്കാരത്തിന്റെ വിഷയത്തിൽ ശ്രദ്ധക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരുവിഷയമാണ് നിശ്ചിത സമയത്ത് തന്നെ നിർവഹിക്കണമെന്നുള്ളത്. അത് കൊണ്ട് തന്നെ ഓരോ നമസ്കാരത്തിനും നിർണയിക്കപ്പെട്ട സമയത്ത് തന്നെ നിർവഹിക്കേണ്ടതാണ്. നിൽക്കാൻ കഴിയാത്തവർ ഇരുന്നോ അതിനും കഴിയാത്തവർ കിടന്നോ, വെള്ളം ലഭ്യമല്ലാതാവുകയോ ഉപയോഗിക്കാൻ പററാതിരിക്കുകയോ ചെയ്യുമ്പോൾ തയമ്മും (വുളുവിന്നും കുളിക്കും പകരം നിയ്യത്തോടുകൂടി രണ്ട് കൈപ്പത്തിയും ശുദ്ധമായ ഭൂമിയിൽ ഒരടി അടിച്ചു മുഖവും കൈപ്പടങ്ങളും ഒരു പ്രാവശ്യംമാത്രം തടവലാണ് തയമ്മും) ചെയ്തെങ്കിലും നമസ്കരിക്കണം. സമയത്ത് നമസ്കരിക്കാതെ മററ് ഏതെങ്കിലും നമസ്കാര സമയത്ത് കൂട്ടി നമസ്കരിക്കുന്നത് (കളാഅ് വീട്ടൽ) ന

ബിചര്യക്ക് വിരുദ്ധവും മാതൃകയില്ലാത്തതുമാണ്. എന്നാൽ മറവി, ഉറക്കം എന്നീ കാരണങ്ങൾ ഇതിൽ നിന്ന് ഒഴിവാണ്. മറന്നാൽ എപ്പോഴാണോ ഓർമ്മ വന്നത് അപ്പോൾ തന്നെ അത് നിർവ്വഹിക്കുക. ഉറക്കിൽ പെട്ടുപോയി സമയം തെറ്റിയാൽ ഉണർന്ന ഉടനെ നിർവ്വഹിക്കുക. ഉറക്കവും മറവിയും മനുഷ്യന്റെ നിയന്ത്രണത്തിൽ പെട്ടതല്ല.

നമസ്കരിക്കുമ്പോൾ മുന്നിൽ ഏതെങ്കിലും വിധത്തിൽ മറയുണ്ടായിരിക്കണമെന്നും നബി(സ) പ്രത്യേകം നിഷ്കർഷിച്ച കാര്യങ്ങളിൽ പെട്ടതാണ്.

## മൂന്ന്
# നബി(സ)യുടെ നമസ്കാരം

നമസ്കാരത്തിന് ഒരുങ്ങുമ്പോൾ തന്നെ താൻ നമസ്കരിക്കുകയാണ് എന്ന ഉദ്ദേശ്യത്തോടെ തൻെറ മനസ്സും ശരീരത്തോടൊപ്പം നമസ്കാരത്തിൽ ഉണ്ടായിരിക്കണം. ഇതാണ് നിയ്യത്ത്. നമസ്കാരത്തിൽ നിയ്യത്ത് പറയൽ നബിചര്യക്ക് വിരുദ്ധമാണ്. നമസ്കാരത്തിൽ തൻെറ സുജൂദിൻെറ സ്ഥാനത്തേക്കായിരിക്കണം നോക്കേണ്ടത്. നമസ്കാരത്തിലേക്ക് പ്രവേശിക്കുമ്പോഴും റുകൂഇലേക്ക് പോകുമ്പോഴും റുകൂഇൽനിന്ന് ഉയരുമ്പോഴും മൂന്നാമത്തെ റക്അത്തിലേക്ക് നിൽക്കുമ്പോഴും കൈകൾ രണ്ടും നിവർത്തിയ നിലയിൽ ചുമലിന്ന് നേരെ ഉയർത്തേണ്ടതാണ്. നമസ്കാരത്തിലേക്ക് പ്രവേശിക്കുമ്പോൾ മേൽപറഞ്ഞ പ്രകാരം കൈകൾ രണ്ടും ഉയർത്തി അല്ലാഹു അക്ബർ എന്ന് പറഞ്ഞ് വലതു കൈ ഇടതുകയ്യിന്മേൽ ആയി നെഞ്ചത്ത് ആണ് വെക്കേണ്ടത്. നബി (സ) അപ്രകാരമായിരുന്നു വെച്ചിരുന്നത് എന്ന് ഇമാം ഇബ്നുഖുസൈമയും, അഹ്മദും (റ) റിപ്പോർട്ട് ചെയ്യുന്നുണ്ട്.

നമസ്കാരത്തിലേക്ക് പ്രവേശിക്കുമ്പോൾ അല്ലാഹു അക്ബർ എന്ന് പറയുന്നതിന്ന് തക്ബീറത്തുൽ ഇഹ്റാം എന്നാണ് പറയുക.

**പ്രാരംഭ പ്രാർത്ഥന:** നബി(സ) തക്ബീറിൻെറയും ഖുർആൻ പാരായണത്തിൻെറയും ഇടയിൽ ഇപ്രകാരമായിരുന്നു ചൊല്ലിയിരുന്നത്.

اللهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بيْنَ الْمَشْرِقِ وَالْمَغْرِبِ اَللَّهُمَّ نَقِّنِي مِنَ خَطَايَايَ كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ اللَّهُمَّ اغْسِلْنِي مِنْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرَدِ (صحيح البخاري ١/٢٥٩ رقم الحديث : ٧١١)

(അല്ലാഹുമ്മ ബാഇദ് ബൈനീ വബൈന ഖത്വായായ കമാ ബാഅദ്ത ബൈനൽ മശ്രിഖി വൽ മഗ്രിബി അല്ലാഹുമ്മ നഖിനീ മിൻ ഖത്വായായ കമാ യുനഖ്വ ഥ്സൗബുൽ അബ്യളു മിനദ്ദനസി അല്ലാഹുമ്മഗ്സിൽനീ മിൻ ഖത്വായായ ബിൽമാഇ വഥ്സൽജി വൽബറദ്)

"അല്ലാഹുവേ ഉദയാസ്തമയ സ്ഥാനങ്ങൾ തമ്മിൽ നീ അകററിയപോലെ എന്നെയും എൻെറ പാപത്തേയും നീ അകറേറണമേ, അല്ലാഹുവേ വെള്ള വസ്ത്രം അഴുക്കിൽ നിന്നും ശുദ്ധിയാക്കുന്നപോലെ എൻെറ പാപങ്ങളിൽ നിന്നും എന്നെ നീ ശുദ്ധിയാക്കേണമേ, അല്ലാഹുവേ വെള്ളം മഞ്ഞ് ഹിമം എന്നിവ കൊണ്ട് എൻെറ പാപങ്ങളെ നീ കഴുകിക്കളയേണമേ"(ബുഖാരി 1/259 നമ്പർ: 711)

പ്രാരംഭ പ്രാർത്ഥന ഇങ്ങനെയും ആകാം

سُبْحانَكَ اللهُمَّ وَبحمْدِك وتبارَكَ اسْمُكَ وَتَعالَى جَدُّكَ وَلا إله غَيْرُكَ (صحيح أبو داود ١/٢٠٦ رقم: ٧٧٥، والحاكم)

(സുബ്ഹാനകല്ലാഹുമ്മ വബിഹംദിക വതബാറകസ് മുക വ തആലാ ജദ്ദുക വലാ ഇലാഹ ഗ്വയ്റുക) (അബൂദാവൂദ് 1/206 നമ്പർ: 775, ഹാകിം)

"അല്ലാഹുവേ നീ മഹാ പരിശുദ്ധൻ, നിന്നെ സ്തുതിക്കുന്നു, നിൻെറ നാമം അനുഗ്രഹീതം തന്നെ, നിൻെറ കഴിവുകൾ ഉന്നതമായിരിക്കുന്നു, നീയല്ലാതെ ആരാധ്യനേയില്ല". ഇത് രണ്ടുമല്ലാത്ത പ്രാർത്ഥനകളും ഹദീസുകളിൽ വന്നിട്ടുണ്ട്.

തുടർന്ന് അഊദും ബിസ്മിയും ചൊല്ലി സൂറത്തുൽ ഫാതിഹ ഓതേണ്ടതാണ്.

അത് താഴെ പറയും പ്രകാരമാണ്.

سورة: الفاتحة

أَعُوذُ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ۝١ ٱلْحَمْدُ لِلَّهِ رَبِّ

ٱلْعَٰلَمِينَ ۝٢ ٱلرَّحْمَٰنِ ٱلرَّحِيمِ ۝٣ مَٰلِكِ يَوْمِ

ٱلدِّينِ ۝٤ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝٥

ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ۝٦ صِرَٰطَ ٱلَّذِينَ أَنْعَمْتَ

عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِمْ وَلَا ٱلضَّآلِّينَ ۝٧

(سورة: الفاتحة)

**അഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം**

(ശപിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവേ, ഞാൻ നിന്നോട് രക്ഷതേടുന്നു.)

**ബിസ്മില്ലാഹി ർറഹ്മാനി ർറഹീം**

(കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ)

**അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ**

(സർവ്വ സ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു)

**അർറഹ്മാനി ർറഹീം**

(കാരുണ്യവാനും കരുണാനിധിയുമായവൻ)

**മാലികി യൗമിദ്ദീൻ**

(പ്രതിഫല നാളിന്റെ ഉടമസ്ഥൻ)

**ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ**

(നിന്നെമാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോ ടുമാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യു ന്നു)

**ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം**

(ഞങ്ങളെ നീ നേരായമാർഗ്ഗത്തിലൂടെ വഴിനടത്തേ ണമേ)

**സ്വിറാത്വല്ലദീന അൻഅംത അലൈഹിം**

(നീ അനുഗ്രഹിച്ചവരുടേതായ മാർഗ്ഗത്തിൽ)

**ഗൈരിൽ മഗ്ളൂബി അലൈഹിം വല ള്ളാ ല്ലീൻ**

(നീ കോപിച്ചവരുടേയോ വഴിപിഴച്ചവരുടേയോ മാർ ഗ്ഗത്തിലല്ല)

**[ആമീൻ].** (ഞങ്ങളുടെ പ്രാർത്ഥന നീ സ്വീകരിക്കേ ണമേ).

ഇത് എല്ലാ റക്അത്തുകളിലും ഇമാമും (നേതൃ ത്വം നൽകുന്ന ആളും) മഅ്മൂമും (തുടർന്ന് നമ സ്കരിക്കുന്നവനും) ഓതേണ്ടതാണ്. കാരണം പ്ര വാചകൻ(സ) പറഞ്ഞു: "ഫാതിഹ ഓതാത്തവന്ന് ന മസ്കാരമില്ല (ബുഖാരി). ഉറക്കെ ഓതേണ്ട നമസ് കാരങ്ങളിലും അഊദും ബിസ്മിയും പതുക്കെയാ ണ് ഓതേണ്ടത്.

പിന്നീട് ഒന്നും രണ്ടും റക്അത്തുകളിൽ ഏതെങ്കി ലും സൂറത്തോ സൂറത്തിന്റെ ഭാഗമോ പാരായ

ണം ചെയ്യണം. ഉറക്കെ ഓതുന്ന നമസ്കാരത്തിൽ ഇത് ഇമാം മാത്രമേ ഓതേണ്ടതുള്ളൂ. മററുള്ളവർ ഇമാമിന്റെ പാരായണം ശ്രദ്ധിച്ചു കേൾക്കുകയാണ് വേണ്ടത്.

റുകൂഅ്: ഫാതിഹയും സൂറത്തും ഓതിയ ശേഷം കൈകൾ ഉയർത്തി അല്ലാഹു അക്ബർ എന്ന് പറഞ്ഞ് തന്റെ മുതുകും തലയും നേരെ വരത്തക്ക വിധം കുനിഞ്ഞ് രണ്ട് കൈപ്പത്തിയും നിവർത്തിയ നിലയിൽ കാൽമുട്ടുകളിൽ വെച്ച് അടങ്ങി നിൽക്കലാണ് റുകൂഅ്.

റുകൂഇൽ

سُبْحَانَ رَبِّـــيَ الْعَظِـــيمْ (സുബ്ഹാന റബ്ബിയൽ അളീം) "മഹാനായ എന്റെനാഥൻ പരിശുദ്ധനാകുന്നു" എന്ന് മൂന്ന് തവണ പറയേണ്ടതാണ്.

ഇഅ്തിദാൽ : റകൂഇൽ നിന്നും سَمِعَ اللهُ لِمَنْ حَمِدَهُ (സമിഅല്ലാഹു ലിമൻഹമിദഹു) "സ്തുതിച്ചവന്റെ സ്തുതി അല്ലാഹു കേട്ടിരിക്കുന്നു " എന്ന് പറഞ്ഞു കൊണ്ട് കൈകൾ ഉയർത്തി, നിവർന്ന് നിൽക്കണം. ജമാഅത്ത് നമസ്കാരത്തിൽ ഇമാമ് മാത്രമേ ഇത് പറയേണ്ടതുള്ളൂ മഅ്മൂമുകൾ റബ്ബനാ ലകൽ ഹംദ് എന്ന് മാത്രമേ പറയേണ്ടതുള്ളൂ.

رَبَّنَا لَكَ الْحَمْدُ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ مِلْءَ السَّمَوَاتِ وَمِلْءَ الْأَرْضِ وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدَهُ

(റബ്ബനാ ലകൽഹംദു ഹംദൻ കഥീറൻ ത്വയ്യിബൻ മുബാറകൻ ഫീഹി മിൽഅസ്സമാവാതി വമിൽഅൽ അർദി വമിൽഅ മാശിഅ്ത മിൻ ശൈഇൻ ബഅ്ദ ഹു)

"ഞങ്ങളുടെ നാഥാ ആകാശങ്ങൾ നിറയെയും, ഭൂമി നിറയെയും അവക്കപ്പുറം നീ ഉദ്ദേശിച്ച വസ്തു നിറയെയുമുള്ള സർവ്വ സ്തുതിയും നിനക്കു മാത്രമാകുന്നു". എന്ന് എല്ലാവരും പ്രാർത്ഥിക്കേണ്ടതാണ്. ഇതും ഇതിനെ തുടർന്ന് വേറെയും പ്രാർത്ഥനകൾ ഹദീസുകളിൽ വന്നിട്ടുണ്ട്.

സുജൂദ് : ഇഅ്തിദാലിന്ന് ശേഷം അല്ലാഹു അക്ബർ എന്ന് പറഞ്ഞുകൊണ്ട് സുജൂദ് ചെയ്യണം. ആദ്യം രണ്ട് കൈകൾ, തുടർന്ന് കാൽമുട്ടുകൾ, മൂക്ക് നിലത്ത് തട്ടുന്നവിധം നെററി, എന്നീ അവയവങ്ങളും കാൽവിരലുകളുടെ പള്ളകളും നിലത്ത് തട്ടിച്ചുകൊണ്ടുള്ള വിനയപ്രകടനമാണ് സുജൂദ്. മുഴം കൈകൾ ഒരിക്കലും നിലത്ത് തട്ടരുതെന്ന് നബി (സ) പ്രത്യേകം അറിയിച്ചിട്ടുണ്ട്. സുജൂദിൽ കാലുകൾ അടുപ്പിച്ച് ചേർത്തു വെക്കുകയും ചെയ്യേണ്ടതാണ്. ഒരാൾ അല്ലാഹുവിനോട് ഏററവും അടുക്കുന്ന സന്ദർഭമാണ് സുജൂദ്, അതുകൊണ്ട് നി

ങൾ സുജൂദിൽ പ്രാർത്ഥനകൾ അധികരിപ്പിക്കുക, അത് ഉത്തരം ലഭിച്ചേക്കാൻ കൂടുതൽ സാധ്യതയുള്ളതാണ്. എന്നും നബിവചനമുണ്ട്.

സുജൂദിൽ سُبْحَانَ رَبِّـي الأَعْلَـى (സുബ്ഹാന റബ്ബിയൽ അഅ്ലാ) "ഏററവും ഉന്നതനായ എന്റെ നാഥൻ പരിശുദ്ധനാകുന്നു" എന്ന് മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കുക. അതല്ലങ്കിൽ സുജൂദിലും റുകൂഇലും ഇങ്ങിനെയും പ്രാർത്ഥിക്കാവുന്നതാണ്.

سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْلِي (البخاري)

സുബ്ഹാനക ല്ലാഹുമ്മ റബ്ബനാ വബിഹംദിക അല്ലാഹുമ്മഗ്ഫിർലീ) "അല്ലാഹുവേ നീ പരിശുദ്ധൻ തന്നെ ഞങ്ങളുടെ നാഥാ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു, അല്ലാഹുവേ എന്റെ പാപങ്ങൾ നീ പൊറുക്കേണമേ" അതിനു ശേഷം അല്ലാഹു അക്ബർ എന്നു പറഞ്ഞ് നിവർന്ന് ഇരിക്കണം ഈ ഇരുത്തത്തിൽ വലതു കാൽ വിരലുകളുടെ പള്ള നിലത്ത് കുത്തിനിർത്തി ഇടതുകാൽ പരത്തിവെച്ച് അതിൻമേൽ ഇരുന്ന് രണ്ട് കൈകളും നിവർത്തിയ നിലയിൽ കാൽമുട്ടുകളോടചേർത്ത് തുടകളിൽ വെച്ച് ഇങ്ങിനെ പ്രാർത്ഥിക്കണം

رَبِّي اغْفِرْلِي وَارْحَمْنِي وَاجْبُرْنِي وَاهْدِنِي وَارْزُقْنِي (صحيح الترمذي ٢/٧٦ رقم : ٢٨٤)

(റബ്ബിഗ്ഫിർലീ വർഹംനീ വജ്ബുർനീ വഹ്ദിനീ വർസുഖ്നീ) (സ്വഹീഹ് തിർമിദി 2/76 നമ്പർ: 284)

"എന്റെ രക്ഷിതാവേ നീ എനിക്ക് പൊറുത്തു തരികയും എന്നോടു നീ കരുണകാണിക്കുകയും എന്റെ ന്യൂനതകൾ നീ പരിഹരിക്കുകയും എന്നെ നീ നേർവഴിയിലാക്കുകയും എനിക്ക് നീ ആഹാരം നൽകുകയും ചെയ്യേണമേ" അതിന് ശേഷം അല്ലാഹു അക്ബർ എന്ന്പറഞ്ഞ് വീണ്ടും സുജൂദ് ചെയ്യണം ഈ സുജൂദും കൂടി കഴിയുന്നതോടെ ഒരു റക്അത്ത് പൂർത്തിയായി. പിന്നീട് വീണ്ടും അല്ലാഹു അക്ബർ എന്ന് പറഞ്ഞു അടുത്ത റക്അത്തിലേക്ക് എഴുന്നേററ് നിൽക്കണം ശേഷം, ആദ്യ റക്അത്തിൽ പറഞ്ഞപോലെ ഫാതിഹയും സൂറത്തും പാരായണം ചെയ്ത്, റുകൂഉം സുജൂദുമെല്ലാം നിർവ്വഹിച്ചു കഴിഞ്ഞാൽ എഴുന്നേററ് നിൽക്കാതെ, രണ്ട് സുജൂദുകൾക്ക് ഇടയിൽ ഇരിക്കാൻ പറഞ്ഞ പ്രകാരം ഇരിക്കേണ്ടതാണ്.

(തശഹ്ഹുദ്) അത്തഹിയ്യാത്ത്

ഇടത് കൈവിരലുകൾ എല്ലാം നിവർത്തിയും വലതു കൈയിലെ ചൂണ്ടുവിരൽമാത്രം നിവർത്തിയും ബാക്കി വിരലുകൾ മടക്കിയ നിലയിലും കാൽമുട്ടുകളോടു ചേർത്തുവെച്ച് ഇരുന്ന് (തശഹ്ഹുദ്) അത്തഹിയ്യാത്ത് പാരായണം ചെയ്യണം. ഈ സന്ദർ

ഭത്തിൽ നബി(സ) തൻെറ ചൂണ്ടുവിരൽ ഉയർത്തി ചലിപ്പിക്കുന്നത് ഞാൻ കണ്ടു എന്ന് വാഇൽ(റ) പറയുന്നുണ്ട്. (അബൂദാവൂദ്) അത്തഹിയ്യാത്ത് സമയത്ത് തൻെറ വലതു ചൂണ്ടുവിരലിലേക്കായിരുന്നു നബി(സ) നോക്കിയിരുന്നതെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. "അദ്ദേഹം തളളവിരലിനടുത്ത വിരൽ കൊണ്ട് ഖിബ്ലയുടെ നേരെ ചൂണ്ടുകയും തൻെറ നോട്ടം അതിലേക്ക് ആക്കുകയും ചെയ്യുമായിരുന്നു." (മുസ്ലിം, അൽബാനിയുടെ സ്വിഫതു സ്വലാതിന്നബിയ്യി(സ) പേജ് : 185)

اَلتَّحِيَاتُ الْمُبَارَكَاتُ الصَلَوَاتُ الطَيبَاتُ لِلّهِ اَلسَلاَمُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللهِ وَبَرَكَاتُهُ السَلاَمُ عَلَيْنَا وَعَلَى عِبَادِ اللهِ الصَالِحِينْ أشْهَدُ أنْ لاَ إلَهَ إلاَّ اللهُ وَأشْهَدُ أنَّ مُحَمَدًا رَسُولُ للهِ (صحيح مسلم ١/٣٠٢ رقم الحديث : ٤٠٣)

(അത്തഹിയ്യാത്തുൽ മുബാറകാത്തു സ്വലവാത്തു ത്വയ്യിബാത്തു ലില്ലാഹി അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാതുഹു അസ്സലാമുഅലൈനാ വഅലാ ഇബാദില്ലാഹി സ്വാലിഹീൻ അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്) ഇപ്രകാരം ഖുർആനിലെ സൂറത്തുകൾ പഠിപ്പിച്ചിരുന്ന പോലെ നബി(സ) ഞങ്ങൾക്ക് അത്തഹിയ്യാത്ത് പഠിപ്പി

ച്ചു തന്നു എന്നാണ് ഇബ്നുഅബ്ബാസ് (റ) പറയുന്നത്. (മുസ്ലിം 1/302 നമ്പർ: 403)

"എല്ലാ അഭിവാദ്യങ്ങളും അനുഗ്രഹീതകർമ്മങ്ങളും, ആരാധനകളും വിശിഷ്ഠ കാര്യങ്ങളും അല്ലാഹുവിന്നാകുന്നു. പ്രവാചകൻ(സ)യുടെ മേൽ അല്ലാഹുവിന്റെ രക്ഷയും അനുഗ്രഹങ്ങളും ഉണ്ടാകുമാറാകട്ടെ!. നമുക്കും അല്ലാഹുവിന്റെ സജ്ജനങ്ങളായ മുഴുവൻ അടിമകൾക്കും രക്ഷയുണ്ടാകട്ടെ. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ലെന്ന് ഞാൻ സാക്ഷ്യംവഹിക്കുന്നു മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു".

അത്തഹിയ്യാത്തിന്റെ പദങ്ങൾ

التحيات لله والصلوات والطيبات അത്തഹിയ്യാത്തുലില്ലാഹി . .എന്നു തുടങ്ങിക്കൊണ്ടും ഹദീസുകളിൽ വന്നിട്ടുണ്ട്.

രണ്ട് റക്അത്തിനേക്കാൾ അധികമുള്ള നമസ്കാരങ്ങളിൽ വീണ്ടും അല്ലാഹു അകബ്ർ എന്ന് പറഞ്ഞ് എഴുന്നേററ് നിന്ന് അടുത്ത റക്അത്തുകളും നമസ്കരിക്കണം എന്നാൽ മൂന്നും നാലും റക്അത്തുകളിലെ നിറുത്തത്തിൽ ഫാതിഹ മാത്രമേ പാരായണം ചെയ്യേണ്ടതുള്ളൂ അതും എല്ലാ നമസ്കാര

ത്തിലും പതുക്കെമാത്രം പാരായണം ചെയ്യലാണ് നബിചര്യ.

അവസാന റക്അത്തിലെ രണ്ട് സുജൂദുകൾ ചെയ്ത ശേഷം തന്റെ വലതുകാല് വിരലുകളുടെ പള്ളയിൽകുത്തി നിറുത്തി ഇടതു കാൽ വലതു കാലിന്നടിയിലൂടെ പുറത്തേക്ക് കൊണ്ടുവന്ന് ഇരിപ്പിടം നിലത്ത്തട്ടുന്ന വിധം ഇരുന്ന് കൈകൾ രണ്ടും ആദ്യത്തെ അത്തഹിയ്യാത്തിൽ സൂചിപ്പിച്ച പോലെ വെച്ച് അത്തഹിയ്യാത്തും ശേഷം നബി(സ)യുടെ പേരിൽ സ്വലാത്തും (ഗുണത്തിനായുള്ള പ്രാർത്ഥനയും) ചൊല്ലണം. പ്രാർത്ഥനയുടെ രൂപം ഇപ്രകാരമാണ്:

اَللهُمَّ صَلِّ عَلَىَ مُحَمَدٍ وَعَلَىَ آلِ مُحَمَدٍ كَمَـا صَـلَيْتَ عَلَـىَ إبراهيم وعلى آلِ إبْرَاهِيمَ إنَّكَ حَمِيدٌ مَجِيدٌ وَبَارِكْ عَلَىَ مُحَمَدٍ وَعَلَىَ آلِ مُحَمَدٍ كَمَا بَارَكْتَ عَلَىَ إبْرَاهِيمَ وعلى آلِ إبْـرَاهِيمَ إنَّكَ حَمِيدٌ مَجِيدٌ

(അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്, വ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ് റാഹീമ ഇന്നക ഹമീദുൻ മജീദ് )

"അല്ലാഹുവേ ഇബ്റാഹീം നബി(അ)ക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ ഗുണം നൽകിയ പോലെ മുഹമ്മദ് നബി(സ)ക്കും കുടുംബത്തിനും നീ ഗുണം നൽകേണമേ തീർച്ചയായും നീ ഏററവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു, ഇബ്റാഹീം നബി(അ)ക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ അനുഗ്രഹം നൽകിയപോലെ മുഹമ്മദ് നബി(സ)ക്കും കുടുംബത്തിനും നീ അനുഗ്രഹം നൽകേണമേ തീർച്ചയായും നീ ഏററവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു". പിന്നീട് ഇഷ്ടമുള്ള പ്രാർത്ഥനകൾ ചൊല്ലാവുന്നതാണ്. എന്നാൽ നബി(സ) നാല് കാര്യങ്ങളിൽനിന്നും രക്ഷ തേടിക്കൊണ്ട് പ്രാർത്ഥിക്കുകയും മററുള്ളവരോട് പ്രാർത്ഥിവാൻ പ്രത്യേകം നിർദ്ദേശിച്ചതായും ഹദീസിൽ വന്നിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്:

اَللهُمَ إنِّي أعُوذُ بِكَ مِنْ عَذَابِ جَهَنَّمْ وَمِنْ عَذَابِ الْقَبْرِ وَمِنْ فِتْنَةِ الْمَحْيا وَالْمَمَاتِ وَمِنْ فِتْنَةِ الْمَسِيحِ الدَّجَالِ (متفق عليه)

(അല്ലാഹുമ്മ ഇന്നീ അഊദുബിക മിൻ അദാബി ജഹന്നം വമിൻ അദാബിൽ ഖബ്രി വമിൻ ഫിത്നത്തിൽ മഹ്യാ വൽ മമാതി വമിൻ ഫിത്നതിൽ മസീഹിദ്ദജ്ജാൽ )

"അല്ലാഹുവേ നരകശിക്ഷയിൽ നിന്നും, ഖബർ ശിക്ഷയിൽ നിന്നും, ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽ നിന്നും, മസീഹുദ്ദജ്ജാലിൻെറ പരീക്ഷണങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു" ഇതല്ലാത്ത പ്രാർത്ഥനകളും ഇതോടൊപ്പം ചൊല്ലാവുന്നതാണ്. മേൽ പറഞ്ഞവയെല്ലാം ക്രമപ്രകാരവും ശാന്തതയോടെയും നിർവഹിക്കൽ നമസ്കാരത്തിൻെറ സ്വീകാര്യതക്ക് അനിവാര്യമാണ്.

സലാംവീട്ടൽ: ശേഷം നമസ്കാരത്തിൽ നിന്ന് വിരമിക്കുന്ന കർമ്മമാണ് ബാക്കിയുള്ളത്.

اَلسَّلَامُ عَلَيْكُمْ وَرَحْمَةُ الله (അസ്സലാമുഅലൈക്കും വറഹ്മതുല്ലാഹ്) എന്ന് സലാം പറഞ്ഞു കൊണ്ട് ആദ്യം വലത് ഭാഗത്തേക്കും ശേഷം ഇടതു ഭാഗത്തേക്കും മുഖംതിരിക്കുന്നതോടെ നമസ്കാരം അവസാനിച്ചു.

മേൽ പറയപ്പെട്ട കർമ്മങ്ങൾ ക്രമപ്രകാരവും സാവധാനത്തിലും തുടർച്ചയായും നിർവ്വഹിക്കൽ നമസ്കാരത്തിൻെറ സ്വീകാര്യതക്ക് അത്യാവശ്യമാണ്.

## നാല്

# ദിക്റുകളും ദുആകളും

നമസ്കാരത്തിന് ശേഷം ഓരോരുത്തരും ദിക്റും ദുആയും നിർവ്വഹിക്കൽ പുണ്യകരമാണ്. പ്രാർത്ഥ കൾക്ക് ഉത്തരം ലഭിക്കാൻ അർഹമായ സമയങ്ങ ളിൽ പെട്ടതാണ് നിർബന്ധ നമസ്കാരങ്ങൾക്ക് ശേ ഷമുള്ള സമയം. (അൽബാനിയുടെ സ്വഹീഹുത്തിർ മിദി, സ്വഹീഹു ത്തർഗീബ് വത്തർഹീബ് 2/ഹദീസ് നമ്പർ: 1648) ജമാഅത്തായുള്ള നമസ്കാരശേഷ വും ഒററക്ക് തന്നെയാണ് പ്രാർത്ഥിക്കേണ്ടത്.

നമസ്കാരം കഴിഞ്ഞ ഉടനെ അല്ലാഹു അക്ബർ എന്ന് പറഞ്ഞ്, ശേഷം أَسْتَغْفِرُ الله അസ് തഗ്ഫിറു ല്ലാ (അല്ലാഹുവേ ഞാൻ നിന്നോട് പാപമോചനം തേടുന്നു) എന്ന് മൂന്ന് പ്രാവശ്യം പറയുക. പിന്നീട്

اَللَّهُمَّ أَنْتَ السَّلَامْ وَمِنْكَ السَّلَامْ تَبَارَكْتَ يَاذَا الْجَلَالِ وَالإِكْرَامْ

(അല്ലാഹുമ്മ അൻതസ്സലാം വമിൻകസ്സലാം തബാ റക്ത യാദൽജലാലി വൽഇക്റാം)

"അല്ലാഹുവേ നീയാണ് രക്ഷകൻ, നിന്നിൽ നിന്നാ ണ് രക്ഷ, ഉൽകൃഷ്ടനും ഉന്നതനുമായ നീ അനു ഗ്രഹീതൻ തന്നെ" എന്നു പറയുക. തുടർന്ന്:

لا إله إلا الله وَحْدَهُ لا شَرِيكَ لَهُ، لَهُ المُلْكُ وَلَهُ الحَمْدُ وَهُـوَ عَلَى كُلِّ شَيْءٍ قَدِير،

ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ

"അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ് അധികാരവും സ്തോത്രവും അവന്ന് തന്നെ. അവൻ എല്ലാററിനും കഴിവുളളവനാകുന്നു."

اللَّهُمَّ لا مَانِعَ لِمَا أعْطَيْتَ وَلا مُعْطِيَ لِمَا مَنَعْتَ وَلا يَنْفَـعُ ذَا الجَدِ مِنْكَ الجَدّ

അല്ലാഹുമ്മ ലാ മാനിഅ ലിമാ അഅ്ത്വയ്ത വലാ മുഅ്ത്വിയ ലിമാ മനഅ്ത വലാ യൻഫഉ ദൽജദ്ദി മിൻകൽ ജദ്ദ്

"അല്ലാഹുവേ നീ നൽകിയാൽ തടുക്കാനാരുമില്ല നീ തടഞ്ഞു വെച്ചാൽ വാങ്ങിത്തരാനും ആരുമില്ല കഴിവുളളവരുടെ കഴിവുകൾ നിൻെറയടുക്കൽ പ്രയോജനപ്പെടുകയുമില്ല "

لا حَوْلَ وَلا قُوَّةَ إلا بِاللهِ

ലാ ഹൗല വലാ ഖുവ്വത ഇല്ലാബില്ലാ "യാതൊരു വിധ കഴിവും ശക്തിയും അല്ലാഹുവിനെക്കൊണ്ടല്ലാതെയില്ല "

لا إله إلا الله ولا نعبد إلا إياه ، له النعمة وله الفضل وله الثناء الحسن لاإله إلاالله مخلصين له الدين ولو كره الكافرون

ലാ ഇലാഹ ഇല്ലല്ലാഹു വലാ നഅ്ബുദു ഇല്ലാ ഇയ്യാഹു, ലഹു ന്നിഅ്അതു വലഹുൽ ഫള്ലു, വലഹുസ്സനാഉൽ ഹസൻ, ലാ ഇലാഹ ഇല്ലല്ലാഹു മുഖ്ലിസീന ലഹുദ്ദീൻ വലൗ കരിഹൽ കാഫിറൂൻ

"അല്ലാഹുവല്ലാതെ ആരാധ്യനില്ല നാം അവനെയല്ലാതെ ആരാധിക്കുകയില്ല അവനാകുന്നു അനുഗ്രഹവും ശ്രേഷ്ഠതയും, ഉത്തമമായ കീർത്തനവും അവന്നു തന്നെ. അല്ലാഹുവല്ലാതെ ആരാധ്യനില്ല നാം അവന്ന് നിഷ്കളങ്കമായി കീഴ്പ്പെടുന്നു അവിശ്വാസികൾ അത് വെറുത്താലും ശരി" പിന്നീട് سبحان الله . الحمد لله . الله أكبر (സുബ്ഹാനല്ല, അൽഹംദുലില്ല. അല്ലാഹു അക്ബർ) എന്നിവ ഓരോന്നും മുപ്പത്തിമൂന്ന് പ്രാവശ്യം പറയുക തുടർന്ന് നൂറ് തികക്കുവാനായി

لاإله إلاالله وحده لا شريك له، له الملك وله الحمد وهو علي كل شيء قدير

ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ

“അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കാരില്ലാത്തവനുമാണ് എല്ലാ അധികാരവും സ്തോത്രവും അവന്ന് തന്നെ അവൻ എല്ലാററിനും കഴിവുള്ളവനാകുന്നു” എന്നും പറയുക. അപ്രകാരം തന്നെ ‘ആയത്തുൽ കുർസി (സൂറത്തുൽ ബഖറയിലെ 255ാം വചനം) ഖുൽഹുവല്ലാഹു അഹദ്, ഖുൽഅഊദു ബി റബ്ബിൽഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ് എന്നീ സൂറത്തുകൾ എല്ലാ നമസ്കാരശേഷവും, സുബ്ഹി, മഗ്രിബ് എന്നീ നമസ് കാരങ്ങൾക്ക് ശേഷം മുകളിൽ പറഞ്ഞ സൂറത്തുകൾ മൂന്ന് പ്രാവശ്യം വീതവും പാരായണം ചെയ്ത്, താഴെ പറയുന്നത് പത്ത് പ്രാവശ്യം ചൊല്ലുക.

لاإله إلاالله وَحْدَهُ لا شَرِيكَ لَهُ ، لَهُ المُلْكُ وَلَهُ الحَمْـدُ يُحْيِـي وَ يُمِيتُ وَهُوَ عَلَيَ كُلِ شَيْءٍ قَدِير

(ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്യീ വ യുമീതു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ)
“അല്ലാഹു അവനല്ലാതെ ആരാധ്യനില്ല അവൻ ഏകനും പങ്കാരില്ലാത്തവനുമാണ് എല്ലാ അധികാരവും സ്തോത്രവും അവന്ന് തന്നെ, അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ അവൻ എല്ലാററിനും കഴിവുള്ളവനാകുന്നു”

സുബഹിക്ക് ശേഷം മാത്രമായി ഇങ്ങിനെയും പ്രാർത്ഥിക്കുക:

اللهُمَّ إنِّي أسْألُكَ عِلمًا نَافِعًا وَرِزْقًا طَيِّبًا وَعَمَلاً مُتَقَبَّلاً
(صحيح ابن ماجة ١/٢٩٨ رقم : ٩٢٥)

(അല്ലാഹുമ്മ ഇന്നീ അസ്അലുക ഇൽമൻ നാഫിഅൻ വരിസ്ഖൻ ത്വയ്യിബൻ വ അമലൻ മുതഖബ്ബലൻ) "അല്ലാഹുവേ പ്രയോജനപ്രദമായ വിജ്ഞാനവും, വിശിഷ്ഠമായ ഉപജീവനവും, സ്വീകാര്യപ്രദമായ പ്രവർത്തനങ്ങളും ഞാൻ നിന്നോട് ചോദിക്കുന്നു." (അൽബാനി സ്വഹീഹ് ഇബ്നുമാജ 1/152)

മേൽ പറഞ്ഞവയെല്ലാം വിവിധ ഹദീസുകളിലൂടെ സ്ഥിരപ്പെട്ടവയാണ്. എന്നാൽ ഇവയൊന്നും നിർബന്ധമല്ല. മേൽ പറയപ്പെട്ട ദിക്റുകൾക്ക് ശേഷം ഓരോരുത്തർക്കും ആവശ്യമുള്ള കാര്യങ്ങൾ തനിക്കറിയാവുന്ന ഭാഷയിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കാവുന്ന താണ്.

നമസ്കാരശേഷം ഇമാം ഉറക്കെ പ്രാർത്ഥിക്കുകയും മഅ്മൂമുകൾ ആമീൻ പറയുകയും ചെയ്യുന്ന സമ്പ്രദായം ബിദ്അത്തും (അനാചാരം) നബിചര്യക്ക് വിരുദ്ധവുമാണ്.

## അഞ്ച്
# ജമാഅത്ത് നമസ്കാരം

നമസ്കാരം ജമാഅത്തായി (സംഘമായി)ട്ടായിരിക്കണം നിർവ്വഹിക്കേണ്ടത്. മററു മുസ്ലിംകളോടൊഷം സംഘമായി നമസ്കാരം നിർവ്വഹിക്കുവാനാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. ഖുർആൻ പറയുന്നത് കാണുക:

﴿ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱرْكَعُوا۟ مَعَ ٱلرَّٰكِعِينَ ﴾ (سورة البقرة : ٤٣)

"നിങ്ങൾ നമസ്കാരം നിർവ്വഹിക്കുകയും സക്കാത്ത് നൽകുകയു ചെയ്യുക. റുകൂഅ് ചെയ്യുന്നവരോടൊഷം നിങ്ങൾ റുകൂഅ് ചെയ്യുക."(ബഖറ: 43)

ഇവിടെ നിങ്ങൾ നമസ്കാരം നിർവ്വഹിക്കുക (അഖീമുസ്വലാത്ത) എന്ന് പറഞ്ഞതിന്ന് ശേഷം റുകൂഅ് ചെയ്യുന്നവരോടൊഷം റുകൂഅ് ചെയ്യുക (വർകഊമഅർറാകിഈൻ) എന്ന് വീണ്ടും പറഞ്ഞതിൽ നിന്നും നമസ്കാരം ജമാഅത്തായിട്ടാണ് നമസ്കരിക്കേണ്ടത് എന്നകൽപനയാണ് കാണാൻ കഴിയുക. അതുപോലെ ഇസ്ലാമിൻെറ സംരക്ഷണത്തി

നുവേണ്ടി യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽപോലും ജമാഅത്തായിക്കൊണ്ട് തന്നെയായിരിക്കണം നമസ്കാരം നിർവ്വഹിക്കേണ്ടത് എന്ന് അല്ലാഹു പ്രത്യേകംപറഞ്ഞതായും ഖുർആനിൽ നമുക്ക് കാണാവുന്നതാണ്;

﴿ وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ ٱلصَّلَوٰةَ فَلْتَقُمْ طَآئِفَةٌ مِّنْهُم مَّعَكَ وَلْيَأْخُذُوٓا۟ أَسْلِحَتَهُمْ فَإِذَا سَجَدُوا۟ فَلْيَكُونُوا۟ مِن وَرَآئِكُمْ وَلْتَأْتِ طَآئِفَةٌ أُخْرَىٰ لَمْ يُصَلُّوا۟ فَلْيُصَلُّوا۟ مَعَكَ.. ﴾ (سورة النساء : ١٠٢)

"(നബിയേ), താങ്കൾ അവരുടെകൂട്ടത്തിൽ ഉണ്ടായിരിക്കുകയും, അവർക്ക്നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവ്വഹിക്കുക യുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിങ്ങളുടെ കൂടെ നിൽക്കട്ടെ അവർ അവരുടെ ആയുധങ്ങൾ എടുക്കുകയും ചെയ്തുകൊള്ളട്ടെ. അങ്ങിനെഅവർ സുജൂദ് ചെയ്തു കഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിലേക്ക് മാറി നിൽക്കുകയും, നമസ്കരിച്ചിട്ടില്ലാത്ത വിഭാഗം താ

കളുടെ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ...." (സൂറ: നിസാഅ് 102)

യുദ്ധം നടക്കുമ്പോൾ നിങ്ങൾക്ക് കഴിയുന്ന വിധത്തിൽ സൗകര്യപ്പെടുന്നിടത്ത്പോയി നമസ്കരിക്കണം എന്നല്ലപറഞ്ഞത്, മറിച്ച് ജമാഅത്തായി തന്നെ നിർവ്വഹിക്കണം എന്നാണ് കൽപന. എങ്കിൽ പിന്നെ യുദ്ധാവസരമല്ലാത്ത, നിർഭയഘട്ടത്തിൽ എങ്ങിനെ ജമാഅത്തിന് ഇളവുലഭിക്കും !?

അത്കൊണ്ട് ശറഇയായ കാരണമില്ലാത്ത മററു സമയങ്ങളിലെല്ലാം ജമാഅത്തായി നമസ്കരിക്കൽ നിർബന്ധമാണ്.

നബി(ﷺ) പറയുന്നു:

مَنْ سَمِعَ النِدَاءَ فَلَمْ يأته فلا صَلاَةَ لَهُ إلاَّ مِنْ عُذْر (صحيح ابن ماجه ١/٢٦٠ رقم: ٧٩٣)

"ആരെങ്കിലും ബാങ്ക്കേൾക്കുകയും എന്നിട്ട് കാരണം കൂടാതെ, അതിന് ഉത്തരം നൽകാതിരിക്കുകയുമാണെങ്കിൽ (ജമാഅത്തിന് എത്തിയിട്ടില്ലെങ്കിൽ) അവന് നമസ്കാരമില്ല." (അൽബാനി ഇബ്നുമാജ 1/260)

മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു സംഭവം കാണുക: അന്ധനായ സ്വഹാബി, അബ്ദുല്ലാഹിബ്നു ഉ

മ്മിമക്തൂം നബി(സ)യുടെ അടുത്ത് വന്ന് ഇപ്രകാരം പറഞ്ഞു, "പ്രവാചകരേ എന്നെ പള്ളിയിലേക്ക് കൈ പിടിച്ചു കൊണ്ടുവരാൻ ആരുമില്ല. വഴിയാണെങ്കിൽ ദുർഘടവുമാണ്. അത്കൊണ്ട് എനിക്ക് വീട്ടിൽവെച്ച് നമസ്കരിക്കാൻ ഇളവ് തന്നു കൂടെ. നബി ആദ്യം അദ്ദേഹത്തിന് ഇളവു നൽകിയെങ്കിലും ഉടനെ തിരിച്ചുവിളിച്ചു അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു നിങ്ങൾ ബാങ്ക് കേൾക്കാറുണ്ടോ ? അദ്ദേഹം അതെയെന്ന് മറുപടി പറഞ്ഞപ്പോൾ, എന്നാൽ താങ്കൾ അതിന് ഉത്തരം നൽകുക തന്നെ ചെയ്യണം എന്ന് പറഞ്ഞു. " (മുസ്ലിം)

നോക്കൂ സഹോദരാ..! കണ്ണുകാണാൻ കഴിയാത്ത മനുഷ്യൻ, വീട് വളരെ അകലെ, വഴിയാണെങ്കിൽ ദുർഘടംപിടിച്ചത്, പള്ളിയിലേക്ക് കൊണ്ടുവരാൻ ആരുമില്ല. എന്നിട്ടും ജമാഅത്ത്ഒഴിവാക്കി വീട്ടിൽ വെച്ച് നമസ്കരിക്കാൻ യാതൊരിളവും പ്രവാചകൻ നൽകിയില്ല.! എങ്കിൽ കണ്ണുള്ള, ആരോഗ്യമുള്ള, വീടിന്നടുത്ത് പള്ളിയും സുരക്ഷിതമായവഴികളും വേണമെങ്കിൽ സ്വന്തമായി വാഹനവുമുള്ള നമുക്കൊക്കെ എങ്ങിനെ ഇളവു ലഭിക്കും?. പള്ളിയിലെ ജമാഅത്തിൽ പങ്കെടുക്കാതിരിക്കാൻ എന്ത് കാരണമാണ് നമുക്കൊക്കെയുള്ളത് ?

അത്കൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ എടുത്ത്കളയാനും കഴിവുള്ളവനാണ് അവൻ എന്നകാര്യം മറക്കാതിരിക്കുക. അവന്റെ ശിക്ഷയെ നാം ഭയപ്പെടുക. അല്ലാഹുവിന്റെ കൽപനകൾ ധിക്കരിക്കുന്നവർക്ക് എങ്ങിനെ അവനിൽ നിന്നും സമാധാനം ലഭിക്കും?

എത്രയോ ഔദാര്യനുഗ്രഹങ്ങൾ ചെയ്തുതന്ന നമ്മുടെ നാഥനെ നമുക്കെങ്ങിനെ വഞ്ചിക്കാൻ കഴിയും !?. എവിടെ നമ്മുടെ ഈമാൻ? ആർക്ക് കീഴ്പ്പെട്ടാണ് നാം ജീവിക്കുന്നത്? ഏത് മതത്തെയാണ് നാം ഉൾക്കൊണ്ടിരിക്കുന്നത്? ദുനിയാവിനേയും അതിലെ ചപ്പുചവറുകളേയുമാണോ നാം ഇഷ്ടപ്പെടുന്നത് ? അല്ലാഹുവിനെഭയപ്പെടുക. നാം പള്ളിയിൽവെച്ച് ജമാഅത്തായിക്കൊണ്ട് നമസ്കാരം നിർവ്വഹിക്കുക. അല്ലാഹു നമുക്കു ചെയ്തുതന്നിട്ടുള്ള ആരോഗ്യം, സുഖം, ഉന്മേഷം എന്നിവയെക്കുറിച്ച് ചിന്തിക്കുക. അവനോട് നന്ദികാണിക്കുക. നമ്മുടെ പ്രായമുണ്ടായിരുന്ന നമ്മുടെ കൂട്ടുകാരിലും ബന്ധുക്കളിലുംപെട്ട പലരും ഇന്ന് ഖബറിലാണെന്ന കാര്യം നാം ഓർക്കുക. അവർ സ്നേഹിച്ചിരുന്ന കൂട്ടുകാരേയും കുടുംബത്തേയുമെല്ലാം വിട്ടുപിരിഞ്ഞ്, താൻ സ്നേഹിച്ചിരുന്ന ദുനിയാവിനേയും അതി

ലെ എല്ലാ സുഖങ്ങളേയും വെടിഞ്ഞ്, തന്റെ ജീവിതത്തിലെ നമസ്കാരത്തേയും തനിക്ക് കിട്ടിയ സമയത്തേയുമെല്ലാം പററി ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാകാം. ഒരുപക്ഷേ, എനിക്കൊന്നുകൂടി ദുനിയാവിലേക്ക് മടങ്ങാൻ കഴിഞ്ഞാൽ ഞാൻ നഷ്ടപ്പെടുത്തിയ നമസ്കാരങ്ങൾ എനിക്ക് മടക്കി നമസ്കരിക്കാമായിരുന്നു. എന്നവൻ വിലപിച്ചുനോക്കുന്നുണ്ടായിരിക്കാം.! പക്ഷേ അതിനുള്ള അവസരം മരണത്തിനു മുമ്പ് കഴിഞ്ഞു പോയി. നാമും മരിക്കുമെന്നുള്ളതും, മരണത്തിനുമുമ്പായി ലഭിക്കുന്ന ഓരോ സെക്കൻറും എങ്ങിനെയൊക്കെ കഴിച്ചുകൂട്ടിയെന്ന് ചോദിക്കുമെന്നുള്ളതും മറക്കാതിരിക്കുക.

നാം ഒന്ന് ഓർത്തുനോക്കൂ, നമ്മുടെ കൂട്ടുകാരിൽ പലരുമിന്ന് അനങ്ങാൻപോലും കഴിയാത്ത രോഗത്താൽ ഹോസ്പിററലിലും മററുമായി കഴിഞ്ഞു കൂടുന്നു.!? അവർ ബാങ്ക് കേൾക്കുമ്പോൾ നമസ്കരിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ട് ! എന്നാൽ ഇന്നവർക്ക് നമസ്കാരം ആംഗ്യം കാണിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ്. നാം ഇന്ന് ആരോഗ്യവാനാണ്. എന്നിട്ടും അല്ലാഹുവിന്റെ കൽപനകൾ ധിക്കരിക്കുകയാണ് എങ്കിൽ എത്ര നന്ദികെട്ടവനായിരിക്കും നാം, എന്നൊന്ന് ഓർത്തു നോക്കൂ.

ഈ ഒരവസ്ഥ എന്നും കിട്ടിക്കൊള്ളണമെന്നില്ല. നമുക്ക് കണക്കാക്കിയിട്ടുള്ള ആയുസ്സ് എത്രയാണെന്ന് അറിഞ്ഞുകൂടാ. അതുകൊണ്ട് കുറച്ചു കൂടി കാലം കഴിഞ്ഞിട്ടാകാം എന്ന ചിന്തക്കും സ്ഥാനമില്ല. ഇപ്പോൾതന്നെ ഒരു തീരുമാനമെടുക്കുക. അല്ലാഹുവിൻെറ കൽപനകൾ അനുസരിക്കാൻ, നമസ്കാരത്തിൻെറകാര്യം കഴിവതും ജമാഅത്തായിട്ടുതന്നെ നിർവ്വഹിക്കാൻ. ഒരു പക്ഷെ, അടുത്ത ദിവസം തന്നെ, നാം പ്രാധാന്യത്തോടെ കാണുന്ന എല്ലാ വിധ സുഖസൗകര്യങ്ങളെയും സുഹൃത്തുക്കളെയുമെല്ലാം വിട്ട് ഇരുട്ട്മൂടിയ, ഇടുങ്ങിയ, ഭയാനകമായ ഖബറിൽ എത്തിപ്പെട്ടാൽ.... പടച്ചവൻെറ ചോദ്യങ്ങൾക്ക് കൃത്യമായി സമാധാനത്തോടെ മറുപടിപറയാൻ, നമ്മുടെ ഖബറും തുടർന്നുള്ള ജീവിതവും സ്വർഗ്ഗത്തോപ്പാക്കി മാററാൻ ഇന്ന് തന്നെ, ഇപ്പോൾ തന്നെ ഒരുങ്ങുക.

ജമാഅത്തായുള്ള നമസ്കാരത്തിൻെറ പ്രതിഫലം ഒററക്ക് നമസ്കരിക്കുന്നതിനേക്കാൾ എത്രയോ മഹത്തരമാണെന്ന് അറിയുക.

നബി(സ) പറയുന്നത് കാണുക:

صَلاةُ الْجَمَاعَةِ تفضل صَلاةَ الْفَذِّ بِسَبْعٍ وَعِشْرِينَ دَرَجَةً

(متفق عليه)

"ജമാഅത്തായുള്ള നമസ്കാരം ഒററക്കുള്ള നമസ്കാരത്തേക്കാൾ ഇരുപത്തേഴ് ഇരട്ടി ശ്രേഷ്ഠതയുള്ളതാണ്. " (മുത്തഫഖുൻ അലൈഹി)

## ജമാഅത്തിൽ നിന്ന് പിന്തിനിൽക്കുന്നവൻ മുനാഫിഖ് !

കാരണം കൂടാതെ ജമാഅത്തിൽ നിന്നും പിന്തിനിൽക്കുന്നവൻ മുനാഫിഖാണെന്നാണ് നബി(സ)യുടെ സ്വഹാബികൾ പഠിപ്പിക്കുന്നത്. പ്രമുഖ സ്വഹാബിയായ അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറയുന്നത് ഇപ്രകാരമാണ്:

مَنْ سَرَّهُ أنْ يَلْقَى اللهُ عَزَّ وَجَلَّ غَدًا مُسْلِمًا فَلْيُحَافِظْ عَلَى هَؤُلاءِ الصَّلَوَاتِ الْخَمْسَ حَيْثُ يُنَادَي بِهِنَّ فَإِنَّ اللهَ عَزَّوَجَلَّ شَرَعَ لِنَبِيِّهِ صلى الله عليه وسلم سَنَنَ الْهُدَى وَإِنَّهُنَّ مِنْ سَنَنِ الْهُدَى وإِنِّي لاَ أحْسَبُ مِنْكُمْ أحَدًا إلاَّ لَهُ مَسْجِدٌ يُصَلِّي فِيهِ فِي بَيْتِهِ فَلَوْ صَلَّيْتُمْ فِي بُيُوتِكُمْ وَتَرَكْتُمْ مَسَاجِدَكُمْ لَتَرَكْتُمْ سُنَّةَ نَبِيِّكُمْ وَلَوْ تَرَكْتُمْ سُنَّةَ نَبِيِّكُمْ لَضَلَلْتُمْ وَمَا مِنْ عَبْدٍ مُسْلِمٍ يَتَوَضَّأُ فَيُحْسِنُ الْوُضُوءَ ثُمَّ يَمْشِي إلَى صَلاَةٍ إلاَّ كَتَبَ اللهُ عَزَّ وَجَلَّ لَهُ بِكُلِّ خُطْوَةٍ يَخْطُوهَا حَسَنَةً أوْ يَرْفَعُ لَهُ بِهَا دَرَجَةً أوْ يُكَفِّرُ عَنْهُ بِهَا خَطِيئَةً وَلَقَدْ رَأيْتُنَا نُقَارِبُ بَيْنَ الْخُطَا وَلَقَدْ رَأيْتُنَا وما يَتَخَلَّفُ عَنْهَا إلاَّ مُنَافِقٌ مَعْلُومٌ نِفَاقُهُ (صحيح مسلم ١/٤٥٣ رقم : ٦٥٤)

"ആരെങ്കിലും നാളെ മുസ്ലിമായിക്കൊണ്ട് അല്ലാഹുവിനെ കണ്ടുമുട്ടണമെന്നാഗ്രഹിക്കുന്നുവെങ്കിൽ അവൻ അഞ്ച് സമയങ്ങളിലെ നമസ്കാരങ്ങൾ അതിന് വിളിക്കുന്നിടത്ത് ചെന്ന് നിർവ്വഹിക്കൽ പതിവാക്കട്ടെ. നിശ്ചയം അല്ലാഹു തന്റെ പ്രവാചകനിലൂടെ സന്മാർഗ്ഗചര്യകൾ നിശ്ചയിച്ചിട്ടുണ്ട്, അവ (അഞ്ച് സമയങ്ങളിലെ നമസ്കാരങ്ങൾ) സന്മാർഗ്ഗ ചര്യകളിൽ പെട്ടതാണ്. നിങ്ങൾ നിങ്ങളുടെ വീടുകളിൽ വെച്ചായിരിക്കും നമസ്കരിക്കുന്നത് എന്ന് ഞാൻ കരുതുന്നില്ല. നിങ്ങൾ നിങ്ങളുടെ വീടുകളിൽ വെച്ച് നമസ്കരിക്കുകയും നിങ്ങളുടെ പള്ളികളെ നിങ്ങൾ ഉപേക്ഷിക്കുകയും ചെയ്താൽ നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെ ചര്യയായിരിക്കും ഉപേക്ഷിക്കുന്നത്. നിങ്ങൾ പ്രവാചകചര്യ ഉപേക്ഷിക്കുന്ന പക്ഷം നിങ്ങൾ വഴിപിഴച്ചതു തന്നെ. ഏതൊരു ദാസനാണോ നല്ല നിലയിൽ വുളു നിർവ്വഹിച്ച് നമസ്കാരത്തിനായി നടന്നുപോകുന്നത്, അല്ലാഹു അവന് അവന്റെ ഓരോ കാൽവെപ്പിലൂടെയും നന്മ രേഖപ്പെടുത്തുകയോ അവന്റെ പദവി ഉയർത്തുകയോ അതല്ലെങ്കിൽ അവന്റെ പാപങ്ങൾ പൊറുക്കുകയോ ചെയ്തുകൊണ്ടല്ലാതെ ഉണ്ടയിത്തീരുന്നില്ല. ഞങ്ങൾ അതിനാൽ കാലുകൾ അടുത്തടുത്ത് വെക്കുമായിരുന്നു. ഞങ്ങൾ മനസ്സിലാക്കിയിട്ടുളളത് ജമാഅത്ത് നമസ്കാരത്തിൽ നിന്നും

പിന്തിനിൽ ക്കുന്നവൻ വ്യക്തമായ നിലക്ക് നിഫാഖ് (കാപട്യം) പ്രകടമായവൻ മാത്രമാണെന്നാണ്." (മുസ്ലിം 1/453 നമ്പർ: 654)

ജമാഅത്ത് നമസ്കാരത്തിന് കണിഷത കാണിക്കൽ കാപട്യത്തിനിന്നുള്ള സുരക്ഷയായും നബി(സ) പഠിപ്പിച്ചതായി കാണാം.

مَنْ صَلَّى لِلَّهِ أَرْبَعِينَ يَوْمًا فِي جَمَاعَةٍ يُـدْرِكُ التَّكْبِيـرَةَ الأولَى كُتِبَتْ لَهُ بَرَاءَتَانِ بَرَاءَةٌ مِنَ النَّارِ وَبَـرَاءَةٌ مِـنَ النِّفَاقِ (ألباني سلسلة الصحيحة ٦/٣١٤ رقم : ٢٦٥٢)

"ആരെങ്കിലും അല്ലാഹുവിന് വേണ്ടി നാൽപത് ദിവസം ഒന്നാമത്തെ തക്ബീർ കിട്ടത്തക്ക വിധം ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുത്താൽ അവന് രണ്ട് നിലക്കുള്ള സുരക്ഷ ലഭിക്കുന്നതാണ്. നരകത്തിൽ നിന്നുള്ള സുരക്ഷയും കാപട്യത്തിൽ നിന്നുള്ള സുരക്ഷയുമാണത്." (അൽബാനിയുടെ സിൽസിലതുസ്വഹീഹ: 6/314 നമ്പർ: 2652)

## തോന്നുമ്പോഴുള്ള നമസ്കാരം !?

ജമാഅത്തായി നമസ്കാരം പതിവാക്കാത്തവൻ പലപ്പോഴും കൃത്യനിഷ്ഠയില്ലാതെ തോന്നുമ്പോൾ നമസ്കരിക്കുന്നവനായിരിക്കും. നമസ്കാരം സമയം തെററിച്ചുകൊണ്ട് നിർവ്വഹിക്കൽ ഒരിക്കലും അനുവദനീയമല്ല. അത്തരം നമസ്കാരം സ്വീകരിക്കപ്പെടു

മോ എന്ന കാര്യംപോലും സംശയമാണ്. കാരണം നമസ്കാരം സമയബന്ധിതമായാണ് നിർബന്ധ മാക്കിയിട്ടുള്ളത് എന്ന കാര്യം അല്ലാഹു അറിയിച്ചി ട്ടുള്ളതാണ്. നമസ്കാരം നഷ്ടപ്പെടുത്തുന്നവൻ കാഫിറാണ്. സമയം തെററിച്ചു നമസ്കരിക്കുന്നവ ൻ അത് പാഴാക്കുന്നവനുമാണ്.

﴿ فَخَلَفَ مِنۢ بَعْدِهِمْ خَلْفٌ أَضَاعُوا۟ ٱلصَّلَوٰةَ وَٱتَّبَعُوا۟ ٱلشَّهَوَٰتِ ۖ فَسَوْفَ يَلْقَوْنَ غَيًّا ﴾ (سورة مريم : ٥٩)

"എന്നിട്ട് അവർക്കു ശേഷം അവരുടെ സ്ഥാനത്ത് മറെറാരു തലമുറ വന്നു. അവർ നമസ്കാരം പാഴാ ക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം അവർ കഠിനമായചൂടുള്ള നരകം ക ണ്ടുമുട്ടുക തന്നെ ചെയ്യും." (മറിയം 59). ഈ ആയ ത്തിലെ *അള്വാഉ സ്വലാത്ത* എന്നത്കൊണ്ടുള്ള വിവ ക്ഷ, സുബ്ഹി സൂര്യോദയത്തിനു ശേഷവും അ സ്വർ അസ്തമയത്തിനു ശേഷവും മററും സമയം തെററി നമസ്കരിക്കലാണ് എന്നാണ് ഇബ്നു മസ് ഊദ് (റ)വിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കു ന്നത്.

"ബോധപൂർവ്വം ഒരു നമസ്കാരം സമയം തെററു ന്നത്വരെ ഉപേക്ഷിച്ചാൽ അവൻ കാഫിറാണ്." എന്ന അഭിപ്രായമാണ് പ്രമുഖ സ്വഹാബികളായ ഉമർ, അബൂഹുറൈറ, അബ്ദുർ റഹ്മാനുബ്നു ഔഫ്, മുആദ്ബ്നു ജബൽ(റ) എന്നിവരുടെ അഭിപ്രായമായി അബൂ മുഹമ്മദ് ബ്നുഹസ്മ് (റ) രേഖപ്പെടുത്തിയിട്ടുള്ളത്.

ശൈഖ് ഇബ്നുബാസ് (റ) അവർകളോട് ജോലി സമയം കണക്കാക്കി അലാറം തിരിച്ചു വെച്ച്, എഴുന്നേൽക്കുമ്പോൾ മാത്രം (സമയം തെററിക്കൊണ്ട്) സുബ്ഹി നമസ്കരിക്കുന്നവൻെറ മതവിധി എന്താണെന്ന ചോദ്യത്തിന് അദ്ദേഹം നൽകിയ ഫത്വയിൽ ഇപ്രകാരം കാണാം: തീർച്ചയായും ബോധ പൂർവ്വം നമസ്കാരം പാഴാക്കുന്നവൻെറ വിധിയാണ് അവനുള്ളത്. അവൻ കാഫിറാണ് എന്നതിലാണ് പണ്ഡിതന്മാരിൽ അധികമാളുകളും എത്തിച്ചേർന്നിരിക്കുന്നത്. ഈ അഭിപ്രായം തന്നെയാണ് സ്വഹാബികൾക്കുമുണ്ടായിരുന്നത് എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

അല്ലാഹു പറയുന്നു:

﴿ فَوَيْلٌ لِّلْمُصَلِّينَ ﴾ ﴿ الَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴾ (سورة الماعون ٤،٥)

"നമസ്കാരത്തിൽ അശ്രദ്ധകാണിച്ചു കൊണ്ട് നമസ്കരിക്കുന്നവർക്കാണ് നാശം'' (മാഊൻ 4,5) ഇവിടെ നമസ്കാരം പറെറ ഉപേക്ഷിക്കുന്നവരല്ല മറിച്ച് സമയം തെററിച്ചുകൊണ്ട് നമസ്കരിക്കുന്നവരാണ് എന്നതാണ്. അത്തരക്കാർക്കാകട്ടെ നരകത്തിലെ ചൂടേറിയതും ആഴമുള്ളതുമായ ശിക്ഷയായിരിക്കും ലഭിക്കുക എന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുകയും ചെയ്തിരിക്കുന്നു.

പരലോകത്ത് സമയംതെററിച്ചു നമസ്കരിക്കുന്നവർക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷ അല്ലാഹു നബിക്ക് കാണിച്ചു കൊടുക്കുകയും അത് നബി(സ) നമുക്ക് ഇപ്രകാരം പറഞ്ഞു തരികയും ചെയ്തിരിക്കുന്നത് ശ്രദ്ധിക്കുക:

"ഒരുവിഭാഗം ആളുകൾക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷ എനിക്ക് അല്ലാഹു കാണിച്ചു തരികയുണ്ടായി, ഒരാൾ മലർന്ന് കിടക്കുന്നു അയാളുടെ തല മറെറാരാൾ വലിയ പാറക്കല്ല് കൊണ്ട് ചതച്ച് വികൃ

തമാക്കുന്നു ഏതാണ്ട് തല മുഴുവൻ നശിച്ചു കഴിയുമ്പോൾ അയാളുടെ കൈകളിൽ നിന്ന് കല്ല് താഴെ വീണ് ഉരുണ്ട്പോകുന്നു. അയാൾ വീണ്ടും കല്ലെടുത്ത് ആ മനുഷ്യൻെറ അടുത്തേക്ക് തന്നെ തിരിച്ചുവരുന്നു അപ്പോഴേക്കും തല പഴയ രൂപത്തിലേക്ക് തന്നെ മാറിയിരിക്കും. പിന്നേയും ഇതിങ്ങനെ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഇത് ആരാണ് ? എന്ത് കുററമാണ് ഇയാളുടേത് ? എന്ന് ചോദിച്ചപ്പോൾ പറഞ്ഞ ഒരു കാരണം :

الذي يَنَامُ عَنِ الصَلاَةِ الْمَكْتُوبَةِ (صخيح البخـــاري ١/٣٨٤ رقم الحديث : ١٠٩٢ )

ഫറള്നമസ്കാരം നിർവ്വഹിക്കാതെ കിടന്നുറങ്ങുന്ന വ്യക്തിയാണ് അയാൾ എന്നാണ്.' '(സ്വഹീഹുൽ ബുഖാരി 1/384 നമ്പർ: 1092)

നോക്കൂ.. എന്തൊരു ഭീകരമായ ശിക്ഷ ! അതൊന്ന് ഓർത്തുനോക്കൂ.. ഇന്ന് കൃത്യമായി നമസ്കരിക്കുന്നു എന്ന് കരുതുന്നവരിൽ പലരും സുബ്ഹിയും അസ്വറുമെല്ലാം നമസ്കരിക്കാതെ കിടന്നുറങ്ങുകയും ഉണരുമ്പോൾമാത്രം, എഴുന്നേററ് സമയം കഴിഞ്ഞശേഷം നമസ്കരിക്കുന്നു. എത്ര കുററകരമാണത് !?

അത്കൊണ്ട് നമസ്കാരം ഉപേക്ഷിച്ച് അശ്രദ്ധ യോടെ ജീവിക്കുന്ന സഹോദരാ, നമസ്കാര വിഷ യത്തിൽ അതർഹിക്കുന്ന ഗൗരവമില്ലാതെ തോന്നി യ പോലെ നിർവ്വഹിക്കുന്ന മനുഷ്യാ.. പശ്ചാത്തപി ക്കൂ ഇപ്പോൾ നിനക്കതിന്ന് അവസരമുണ്ട്. അതും നഷ്ടപ്പെട്ട് ഖേദിക്കേണ്ടി വരുന്നതിന് മുമ്പ്.

﴿ قَالَ رَبِّ ٱرْجِعُونِ ﴿٩٩﴾ لَعَلِّىٓ أَعْمَلُ صَٰلِحًا فِيمَا تَرَكْتُ ﴾ (سورة المؤمنون: ٩٩،١٠٠)

"നാഥാ എന്നെ അൽപനേരത്തേക്ക് ഒന്നു പിന്തി ക്കൂ. ഞാൻ ചെയ്യാതെ വിട്ടുകളഞ്ഞതെല്ലാം നിർവ്വ ഹിച്ചുകൊള്ളാം" (മുഅ്മിനൂൻ: 99.100)
എന്ന് പറയാനിടവരുന്നതിന്ന് മുമ്പ്. പക്ഷേ, അന്നേ രം എല്ലാ ചാൻസും നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കും. അത്കൊണ്ട് ചിന്തിക്കുക, എല്ലാ കവാടങ്ങളും കൊ ട്ടിയടക്കുന്നതിന്ന് മുമ്പ്, നിൻെറ മീതെ മണ്ണ് വന്നു വീഴുന്നതിന്ന് മുമ്പ് ഉണരുക. അല്ലാഹുവിനെ ഓർ ക്കുക. നമസ്കാരത്തിൻെറ കാര്യം പ്രത്യേകം ശ്ര ദ്ധിക്കുക. അല്ലാഹു നമ്മെയെല്ലാം അനുഗ്രഹിക്കു മാറാകട്ടെ. (ആമീൻ)

ആറ്

## നമസ്കരിക്കാത്തവനോടുള്ള സമീപനം

നമസ്കരിക്കാൻ ഉപദേശിച്ചിട്ടും നമസ്കരിക്കാത്തവരുമായുള്ള ജീവിതത്തെക്കുറിച്ച് സൗദി അറേബ്യയിലെ പ്രമുഖ പണ്ഡിതരിലൊരാളായിരുന്ന ബഹു: ശൈഖ് മുഹമ്മദ് ബ്നു സ്വാലിഹുൽ ഉഥൈമീൻ(റ) അവർകളോട് ചോദിച്ച ചോദ്യത്തിന് അദ്ദേഹം നൽകിയ ഫത്വ(മതവിധി) ഇവിടെ ചേർക്കുന്നു.

"തീരെ നമസ്കാരം നിർവ്വഹിക്കാത്തവനാണ് എങ്കിൽ തീർച്ചയായും അവൻ കാഫിറാണ്. അവൻ മുർതദ്ദ് (മതത്തിൽനിന്നും പുറത്തുപോയവൻ) ആയിക്കഴിഞ്ഞു. അവനോടുകൂടിയുള്ള ജീവിതം ഒരിക്കലും മുസ്ലിമിന്ന് അനുവദനീയമല്ല. എങ്കിലും അവനെ നമസ്കരിക്കാൻ തോന്നത്തക്കവിധം പ്രേരിപ്പിക്കുകയും, ക്ഷണിക്കുകയും, നിർബന്ധിക്കുകയും ചെയ്തുകൊണ്ടിരിക്കണം. നമസ്കരിക്കാത്തവൻ കാഫിറാണ് എന്നത് ഖുർആനും, ഹദീസും, സ്വഹാബികളുടെ അഭിപ്രായവും, വക്രതയില്ലാത്ത ബുദ്ധിയും മനസ്സിലാക്കിത്തരുന്ന കാര്യവുമാണ്.

ഖുർആൻ പറയുന്നു:

﴿فَإِن تَابُوا۟ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَإِخْوَٰنُكُمْ فِى ٱلدِّينِ﴾ (سورة التوبة : ١١)

"എന്നാൽ അവർ പശ്ചാത്തപിക്കുകയും, നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും, സക്കാത്ത് നൽകുകയും ചെയ്യുന്ന പക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു." (തൗബ: 11)

ഇവിടെ ആയത്തിൽ പറഞ്ഞ കാര്യങ്ങൾ നിർവ്വഹിച്ചിട്ടില്ലെങ്കിൽ അവർ നിങ്ങളുടെ സഹോദരന്മാരല്ല എന്നു തന്നെയാണ് മനസ്സിലാവുക. തെററു പ്രവർത്തിക്കുന്നവരുമായുള്ള സാഹോദര്യ ബന്ധം ഒരിക്കലും മുറിഞ്ഞു പോകുന്നില്ല. എന്നാൽ മതത്തിൽ നിന്നും പുറത്തുപോകാനിടവരുന്ന കാരണങ്ങളുണ്ടായാൽ അവരുമായുള്ള സാഹോദര്യം അതോടെ ഇല്ലാതെയാകുന്നതാണ്.

ഹദീസ് പറയുന്നു:

عن جابر بن عبدالله ﷺ يقول سَمِعْتُ رَسُولَ اللهِ صَلَّى الله عليه وسلم يَقُولُ بَيْنَ الرَّجُلِ وَبَيْنَ الشِّرْكِ وَالْكُفْرِ تَرْكُ الصَّلاَةِ (صحيح مسلم ١/٨٨ رقم الحديث :٨٢)

“ജാബിർ﵁ൽ നിന്ന്, നബിﷺ പറഞ്ഞു ഒരാളുടേയും ശിർക്കിന്റേയും കുഫ്റിന്റേയും ഇടയിലുള്ള വിവേചനം നമസ്കാരം ഉപേക്ഷിക്കലാണ്.” (സ്വഹീഹ് മുസ്‌ലിം 1/88 നമ്പർ: 82 )

عن بريدة﵁ قال قال رسول الله صلى الله عليه وسلم الْعَهْدُ الَّذِي بَيْنَنَا وَبَيْنَهُمْ الصَّلاةُ فَمَنْ تَرَكَهَا فَقَدْ كَفَرَ . رواه أحمد والترمذي صحيح مشكاة للألباني ١/رقم الحديث : ٥٧٤)

“ബുറൈദ﵁ൽ നിന്ന്, നബിﷺ പറഞ്ഞു: നമുക്കും അവർക്കുമിടയിലുള്ള കരാർ നമസ്കാരമാണ്. ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ കാഫിറായി” (അഹ്മദ്, തിർമിദി, അൽബാനിയുടെ സ്വഹീഹ് മിശ്കാത്ത് 1/നമ്പർ: 574)

“ബുറൈദ﵁ൽ നിന്ന്, നബിﷺ പറഞ്ഞു: നമുക്കും അവർക്കുമിടയിലുള്ള കരാർ നമസ്കാരമാണ്. ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ കാഫിറായി” (അഹ്മദ്, തിർമിദി, അൽബാനിയുടെ സ്വഹീഹ് മിശ്കാത്ത് 1/നമ്പർ: 574)

സ്വഹാബികളുടെ അഭിപ്രായം:

സ്വഹാബികളിൽ പ്രമുഖനായ ഉമർ(റ) പറയുന്നത് ഇപ്രകാരമാണ്, “നമസ്കരിക്കാത്തവന് ഇസ്‌ലാമി

ൽ ഒരു സ്ഥാനവുമില്ല." അബ്ദുല്ലാഹിബ്നു ശഖീഖ് (റ) പറയുന്നു, നബി(ﷺ) യുടെസ്വഹാബികൾ നമസ്കാരമല്ലാതെ മററൊരുകാര്യവും ഉപേക്ഷിച്ചാൽ കാഫിറാകുന്നതായിട്ട് അവർ മനസ്സിലാക്കിയിരുന്നില്ല.

ഒരാൾ ഒരു കടുക് മണിയോളമെങ്കിലും ഈമാനുള്ളവനും നമസ്കാരത്തിൻെറ ഗൗരവം മനസ്സിലാക്കിയിട്ടുള്ള വ്യക്തിയുമാണ് എങ്കിൽ അവൻ ഒരിക്കലും നമസ്കാരം ഉപേക്ഷിക്കുകയില്ല.

നമസ്കാരം ഉപേക്ഷിക്കുന്ന കാഫിറുകളോട് മുർതദ്ദിൻെറവിധിയാണ് ഉത്തരവാദപ്പെട്ട വർ നടപ്പാക്കേണ്ടത്.

മുർതദ്ദിനോടുള്ള വിധികൾ

1, അവന് മുസ്ലിം സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കാൻ പാടുള്ളതല്ല. അത്തരം നികാഹുകൾ ബാത്വിലാണ്. കാരണം മുസ്ലിം സ്ത്രീ ഒരിക്കലും കാഫിറിന്ന് അനുവദനീയമല്ല. ഹിജ്റയുമായി ബന്ധപ്പെട്ട് അവതരിച്ച ഖുർആൻ വചനം കാണുക:

﴿ فَإِنْ عَلِمْتُمُوهُنَّ مُؤْمِنَٰتٍ فَلَا تَرْجِعُوهُنَّ إِلَى ٱلْكُفَّارِ ۖ لَا هُنَّ حِلٌّ لَّهُمْ وَلَا هُمْ يَحِلُّونَ لَهُنَّ ﴾

(سورة: الممتحنة: ١٠)

"(അഭയാർത്ഥിനികൾ) വിശ്വാസിനികളാണെന്ന് നിങ്ങൾ അറിഞ്ഞുകഴിഞ്ഞാൽ അവരെ നിങ്ങൾ സത്യനിഷേധികളുടെ അടുത്തേക്ക് തിരിച്ചയക്കരുത്. ആ സ്ത്രീകൾ അവർക്ക് അനുവദനീയമല്ല, അവർ ആ സ്ത്രീകൾക്കും അനുവദനീയമല്ല." (മുംതഹന: 10)

2, വിവാഹശേഷമാണ് നമസ്കാരം ഉപേക്ഷിക്കുന്നത് എങ്കിൽ അതോടുകൂടെ വിവാഹബന്ധം ദുർബലപ്പെടുന്നതാണ്. അത് അവളുമായി ബന്ധപ്പെടുന്നതിനു മുമ്പായാലും ശേഷമായാലും ഒരു പോലെത്തന്നെയാണ്. എന്നതാണ് പണ്ഡിതാഭിപ്രായം.

3, അവർ അറുത്തത് മുസ്ലിംകൾക്ക് ഭക്ഷിക്കാൻ പാടുള്ളതല്ല.

4, മക്കായിൽ വിശുദ്ധഹറമിന്റെ പരിധിക്കുള്ളിൽ അവർക്ക് പ്രവേശിക്കൽ അനുവദനീയമല്ല. ഇക്കാര്യം ഖുർആൻ ഇങ്ങിനെ വ്യക്തമാക്കുന്നു.

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّمَا ٱلْمُشْرِكُونَ نَجَسٌ فَلَا يَقْرَبُوا۟ ٱلْمَسْجِدَ ٱلْحَرَامَ بَعْدَ عَامِهِمْ هَـٰذَا ۚ ﴾ (سورة التوبة: ٢٨)

"സത്യവിശ്വാസികളേ ബഹുദൈവ വിശ്വാസികൾ അശുദ്ധർ തന്നെയാണ്. അത്കൊണ്ട് അവർ ഈവർഷത്തിനുശേഷം മസ്ജിദുൽഹറമിനെ സമീപിക്കരുത്.'' (തൗബ: 28)

4, മരണപ്പെട്ടാൽ അനന്തരമെടുക്കാൻ പാടുള്ളതല്ല. നമസ്കരിക്കുന്ന ഒരാൾ മരിച്ചാൽ അയാൾക്ക് നമസ്കരിക്കാത്ത മകനും നമസ്കരിക്കുന്ന പിത്യവ്യ പുത്രനുമുണ്ട് എങ്കിൽ പിത്യവ്യപുത്രനായിരിക്കും അനന്തര സ്വത്തിന് അർഹതയുണ്ടായിരിക്കുക. കാരണം നബി(സ) പറഞ്ഞതായി, ഉസാമ: (റ) യിൽ നിന്നും ബുഖാരിയും മുസ്ലിമും ഇങ്ങിനെ റിപ്പോർട്ട് ചെയ്യുന്നു.

لا يَرِثُ المُسْلِمَ الكَافِرَ وَلاَ الكَافِرُ المُسْلِمَ (البخاري ٦/٢٤٨٤ رقم : ٦٣٨٣)

'മുസ്ലിം കഫിറിൽനിന്നോ, കാഫിർമുസ്ലിമിൽ നിന്നോ അനന്തിരമെടുക്കാവതല്ല." (സ്വഹീഹുൽ ബുഖാരി 6/2484 നമ്പർ: 6383)

6, അവർ മരിച്ചാൽ കുളിപ്പിക്കുവാനോ, കഫൻ ചെയ്യുവാനോ, മുസ്ലിംകളോടൊപ്പം മുസ്ലിം ശ്മശാനത്തിൽ സംസ്കരിക്കുവാനോ മുസ്ലിംകൾക്ക് ബാധ്യതയില്ല. പിന്നെ എന്ത് ചെയ്യണമെന്ന് സംശയിക്കുന്നുണ്ടാകും, അവരെ മുസ്ലിം ശ്മശാനത്തിൽ നിന്നും അകററി ഏതെങ്കിലും ഒഴിഞ്ഞ മരുഭൂമിയിൽ കൊണ്ടുപോയി അവർ മരിക്കുമ്പോൾ ധരിച്ചതായ അതേവസ്ത്രത്തിൽ കുഴിച്ചുമൂടണം എന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. അവർക്ക് വേണ്ടി മയ്യത്ത് നമസ്കാരം നിർവ്വഹിക്കുകയോ മററുള്ളവർക്ക് നമസ്കരിക്കാൻ സൗകര്യം ചെയ്തുകൊടുക്കുകയോ പാടില്ലാത്തതാണ്.

7, അവർ പരലോകത്ത് ഉയർത്തെഴുന്നേൽപ്പിക്കപ്പെടുക ദുഷ്ടൻമാരായ ഫിർഔൻ, ഖാറൂൻ, ഹാമാൻ, ഉബയ്യുബ്നുഖലഫ് എന്നി വരോടൊപ്പമായിരിക്കും. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. അവർക്കു വേണ്ടി പാപമോചനത്തിനായി പ്രാർത്ഥിക്കുവാൻ തൻെറ കുടുംബക്കാർക്ക് കൂടി പാടില്ലാത്തതാണ്. അല്ലാഹു പറയുന്നത് കാണുക:

﴿مَا كَانَ لِلنَّبِيِّ وَٱلَّذِينَ ءَامَنُوٓاْ أَن يَسْتَغْفِرُواْ لِلْمُشْرِكِينَ وَلَوْ كَانُوٓاْ أُوْلِي قُرْبَىٰ مِنۢ بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَٰبُ ٱلْجَحِيمِ﴾ (سورة التوبة : ١١٣)

"ബഹുദൈവ വിശ്വാസികൾ നരകാഗ്നിയുടെ അവകാശികളാണ് എന്നകാര്യം വ്യക്ത മായിക്കഴിഞ്ഞ ശേഷം അവർക്കുവേണ്ടി പാപമോചനം തേടുവാൻ, അവർ അടുത്ത ബന്ധുക്കളാണ് എങ്കിൽപോലും വിശ്വാസികൾക്കോ പ്രവാചകനോ (ഒരിക്കലും) പാടുള്ളതല്ല." (തൗബ: 113)

അത്കൊണ്ട് സഹോദരൻമാരേ കാര്യത്തിൻെറ ഗൗരവം മനസ്സിലാക്കുക. മറക്കാതിരിക്കുക.

സഹോദരാ ! കുററവാളിയായി അല്ലാഹുവിനെ കണ്ടു മുട്ടാതിരിക്കാൻ പരിശ്രമിക്കുക.

﴿ إِنَّهُۥ مَن يَأْتِ رَبَّهُۥ مُجْرِمًا فَإِنَّ لَهُۥ جَهَنَّمَ لَا يَمُوتُ فِيهَا وَلَا يَحْيَىٰ ﴾ (سورة طه : ٧٤)

"നിശ്ചയം വല്ലവനും കുററവാളിയായി തൻെറ രക്ഷിതാവിൻെറടുത്ത് ചെല്ലുന്ന പക്ഷം അവനുള്ളത് നരകമത്രെ. അതിലവർ മരിക്കുകയുമില്ല ജിവിക്കുകയുമില്ല." (ത്വാഹ 74)

﴿ فَأَمَّا مَن طَغَىٰ ﴿٣٧﴾ وَءَاثَرَ ٱلْحَيَوٰةَ ٱلدُّنْيَا ﴿٣٨﴾ فَإِنَّ ٱلْجَحِيمَ هِيَ ٱلْمَأْوَىٰ ﴾ (سورة النازعات : ٣٧-٣٩)

"ആര് അതിരു കവിയുകയും ഐഹിക ജീവിതത്തിന് അമിത പ്രാധാന്യം നൽകുകയും ചെയ്യുന്നുവോ അവന് കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം" (നാസിആത്ത്: 37,38,39)

അല്ലാഹുവേ ഞങ്ങളേയും ഞങ്ങളുടെ മക്കളേയും കൃത്യമായി നമസ്കരിക്കുന്നവരിൽ ഉൾപ്പെടുത്തേണമേ. (ആമീൻ)

ഏഴ്

# നമസ്കാരത്തിന് പുറപ്പെടുമ്പോൾ

നമസ്കാരത്തിനായി പുറപ്പെടുമ്പോൾ തുടക്കം മുതൽക്ക് പ്രസ്തുത ബോധത്തോടെയായിരിക്കണം പുറപ്പെടേണ്ടത്. ശാന്തതയോടും ഗാംഭീര്യത്തോടും കൂടി നടന്ന് പോവുക. ശബ്ദ കോലാഹലങ്ങളില്ലാതെ കണ്ണുകളെ നിയന്ത്രിച്ച്, അവധാനതയോടെ നടക്കുക എന്നിവയെല്ലാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നബി (സ) പറഞ്ഞു: "നിങ്ങൾ നമസ്കാരത്തോട് അടുത്താൽ, മറെറാരു റിപ്പോർട്ടിൽ ഇഖാമത്ത് കേട്ടാൽ ശാന്തതയോടെ നടന്ന് പോവുക. നിങ്ങൾക്ക് ലഭ്യമായത് നിർവ്വഹിച്ച് ബാക്കി പിന്നീട് പൂർത്തിയാക്കുക എന്ന് കാണാവുന്നതാണ്." (മുതഫഖുൻ അലൈഹി)

## വീട്ടിൽനിന്നും വുളൂ എടുക്കുക

إذَا تَوَضَّأَ أحَدُكُمْ فَأحْسَنَ الْوُضُوءَ ثُمَّ خَرَجَ إلَى الْمَسْجِدِ لا يَنْزِعُهُ إلاَّ الصَلاَةُ لَمْ تَزَلْ رِجْلُهُ الْيُسْرَى تَمْحُو عَنْهُ سَيِّئَةً وَتَكْتُبُ لَهُ الْيُمْنَى حَسَنَةً حَتَّى يَدْخُلَ الْمَسْجِدَ ، وَلَوْ يَعْلَمُ النَّاسُ مَا فِي الْعَتَمَةِ وَالصُّبْحِ لأتَوْهُمَا وَلَوْ حَبْوًا (رواه الحاكم ، البيهقي صحيح الجامع للألباني ٤٤١ )

"നിങ്ങളിലൊരാൾ നല്ല നിലയിൽ വുളുവുണ്ടാക്കി നമസ്കാരം മാത്രം ഉദ്ദേശിച്ച് പള്ളിയിലേക്ക് പുറപ്പെട്ടാൽ അവൻെറ ഓരോ ഇടത് കാലടിക്ക് അനുസരിച്ച് പാപങ്ങൾ മായ്ക്കപ്പെടുകയും വലതു കാലടിക്ക് അനുസരിച്ച് നന്മ രേഖപ്പെടുത്തുകയും ചെയ്തു കൊണ്ടേയിരിക്കും. ഇശാഇനും സുബ്ഹിക്കുമുള്ള പുണ്യം ജനം മനസ്സിലാക്കിയിരുന്നെങ്കിൽ മുട്ടുകുത്തി ഇഴഞ്ഞെങ്കിലും അവർ (പള്ളിയിൽ) എത്തുമായിരുന്നു !" (ഹാകിം, ബൈഹഖി സ്വഹീഹുൽ ജാമിഅ് 441)

## പുറത്തിറങ്ങുമ്പോൾ

إذَا خَرَجَ الرَّجُلُ مِنْ بَيْتِهِ فَقَالَ بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لا حَوْلَ وَلا قُوَّةَ إلاَّ بِاللهِ فَيُقَالُ لَهُ: حَسْبُكَ قَدْ هُدِيتَ وَكُفِيتَ وَوُقِيتَ فَيَتَنَحَّى لَهُ الشَّيْطَانُ (نسائي، أبو داود صحيح الجامع للألباني ٤٩٩)

"ഒരാൾ വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾ ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ (അല്ലാഹുവിൻെറ നാമത്തിൽ അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് (പുറപ്പെടുന്നു) എല്ലാ കഴിവും ശക്തിയും അല്ലാഹുവിനെക്കൊണ്ടല്ലാതെ ഇല്ല) എന്ന് പറഞ്ഞ് പുറപ്പെട്ടാൽ; നിനക്ക് അത് മതി, നീ നേർമാർഗ്ഗത്താലാവുകയും, മതി

യായവനാവുകയും, സുരക്ഷിതനാവുകയും ചെയ്തിരിക്കുന്നു. എന്ന് പറയപ്പെടുകയും പിശാച് അവനിൽ നിന്ന് മാറിപ്പോവുകയും ചെയ്യും' (നസാഇ, അബൂദാവൂദ് സ്വഹീഹുൽ ജാമിഅ് 499)

**വലതുകാൽ വെച്ച് ഇറങ്ങുക**

**ഈ സുന്നത്ത് ചെരുപ്പ് ധരിക്കുന്നതിലും നേടിയെടുക്കാവുന്നതാണ്.**

إِذَا انتَعَلَ أَحَدُكُمْ فَلْيَبْدَأْ بِالْيُمْنَى وَإِذَا خَلَعَ فَلْيَبْدَأْ بِالشِّمَالِ (مختصر مسلم ١٣٨١)

"നിങ്ങൾ ചെരുപ്പ് ധരിക്കുമ്പോൾ വലത് ആദ്യം ധരിക്കുക; അഴിക്കുമ്പോൾ ഇടത് ആദ്യം അഴിക്കുകയും ചെയ്യുക." (മുഖ്തസ്വറു മുസ്ലിം 1381)

**തക്ബീറത്തുൽ ഇഹ്റാം മുതൽ തന്നെ ജമാഅത്തിൽ പങ്ക്ചേരാൻ കഴിയും വിധം പള്ളിയിലേക്ക് നേരത്തെ പുറപ്പെടുക. പ്രവാചകൻ(സ) പറയുന്നത് കാണുക:**

مَنْ صَلَّى لِلَّهِ أَرْبَعِينَ يَوْمًا فِي جَمَاعَةٍ يُدْرِكُ التَّكْبِيرَةَ الأُولَى كُتِبَتْ لَهُ بَرَاءَتَانِ بَرَاءَةٌ مِنَ النَّارِ وَبَرَاءَةٌ مِنَ النِّفَاقِ (ألباني سلسلة الصحيحة ٦/٣١٤ رقم : ٢٦٥٢)

"ആരെങ്കിലും അല്ലാഹുവിന് വേണ്ടി നാൽപത് ദിവസം ഒന്നാമത്തെ തക്ബീർ കിട്ടത്തക്ക വിധം ജമാ

അത്ത് നമസ്കാരത്തിൽ പങ്കെടുത്താൽ അവന് രണ്ട് നിലക്കുള്ള സുരക്ഷ ലഭിക്കുന്നതാണ്. നരകത്തിൽ നിന്നുള്ള സുരക്ഷയും കാപട്യത്തിൽ നിന്നുള്ള സുരക്ഷയുമാണത്." (അൽബാനിയുടെ സിൽസിലതുസ്വഹീഹ: 6/314 നമ്പർ: 2652)

പള്ളിയിൽ പ്രവശിക്കുമ്പോൾ اَللهُمَّ افْتَحْ لِي أَبْـوَابَ رَحْمَتِـكَ (مسلم) അല്ലാഹുമ്മ ഫ്തഹ് ലീ അബ്വാബ റഹ്മതിക (അല്ലാഹുവേ നിൻെറ കാരുണ്യത്തിൻെറ കവാടങ്ങൾ എനിക്കായി തുറന്ന് തരേണമേ) (മുസ്‌ലിം) എന്ന പ്രാർത്ഥന ചൊല്ലി വലത് കാൽ വെച്ച് പ്രവേശിക്കുക.

പുറത്തിറങ്ങുമ്പോൾ اللهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ (مسلم) അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഫദ്‌ലിക (അല്ലാഹുവേ നിൻെറ ഔദാര്യത്തിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു) (മുസ്‌ലിം) എന്ന പ്രാർത്ഥന ചൊല്ലി ഇടത്കാൽ വെച്ച് പുറത്ത് കടക്കുക.

പള്ളിയിൽ പ്രവേശിച്ച ഉടനെ സുന്നത്തുള്ള രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കാരം നിർവ്വഹിക്കുക. നബി(സ) പറയുന്നു: "നിങ്ങൾ പള്ളിയിൽ പ്രവേശിച്ചാൽ രണ്ട് റക്അത്ത് നമസ്കരിക്കുന്നത്വരെ ഇരിക്കരുത്" (മുതഫഖുൻ അലൈഹി)

നമസ്കാരം പ്രതീക്ഷിച്ച് ഇരിക്കുന്നത്ര സമയം ദി ക്റുകൾ, ഖുർആൻ പാരായണം, പ്രാർത്ഥനകൾ എന്നിവയിൽ മുഴുകുക.

നമസ്കാരം പ്രതീക്ഷിച്ച് ഇരിക്കുമ്പോൾ ലൗകിക വർത്തമാനങ്ങളിൽ ഏർപ്പെടുക, വിരലുകൾ അമർ ത്തി ശബ്ദമുാക്കുക, തുടങ്ങിയ അനാവശ്യ കാര്യ ങ്ങളിൽ നിന്നും ഒഴിവാകുക. കാരണം പ്രവാചക ൻ(സ) പറഞ്ഞു: "ഒരു ദാസൻ നമസ്കാരം പ്രതീ ക്ഷിച്ച് ഇരിക്കുന്നത്രയും സമയം അവൻ നമസ്കാ രത്തിൽ തന്നെയാണ്. മലക്കുകൾ അവന് വേണ്ടി പാപമോചനം തേടിക്കൊിരിക്കുന്നതുമാണ്" (ഹദീസ് ബുഖാരി)

പള്ളിയിലെത്തിയാൽ ഒന്നാമത്തെ സ്വഫ്ഫിൽ സ്ഥ ലം പിടിക്കുക. താഴെ പറയുന്ന നബി വചനങ്ങൾ അതാണ് പഠിപ്പിക്കുന്നത്. "ബാങ്ക് കൊടുക്കുന്നതി ലും ഒന്നാമത്തെ സ്വഫ്ഫിൽ നിൽക്കുന്നതിലുമുള്ള ശ്രേഷ്ഠത (പ്രതിഫലം) എന്തുമാത്രമാണെന്ന് ജ നങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ, അത് ലഭിക്കാൻ നറുക്ക് ഇടേണ്ടതായി വന്നാൽ അതിനുപോലും തയ്യാറായി അവർ അത് കരസ്ഥമാക്കും" (മുത്തഫ ഖുൻ അലൈഹി). മറ്റൊരു ഹദീസ് കൂടി കാണു ക: "പുരുഷന്മാരുടെ സ്വഫ്ഫുകളിൽ ഉത്തമം ആദ്യ ത്തേത് ആണ്"(മുസ്ലിം)

പുരുഷന്മാർ ഇമാമിനോട് അടുത്ത് നിൽക്കാൻ ശ്രമിക്കുക. നബി(സ) പറയുന്നു: "നിങ്ങളിൽ നിന്നും തന്റേടവും വിവേകവുമുള്ളവർ എന്നോട് അടുത്ത് നിൽക്കട്ടെ" (മുസ്ലിം) അപ്രകാരം തന്നെ ഇമാമിന്റെ വലതുഭാഗത്ത് നിൽക്കുന്നതിനേയും നബി (സ) പ്രോൽസാഹിപ്പിച്ചിട്ടുണ്ട്:

وعن عائشة رضي الله عنها قالتْ قال رَسُولُ اللهِ صلى الله عليه وسلم إنَّ اللهَ وَملائِكَتَهُ يَصلُّونَ علَى مَيَامِنِ الصُفُوفِ . (رواه أبو داود، ألباني مشكاة المصبيح ١/رقم ١٠٩٦)

"ആയിഷ(റ) പറയുന്നു: നബി(സ) പറഞ്ഞു: നിശ്ചയം അല്ലാഹുവും അവന്റെ മലക്കുകളും സ്വഫ്ഫുകളിൽ വലതു വശത്തു നിൽക്കുന്നവർക്കായി പ്രാർത്ഥിക്കുന്നതാണ്." (അബൂദാവൂദ്, അൽബാനിയുടെ മിശ്കാത്തുൽ മസ്വാബീഹ് 1/നമ്പർ: 1096)

സ്വഫ്ഫു നേരെയാക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തുക. പ്രവാചകൻ(സ) ഓരോ നമസ്കാര സമയവും പ്രത്യേകം ഉപദേശിച്ചിരുന്ന കാര്യമാണത്. "നിങ്ങൾ സ്വഫ്ഫുകൾ നേരെയാക്കുക. നിശ്ചയം സ്വഫ്ഫു നേരെയാക്കൽ നമസ്കാരത്തിന്റെ പരിപൂർണ്ണതയിൽ പെട്ടതാണ്" (മുത്തഫഖുൻ അലൈഹി).

## എട്ട്
# സുന്നത്തു നമസ്കാരങ്ങൾ

ഫറളു നമസ്കാരങ്ങൾക്കു പുറമെ നിർബന്ധ സ്വഭാവത്തിലല്ലെങ്കിലും പ്രവാചകൻ (സ) തന്റെ ജീവിതത്തിൽ വേറെയും നമസ്കാരങ്ങൾ നിർവ്വഹിച്ചിരുന്നതായി കാണാം. അവ നാമും ജീവിതത്തിൽ പകർത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്. അവ നിർബന്ധമല്ലല്ലോ എന്ന് കരുതി നിസ്സാരമായി കാണാതിരിക്കുക. സുന്നത്തുകൾ അനുഷ്ഠിക്കുന്നത് കൊണ്ട് ലഭിക്കുന്ന ധാരാളം ഗുണങ്ങൾ നമുക്ക് ഹദീസുകളിലൂടെ മനസ്സിലാക്കാം. അതിനാൽ സുന്നത്തുകളും ജീവിതത്തിൽ കൃത്യനിഷ്ഠയോടെ ശീലമാക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. സുന്നത്തു നമസ്കാരങ്ങൾ കൊണ്ട് കൈവരുന്ന നേട്ടങ്ങളിൽ ചിലത് താഴെ വിവരിക്കാം.

### 1. അല്ലാഹുവിന്റെ സ്നേഹം ലഭിക്കാൻ

ഒരു വിശ്വാസി സുന്നത്തുകൾ (ഐച്ഛിക കർമ്മൾ) അനുഷ്ഠിച്ചുകൊണ്ടിക്കുമ്പോൾ അവനെ അല്ലാഹു ഇഷ്ടമപ്പടുമെന്ന് നബി(സ) അറിയിച്ചത് നാമെപ്പോഴും ഓർക്കേണ്ടതാണ്.

وَمَا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ (صحيح البخاري ٥/٢٣٨٤ رقم : ٦١٣٧ )

“എന്റെ ഒരു ദാസൻ സുന്നത്തുകൾ മുഖേനെ എന്നിലേക്ക് അടുത്തുകൊണ്ടേയിരിക്കുമ്പോൾ ഞാൻ അവനെ ഇഷ്ടപ്പെട്ടുകൊണ്ടേയിരിക്കും.” (സ്വഹീഹുൽ ബുഖാരി : 5/2384 നമ്പർ: 6137)

2. ഫറളുകളിലെ പോരായ്മകൾ പരിഹരിക്കാൻ

إنَّ أوَّلَ مَا يُحَاسَبُ النَاسُ بِهِ يَوْمَ الْقِيَامَةِ مِنْ أعْمَالِهِمْ الصَلاَةُ قَالَ يَقُولُ رَبُّنَا جَلَّ وَعَزَّ لِمَلاَئِكَتِهِ وَهُوَ أعْلَمُ انْظُرُوا فِي صَلاَةِ عَبْدِي أتَمَّهَا أمْ نَقَصَهَا فَإنْ كَانَتْ تَاما كُتِبَتْ لَهُ تَامَّةً وَإنْ كَانَ انْتَقَصَ مِنْهَا شَيْئًا قَالَ أنْظُرُوا هَلْ لِعَبْدِي مِنْ تَطَوُّعٍ فَإنْ كَانَ لَهُ تَطَوُّعٌ قَالَ أتِمُّوا لِعَبْدِي فَرِيضَتَهُ مِنْ تَطَوُّعِهِ ثُمَّ تُؤْخَذُ الأعْمَالُ عَلَى ذَاكُمْ ( صحيح أبو داود للألباني ١/٢٢٩ رقم الحديث : ٨٦٤ )

“നബി(സ) പറഞ്ഞു: അന്ത്യനാളിൽ മനുഷ്യരോട് അവരുടെ കർമ്മങ്ങളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുക നമസ്കാരത്തെ സംബന്ധിച്ചായിരിക്കും. അല്ലാഹു മലക്കുകളോട് പറയും:- അവൻ തന്നെയാണ് ഏററവും അറിയുന്നവൻ - എന്റെ ദാസന്റെ നമസ്കാര വിഷയം നോക്കുക, അത് അവൻ പൂർണ്ണമായി നിർവ്വഹിച്ചിട്ടുണ്ടോ അതോ വീഴ്ചവരുത്തിയിട്ടുണ്ടോ എന്ന്. പൂർണ്ണരൂപത്തിൽ നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ അത് പൂർണ്ണമായി രേഖപ്പെടുത്തും.

അതിൽ അവൻ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അവൻ (മലക്കുകളോട്) പറയും: എന്റെ ദാസൻ സുന്നത്തുകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക. അവൻ സുന്നത്തുകൾ നിർവ്വഹിച്ചതായി കണ്ടാൽ അവരോട് പറയും: അവന്റെ ഫറളിലുള്ള കുറവുകൾ സുന്നത്തുകളിൽനിന്ന് എടുത്ത് പൂർത്തീകരിക്കുക. പിന്നീട് അതു പ്രകാരം കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതായിരിക്കും." (അൽബാനിയുടെ സ്വഹീഹ് അബൂദാവൂദ് 1/229 നമ്പർ: 864)

### 3. സ്വർഗ്ഗപ്രവേശനം എളുപ്പമാക്കാൻ

നബി(സ) തനിക്ക് സേവനം ചെയ്തു കഴിഞ്ഞിരുന്ന റബീഅത്തു ബ്നു കഅബ്(റ)വിനോട് തനിക്കാവശ്യമുള്ളത് ചോദിച്ചുകൊള്ളാൻ പറഞ്ഞപ്പോൾ തന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയുണ്ടായി. അന്നേരം നബി(സ) അദ്ദേഹത്തോട് പറഞ്ഞത്:

**فَأَعِنِّي عَلَى نَفْسِكَ بِكَثْرَةِ السُّجُودِ** (رواه الطبراني في الكبير، صحيح الترغيب والترهيب للألباني ١/رقم: ٣٨٨)

"നീ സുജൂദുകൾ (സുന്നത്തു നമസ്കാരങ്ങൾ) അധികരിപ്പിച്ച് നിന്റെ കാര്യത്തിൽ എന്നെ സഹായി

ക്കണം" (ത്വബ്റാനിയുടെ കബീർ, അൽബാനിയു ടെ സ്വഹീഹുത്തർഗീബ് വത്തർഹീബ് 1/നമ്പർ: 388)

4. പാപങ്ങൾ പൊറുക്കപ്പെടാൻ

സൗബാൻ(റ)വിനോട് നബി(സ) പറഞ്ഞ ഒരു ഹദീ സിൽ ഇപ്രകാരം കാണാം:

عَلَيْكَ بِكَثْرَةِ السُّجُودِ فَإِنَّكَ لا تَسْجُدُ لِلَّهِ سَجْدَةً إِلاَّ رَفَعَكَ اللهُ بِهَا دَرَجَةً وَحَطَّ بِهَا عَنْكَ خَطِيئَةً ( رواه مسلم ١/٣٥٣ رقم : ٤٨٨)

"നീ സുജൂദുകൾ അധികരിപ്പിക്കുക. നീ അല്ലാഹു വിനായി നിർവ്വഹിക്കുന്ന ഓരോ സുജൂദിലൂടെയും അല്ലാഹു നിന്റെ സ്ഥാനം ഉയർത്തുകയും പാപം മായ്ക്കുകയും ചെയ്തുകൊണ്ടല്ലാതെ നീ നിർവ്വ ഹിക്കുന്നില്ല." (മുസ്ലിം 1/353 നമ്പർ: 488)

എല്ലാ വിധ പാപങ്ങളിൽ നിന്നും സുരക്ഷിതത്വം ന ൽകപ്പെട്ട പ്രവാചകൻ(സ) കാലുകളിൽ നീരുകെട്ടും വിധം സുന്നത്തു നമസ്കാരങ്ങൾ നിർവ്വഹിച്ചതും, ന മ്മുടെ മുൻഗാമികൻ നമസ്കാരങ്ങളുടെ ദൈർഘ്യം കാരണത്താൽ നിൽക്കാൻ പ്രയാസപ്പെട്ട സന്ദർഭ ങ്ങളിൽ പള്ളിയിൽ കയർ കെട്ടിത്തൂക്കി അതിൽ പി ടിച്ചുനിന്നു നമസ്കരിച്ചത് ഇമാം ബുഖാരിയും, വടി കളിൽ ഊന്നിനിന്നുകൊണ്ടു സുന്നത്തു നമസ്കാ രങ്ങൾ നിർവ്വഹിച്ചിരുന്നത് ഇമാം മാലിക് തന്റെ

മുവത്വയിലും രേഖപ്പെടുത്തിയത് നമുക്ക് മാതൃകയാകേണ്ടതുണ്ട്.

ഹദീസുകളിൽ സ്ഥിരപ്പെട്ട സുന്നത്തു നമസ്കാരങ്ങൾ താഴെ വിവരിക്കുന്നു.

## 1. റവാതിബ് സുന്നത്തുകൾ

ഫർളു നമസ്കാരങ്ങൾക്ക് മുമ്പും പിമ്പുമായുള്ള സുന്നത്തു നമസ്കാരങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവ ഇരുപത്തിരണ്ട് റക്അത്ത് വരെ നമസ്കരിക്കുന്നതിന് ഹദീസുകളിൽ തെളിവുകൾ കണ്ടെത്താൻ കഴിയും എന്നാൽ അവയിൽ ഏററവും ശ്രേഷ്ഠമായത് പന്ത്രണ്ടു റക്അത്തുകളാണ്.

നബി(സ) പറയുന്നത് കാണുക:

مَا مِنْ عَبْدٍ مُسْلِمٍ يُصَلِّي لِلهِ كُلَّ يَوْمٍ اثْنَتَيْ عَشْرَةَ رَكْعَةً تَطَوُّعًا غَيْرَ فَرِيضَةٍ إلاَّ بَنَى اللهُ لَهُ بَيْتًا فِي الْجَنَّةِ (مسلم) : أَرْبَعٌ قَبْلَ الظُّهْرِ وَرَكْعَتَيْنِ بَعْدَهَا وَرَكْعَتَيْنِ بَعْدَ الْمَغْرِبِ وَرَكْعَتَيْنِ بَعْدَ الْعِشَاءِ وَرَكْعَتَيْنِ قَبْلَ الْغَدَاةِ (صحيح الترمذي ٢/٢٧٤ رقم: ٤١٥، صحيح مشكاة للألباني :١٣٦٢ )

"ഏതൊരു മുസ്ലിമായ ദാസനാണോ ഫർളിന് പുറമെ പന്ത്രണ്ട് റക്അത്ത് സുന്നത്ത് എല്ലാ ദിവസവും നമസ്കരിക്കുന്നത് അല്ലാഹു അവന് സ്വർഗ്ഗത്തിൽ ഒരു വീട് പണിയാതിരിക്കുകയില്ല. (മുഖ്ത

സ്വറു മുസ്ലിം 370, ) ളുഹറിന് മുമ്പ് നാല്, ശേഷം രണ്ട്, മഗ്രിബിന് ശേഷം രണ്ട്, ഇശാഇന് ശേഷം രണ്ട്, സുബ്ഹിന് മുമ്പ് രണ്ട് എന്നിവയാണവ.'' (തിർമിദി 2/274 നമ്പർ: 415. അൽബാനിയുടെ സ്വഹീഹ് മിശ്കാത്ത് ഹദീസ് നമ്പർ : 1159 )

നബി(സ)യിൽ നിന്നും ഇത് കേട്ട തിന് ശേഷം ഞാൻ അത് ഒഴിവാക്കിയിട്ടില്ല. എന്ന് ഉമ്മുഹബീബ,അംറുബ്നു ഔസ്, നുഅ്മാനുബ്നു സാലിം(റ) എന്നീ സ്വഹാബികൾ പറയുന്നത് ഇമാം മുസ്ലിം ഉദ്ധരിക്കുന്നു. ( മുഖ്തസ്വറു മുസ്ലിം 370)

ളുഹറിന് ശേഷം നാല്:

ഇവിടെ പറയപ്പെട്ട ളുഹറിന്ന് ശേഷം രണ്ട് റക്അത്ത് എന്നത് നാല് നിർവ്വഹിക്കാനും ഹദീസുകളിൽ തെളിവുകൾ കാണാവുന്നതാണ്:

مَنْ صَلَّى قَبْلَ الظُّهْرِ أَرْبَعًا وَبَعْدَهَا أَرْبَعًا حَرَّمَهُ اللهُ عَلَى النَّارِ (صحيح النسائي ٣/٢٦٥ رقم :١٨١٥، الترمذي ٢/٢٩٢ رقم : ٤٢٧ صحيح الجامع رقم : ٦٣٦٤)

"വല്ലവരും ളുഹറിന്ന് മുമ്പും ശേഷവും നാല് റക്അത്ത് നമസ്കരിച്ചാൽ അല്ലാഹു അവനെ നരകത്തെ തൊട്ട് നിഷിദ്ധമാക്കുന്നതാണ്.'' (സ്വഹീഹു നസാഇ

3/265 നമ്പർ: 1815, സ്വഹീഹ് തിർമിദി 2/292 നമ്പർ: 427, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ്: 6364)

അസ്വ്റിന് മുമ്പ് നാല് റക്അത്ത്

നബി(സ) അസ്റിന് മുമ്പും നാല് റക്അത്ത് സുന്നത്ത് നമസ്കരിക്കാറുണ്ടായിരുന്നു.

رَحِمَ اللهُ امْرأً صَلَّى قَبْلَ الْعَصْرِ أَرْبَعًا (أبو داود، الترمـــذي ، صحيح الجامع للألباني ٣٤٩٣)

"അസ്വ്റിന് മുമ്പ് നാല് റക്അത്ത് നമസ്കരിക്കുന്ന മനുഷ്യനെ അല്ലാഹു അനുഗ്രഹിക്കട്ടെ." (അബൂദാവൂദ്, തിർമിദി. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ: 3493)

മഗ്രിബിന് മുമ്പും !

صَلُّوا قَبْلَ الْمَغْرِبِ رَكْعَتَيْنِ صَلُّوا قَبْلَ الْمَغْرِبِ رَكْعَتَيْنِ (أبـــو داود ٢/٢٦ رقم : ١٢٨١، صحيح الجامع : ٣٧٩١)

"നിങ്ങൾ മഗ്രിബിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കുക, നിങ്ങൾ മഗ്രിബിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കുക."(അബൂദാവൂദ്, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് : 3791)

ഇവ കൂടാതെ എല്ലാ ബാങ്കിൻെറയും ഇഖാമത്തിൻെറയും ഇടയിലും നമസ്കരിക്കാവുന്നതാണ്.

بَيْنَ كُلِّ أَذَانَيْنِ صَلاةٌ قَالَهَا ثَلاَثًا قَالَ فِي الثَّالِثَةِ لِمَـــنْ شَـــاءَ (متفق عليه )

"എല്ലാ രണ്ട് ബാങ്കുകൾക്ക് ഇടയിലും നമസകരിക്കാവുന്നതാണ്. ഇങ്ങിനെ മൂന്ന് തവണ നബി (സ) ആവർത്തിച്ചു. മൂന്നാം തവണ ഇഷ്ടമുള്ളവർക്ക് എന്നും പറഞ്ഞു." (മുതഫഖുൻ അലൈഹി) ഇവിടെ രണ്ട് ബാങ്കുകൾ എന്നതുകൊണ്ടുദ്ദേശിക്കു ന്നത് ബാങ്കും ഇഖാമതുമാണ്.

മുകളിൽ പറഞ്ഞ ഹദീസിന്റെ അടിസ്ഥാനത്തിൽ ഒരാൾക്ക് ഇശാഇന്റെ മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കാവുന്നതാണ്. മേൽ പറയപ്പെട്ടതെല്ലാം കൂട്ടിയാൽ ഫറള് നമസ്കാരങ്ങളുടെ മുമ്പും പിമ്പുമായി 22 റക്അത്തുകൾ കണക്കാവുന്നതാണ്.

നബി (സ) നാട്ടിലായിരിക്കുമ്പോൾ ഇവ വളരെ കൃത്യമായി നമസ്കാരിക്കാറുണ്ടായിരുന്നു. എന്നാൽ യാത്രയിലായിരിക്കുമ്പോൾ ഫജ്റിന് മുമ്പുള്ള രണ്ട് റക്അത്തും വിത്റും മാത്രമെ നബി(സ) നമസ്കരിക്കാറുണ്ടായിരുന്നുള്ളൂ. ബാക്കിയെല്ലാം യാത്രയിൽ ഉപേക്ഷിക്കലായിരുന്നു അവിടുത്തെ സമ്പ്രദായം.

സുബ്ഹിയുടെ സുന്നത്തിനെ സംബന്ധിച്ച് നബി (സ) പറഞ്ഞ ഹദീസിന്റെ ഗൗരവം മനസ്സിലാക്കിയാൽ ഒരാളും പിന്നീടത് നഷ്ടപ്പെടുത്തുകയില്ല.

رَكْعَتَا الْفَجْرِ خَيْرٌ مِنَ الدُّنْيَا وَمَا فِيهَا (مسلم ١/٥٠١ رقم الحديث : ٧٢٥)

"സുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്ത് സുന്നത്ത് ഈ ലോകവും അതിലുള്ള മുഴുവൻ വസ്തുക്കളും ലഭിക്കുന്നതിനേക്കാളും ഉത്തമമാണ്." (സ്വഹീഹ് മുസ്ലിം 1/501 നമ്പർ: 725)

അതുകൊണ്ട് തന്നെ പതിവായി നിർവ്വഹിക്കുന്ന ഒരാൾക്ക് സുബഹിക്ക് മുമ്പ് അത് നഷ്ടപ്പെട്ടാൽ അയാൾക്ക് സുബഹിക്ക് ശേഷം അത് വീണ്ടെടുക്കാനും അനുവാദം നൽകപ്പെട്ടിട്ടുണ്ട്:

أنَّ النَّبِيَّ صلى الله عليه وسلم نَامَ عَنْ رَكْعَتَيْ الْفَجْرِ فَقَضَاهُمَا بَعْدَ مَا طَلَعَتِ الشَّمْسُ (صحيح ابن ماجة للألباني ١/٣٦٥ رقم: ١١٥٥)

"നബി(സ) സുബ്ഹിന്റെ രണ്ട് റക്അത്ത് നിർവ്വഹിക്കാതെ ഉറങ്ങിപ്പോയി; അദ്ദേഹം അത് പിന്നീട് സൂര്യോദയത്തിന് ശേഷം നിർവ്വഹിക്കുകയുണ്ടായി." (അൽബാനി ഇബ്നുമാജ 1/365 നമ്പർ: 1155)

رَأى رَسُولُ اللهِ صلى الله عليه وسلم رَجُلاً يُصَلِّي بَعْدَ صَلاَةِ الصُبْح رَكْعَتَيْن فَقَالَ رَسُولُ اللهِ صلى الله عليه وسلم صَلاَةُ الصُبْح رَكْعَتَان فَقَالَ الرَجُلُ إنِّي لَمْ أكُنْ صَلَّيْتُ الرَّكْعَتَيْن اللَّتَيْن قَبْلَهُمَا فَصَلَّيْتُهُمَا الآنَ فَسَكَتَ رَسُولُ الله صلى الله عليه وسلم (صحيح أبو داود ٢/٢٢ رقم : ١٢٦٧)

"നബി(സ) സുബഹി നമസ്കാര ശേഷം ഒരാൾ രണ്ട് റക്അത്ത് നമസ്കരിക്കുന്നതായിക്കണ്ടു. അന്നേരം അയാളോട് പറഞ്ഞു: സുബഹി രണ്ട് റക്അത്താണ്. അപ്പോൾ, ഞാൻ സുബഹിയുടെ മുമ്പുള്ള രണ്ട് റക്അത്ത് നമസ്കരിച്ചിട്ടില്ലെന്ന് പറഞ്ഞു. അന്നേരം നബി(സ) മൗനം പാലിക്കുകയാണ് ചെയ്തത്. " (സ്വഹീഹ് അബൂദാവൂദ് 2/22 നമ്പർ; 1267)

സുബ്ഹിയുടെ സുന്നത്തിലെ സൂറത്തുകൾ:

أنَّ رَسُولُ الله ﷺ قرَأ فِي رَكْعَتَيْ الْفَجْر قُلْ يَا أيُّهَا الْكَافِرُونَ وَقُلْ هُوَ اللهُ أحَدٌ (مختصر مسلم ٣٦٠)

"നബി(സ) സുബ്ഹിയുടെ സുന്നത്തിൽ ഖുൽയാ അയ്യുഹൽ കാഫിറൂനയും ഖുൽ ഹുവല്ലാഹു അഹദുമായിരുന്നു പാരായണം ചെയ്തിരുന്നത്. (മുഖ്തസ്വറു മുസ്ലിം: 360)

മഗ്‌രിബിന്റെ ശേഷമുള്ള രണ്ട് റക്അത്തുകളിലും നബി(സ) മേൽ പറയപ്പെട്ട സൂറത്തുകൾ തന്നെയായിരുന്നു പാരായണം ചെയ്തിരുന്നത്.

أنَّ رَسُولَ الله ﷺ قرَأَ فِي سنة المغْربِ البَعْدِيَّةِ قُلْ يَا أَيُّهَا الْكَافِرُونَ وَقُلْ هُوَ اللهُ أَحَدٌ (أحمد، النسائي، والطبراني ، صفة صلاة النبي ﷺ للألباني : ١١٦)

"നബി(സ) മഗ്‌രിബിന് ശേഷമുള്ള സുന്നത്തിൽ ഖുൽയാ അയ്യുഹൽ കാഫിറൂനയും ഖുൽഹുവല്ലാഹു അഹദുമായിരുന്നു പാരായണം ചെയ്തിരുന്നത്." (അഹ്മദ്, നസാഇ, ത്വബ്റാനി, അൽബാനിയുടെ സ്വിഫതു സ്വലാതിന്നബിയ്യി(സ) പേജ്: 116)

മഗ്‌രിബ് നമസ്കാരത്തിന് ശേഷം ആറ് റക്അത്ത്, മഗ്‌രിബിന്റേയും ഇശാഇന്റേയും ഇടയിൽ 20 റക്അത്ത് എന്നിങ്ങനെ പ്രത്യേകം സുന്നത്തു നമസ്കാരങ്ങളുണ്ടെന്ന് പറയുന്ന ഹദീസുകൾ ദുർബലങ്ങളാണ്. അത് പ്രാവർത്തികമാക്കാവതല്ല. അൽബാനിയുടെ ളഈഫുൽ ജാമിഉസ്വഗീർ ഹദീസ്നമ്പർ: 5661, 5662, 5665 എന്നിവ കാണുക.)

## ജുമുഅയുടെ സുന്നത്ത്

ജുമുഅയുടെ മുമ്പ് ജുമുഅക്ക് എന്ന നിലയിൽ പ്രത്യേക സുന്നത്ത് നമസ്കാരമില്ല. രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കാരം മാത്രമാണുള്ളത്.

كَانَ رَسُولُ الله صلى الله عليه وسلم يُصَلِّي بَعْدَ الْجُمُعَةِ رَكْعَتَيْنِ فِي بَيْتِهِ (متفق عليه أبو داود ١/٢٩٥ رقم ١١٣٢:)

"നബി(സ) ജുമുഅക്ക് ശേഷം രണ്ട് റക്അത്ത് സുന്നത്ത് തന്റെ വീട്ടിൽവെച്ച് നമസ്കരിക്കുമാരുന്നു." (മുതഫഖു ൻ അലൈഹി)

مَنْ كَانَ مُصَلِّيًا بَعْدَ الْجُمُعَةِ فَلْيُصَلِّ أَرْبَعًا (صحيح أبو داود ١/٢٩٤حديث : ١١٣١)

"ആരെങ്കിലും ജുമുഅക്ക് ശേഷം സുന്നത്ത് നമസ്കരിക്കുന്നുവെങ്കിൽ അവൻ നാല് റക്അത്ത് നമസ്കരിക്കട്ടെ."(സ്വഹീഹ് അബൂദാവൂദ് 1/294 ഹദീസ് നമ്പർ: 1131)

"നബി(സ) ജുമുഅക്ക് ശേഷം നാല് റക്അത്ത് നമസ്കരിക്കാൻ കൽപ്പിച്ചിരുന്നു." (മുസ്ലിം)

മേൽ പറയപ്പെട്ട ഹദീസുകളെ യോജിപ്പിച്ചുകൊണ്ട് നബി(സ) പള്ളിയിൽ വെച്ചാണ് നമസ്കരിക്കുന്നത് എങ്കിൽ നാലും, വീട്ടിൽ വെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ രണ്ട് റക്അത്തുമായിരുന്നു നമസ്കരിച്ചിരുന്നത്; എന്നാണ് ഇബ്നു തൈമിയ(റ) അഭിപ്രായപ്പെട്ടതായി ഇബ്നുൽ ഖയ്യിം(റ) ഉദ്ധരിച്ചിട്ടുള്ളത്. (സാദുൽ മആദ്: 1/440)

## 2. വിത്ർ നമസ്കാരം

രാത്രി ഇശാഇനും ഫജ്റിനും ഇടയിലായിട്ടാണ് ഈ നമസ്കാരം നിർവ്വഹിക്കേണ്ട സമയം. ഈ നമസ്കാരം നമസ്കരിക്കുന്ന രീതിയും സമയവും അനുസരിച്ച് വിവിധ പേരുകളിൽ ഹദീസു ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. രാത്രി നമസ്കാരം എന്ന അർത്ഥത്തിൽ ഖിയാമുല്ലൈൽ قِيَامُ اللَّيْل എന്നും അത് റമളാൻ മാസത്തിലാകുമ്പോൾ ഖിയാമു റമളാൻ قِيَامُ رَمَضَان എന്നും ഈരണ്ട് റക്അത്തായി ഇടക്ക് അൽപം വിശ്രമിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിനാൽ വിശ്രമം എന്ന അർത്ഥത്തിൽ صلاة التراويح എന്നും അവസാനം ഒററയിൽ അവസാനിപ്പിച്ചുകൊണ്ട് നിർവ്വഹിക്കേണ്ടതിനാൽ ഒററ എന്ന അർത്ഥത്തിൽ വിത്റ് صَلاةُ الْوِتْر എന്നും ഉറങ്ങിയതിന് ശേഷം എഴുന്നേററ് നമസ്കരിക്കുന്നതിനാൽ ഇതിന് തഹജ്ജുദ് صلاةُ التَّهجُّد എന്നുമുള്ള പേരുകളിലാണ് ഹദീസ് ഗ്രന്ഥങ്ങളിലും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലും പ്രതിപാതിക്കപ്പെട്ടിട്ടുള്ളത്.

ഇത് പതിനൊന്ന് റക്അത്തിനേക്കാൾ അധികരിക്കാത്ത വിധം ഈരണ്ട് റക്അത്തായി ഒററയിൽ അവസാനിപ്പിച്ചുകൊണ്ടാണ് നമസ്കരിക്കേണ്ടത്. നബി (സ) പതിനൊന്ന് റക്അത്തിനേക്കാൾ അധികമായി

ഈ നമസ്കാരം നിർവ്വഹിച്ചിട്ടില്ലെന്നതാണ് ഹദീസുകളിൽ വന്നിട്ടുള്ളത്.

റമളാനിലെ രാത്രി നമസ്കാരം നമ്മുടെ നാട്ടിൽ എന്നും ഒരു വിവാദ വിഷയമായി തുടരുന്നതിനാൽ അൽപം വിശദമായിത്തന്നെ, അതുമായി വന്ന ഏതാനും ഹദീസുകൾ താഴെ ചേർക്കുന്നു.

عن أبي سلمة بن عبد الرحمن أَنَّهُ سَأَلَ عَائِشَةَ رضـي الله عنها كَيْفَ كَانَتْ صَلاَةُ رَسُولِ الله صلى الله عليه وسلم فِي رَمَضَانَ فَقَالَتْ : مَا كَانَ رَسُولُ الله صلى الله عليه وسلم يَزِيدُ فِي رَمَضَانَ وَلاَ فِي غَيْرِهِ عَلَى إِحْدَى عَشْرَةَ رَكْعَةً (صحيح البخاري كتاب التراويح)

അബൂസലമ:(റ) പറയുന്നു: ആയിശ(റ)യോട് നബി(സ)യുടെ റമദാനിലെ രാത്രി നമസ്കാരം എപ്രകാരമായിരുന്നു എന്ന് ചോദിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞു: "നബി(സ) റമദാനിലും അല്ലാത്തപ്പോഴും പതിനൊന്നിനേക്കാൾ വർദ്ധിപ്പിക്കാറില്ല.. ." (ബുഖാരി; അദ്ധ്യായം തറാവീഹ് നമസ്കാരം)

ജാബിർ(റ)വിൽ നിന്ന്: "നബി(സ) റമദാനിൽ ഞങ്ങളേയും കൊണ്ട് എട്ട് റക്അത്ത് നമസ്കരിച്ചു, ശേഷം വിത്റാക്കുകയും ചെയ്തു" (ത്വബ്റാനി, ഇബ്നു ഖുസൈമ: ഇബ്നു ഹിബ്ബാൻ)

وعن السائب بن يزيد قال أمَرَ عُمَرُ أُبَيَّ بْنِ كَعَبٍ وَتَمِيمَا الدَّارِيَ أنْ يَقُومَا لِلنَّاسِ فِي رَمَضَانَ بإحْدَى عَشَرَةَ رَكْعَةً فَكَانَ الْقَارِئُ يَقْرَأ بِالْمِئِينَ حَتَّى كُنَّا نَعْتَمِدَ عَلَى الْعِصَا مِنْ طُولَ الْقِيَامِ فَمَا كُنَّا نَنْصَرِفُ إلاَّ فِي فُرُوعِ الفَجْرِ.( رواه مالك في الموطأ باب قيام رمضان)

സാഇബ് ബ്നു യസീദ്(റ) പറയുന്നു: " ഉമർ(റ) ഉബയ്യുബ്നു കഅബിനോടും തമീമുദ്ദാരിയോടും ജനങ്ങൾക്ക് പതിനൊന്ന് റക്അത്ത് ഇമാമായി നമസ്കരിക്കുവാൻ കൽപിച്ചു; ഓരോ റക്അത്തിലും നൂറോളം ആയത്തുകൾ ഇമാമുകൾ ഓതാറുണ്ടായിരുന്നു. നിറുത്തത്തിൻെറ ദൈർഘ്യം കാരണത്താൽ വടികളിൽ ഊന്നി നിന്നുകൊണ്ടായിരുന്നു ഞങ്ങൾ നമസ്കരിച്ചിരുന്നത്. സുബ്ഹിയോടടുത്ത സമയത്തല്ലാതെ ഞങ്ങൾ പിരിഞ്ഞു പോകാറില്ലായിരുന്നു" (ഇമാം മാലിക്(റ) മുവത്വഅ്. അദ്ധ്യായം റമദാനിലെ രാത്രി നമസ്കാരം)

عن جابر بن عبد الله ﷺ قالَ : جَاءَ أُبَيَّ بْــنُ كَعَــبٍ إلَــى رَسُولِ اللهِ صلى الله عليه وسلم فَقَالَ يَا رَسُولَ اللهِ إنَّهُ كَانَ مِنِّي اللَّيْلَةَ شَــيْءٌ يَــعْنِي فِي رَمَضَــانَ قَالَ : وَمَــا ذَاكَ يَــا أُبَيُّ ؟ قَالَ : نِسْوَةٌ فِي دَارِي قُلْنَ : إنَّا لاَ نَقْــرَأُ الْقُــرْآنَ فَنُصَلِّي بِصَلاَتِكَ ؟ قَالَ : فَصَلَّيْتُ بِهِنَّ ثَمَانَ رَكَعَاتٍ وَأَوْتَــرْتُ

فَكَانَتْ سُنَّةُ الرِّضَى (أبو يعلى، صلاة التراويح للألباني صفحة : ٧٩)

ജാബിർ(റ)ൽ നിന്ന്: ഉബയ്യുബ്നു കഅബ്(റ) നബി(സ)യുടെ അടുത്തുവന്നു പറഞ്ഞു: "നബിയേ, റമദാനിലെ ഈ രാത്രിയിൽ ഒരു സംഭവമുണ്ടായി; അപ്പോൾ നബി(സ) എന്താണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ വീട്ടിലെ സ്ത്രീകൾ അവർക്ക് കൂടുതൽ ഖുർആൻ ഓതാൻ അറിയാത്തതിനാൽ എന്നെ തുടർന്ന് നമസ്കരിക്കുന്നു എന്ന് പറഞ്ഞു. ഞാൻ അവർക്ക് എട്ട് റക്അത്ത് നമസ്കരിച്ചുകൊടുത്തു ശേഷം വിത്റാക്കി നമസ്കരിച്ചു. തുടർന്ന് അദ്ദേഹം പറഞ്ഞു: നബി അത് തൃപ്തിപ്പെട്ടതായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു." (അബൂ യഅ്ല, അൽബാനിയുടെ സ്വലാതു തറാവീഹ് പേജ്: 79)

وعنها قالت كــان النبي صلى الله عليه وسلم يــصلّي مِــنْ اللَّيْل ثَلاثَ عَشَرَة رَكْعَة مِنْهَا الْوِتْرُ وَرَكْعَتَا الْفَجْــرِ .( رواه مسلم صحيح مشكاة للألباني ١/رقم ١١٩١)

ആയിശ(റ) പറയുന്നു: "നബിയുടെ രാത്രി നമസ്കാരം പതിമൂന്ന് റക്അത്തായിരുന്നു. അതിൽ വിത്റും സുബ്ഹിക്കു മുമ്പുള്ള രണ്ട് റക്അത്തും ഉൾപ്പെടും." (മുസ്ലിം, അൽബാനിയുടെ സ്വഹീഹ് മിശ്കാത് 1/1191)

ആയിഷ(റ) പറയുന്നു:

كان رسول الله صلى الله عليه وسلم يُصَلِّي فِيمَا بَيْنَ أَنْ يَفْرَغَ مِنْ صَلاَةِ الْعِشَاءِ إِلَى أَنْ يَنْصَدِعَ الْفَجْرُ إِحْدَى عَشْرَةَ رَكْعَةً يُسَلِّمُ مِنْ كُلِّ اثْنَتَيْنِ وَيُوتِرُ بِوَاحِدَةٍ (صحيح أبوداود للألباني ٢/٣٩ رقم: ١٣٣٦، صحيح النسائي ٣/٣٠ رقم: ٦٨٥، صحيح ابن ماجة ١/٤٣٢رقم: ١٣٥٨، صحيح الترمذي ٢/٣٠٣ رقم: ٤٤٠)

"നബി(സ) ഇശാ നമസ്കാരത്തിൽ നിന്നും വിരമിച്ചാൽ സുബഹിക്കു മുമ്പായി പതിനൊന്ന് റക്അത്തായിരുന്നു നമസ്കരിക്കാറുണ്ടായിരുന്നത്. എല്ലാ ഈ രണ്ട് റക്അത്തുകളിലും സലാം വീട്ടുകയും ഒരു റക്അത്തുകൊണ്ട് വിത്റാക്കുകയും ചെയ്യും." (അൽബാനി സ്വഹീഹ് അബൂദാവൂദ് : 2/39 നമ്പർ: 1336, നസാഇ 3/30 നമ്പർ: 685. 1/432 നമ്പർ: 1358, തിർമിദി 2/303 നമ്പർ: 440)

നബി(സ)യും സ്വഹാബികളും പതിനൊന്ന് റക്അത്തായിരുന്നു നമസ്കരിച്ചിരുന്നതും, നമസ്കരിക്കാൻ കൽപിച്ചിരുന്നതും എന്ന് മേൽ കൊടുത്ത ഹദീസുകളിൽ നിന്നും വ്യക്തമാകുന്നതാണ്. അത് പിൻപററലാണ് നബിചര്യ പിന്തുടരാൻ ആഗ്രഹിക്കുന്നവർക്ക് കരണീയമായിട്ടുള്ളത്.

നബി(സ) കാലിൽ നീരുകെട്ടും വിധം സുദീർഘമായിട്ടായിരുന്നു നമസ്കരിച്ചിരുന്നത്, അപ്രകാരം തന്നെയായിരുന്നു സ്വഹാബികളുടേയും നമസ്കാരം. അത്കൊണ്ട് തന്നെ റക്അത്തുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ വാശി പിടിക്കുന്നതിലല്ല പുണ്യം എന്ന് മനസ്സിലാക്കുക. മറിച്ച് പതിനൊന്നിനേക്കാൾ അധികരിക്കാത്ത വിധം നമുക്ക് കഴിയുന്നത്ര റക് അത്തുകൾ കൂടുതൽ ആയത്തുകൾ പാരായണം ചെയ്ത് ഈരണ്ട് റക്അത്തുകളായി ദീർഘമായി നമസ്കരിച്ച് ഒററയിൽ അവസാനിപ്പിക്കുക എന്നതാണ് നബിചര്യ. ഉറങ്ങി എഴുന്നേററ് രാത്രിയുടെ അവസാനത്തിൽ നമസ്കരിക്കാൻ കഴിയുമെങ്കിൽ അതും കൂടുതൽ പുണ്യകരമാണ്.

الْوِتْرُ حَقٌ عَلَى كُلِّ مسلِمٍ فَمَنْ شَاءَ أَوْتَرَ بِسَبْعٍ، فَمَنْ شَــاءَ أَوْتَرَ بِخَمْسٍ، فَمَنْ شَاءَ بِثَلاثٍ , فَمَنْ شَاءَ أَوْتَــرَ بِواحــدةٍ فمن غَلَبَ فَلْيُومِئْ إِيمَاءً (أبو داود ، نسائي، صحيح الجامع للألباني ٧١٤٧)

"വിത്റ് നമസ്കാരം എല്ലാ മുസ്ലിമിനും ബാധ്യതയുള്ളതാണ്. അതിനാൽ ഏഴോ, അഞ്ചോ, മൂന്നോ ഒന്നോ ഓരോരുത്തരും ഉദ്ദേശിക്കുന്നത്ര നമസ്കരിക്കട്ടെ. ഉറക്കം വന്നാൽ ആംഗ്യം കാണിച്ചുകൊണ്ടെങ്കിലും (നിർവ്വഹിക്കട്ടെ)" അബൂദാവൂദ്, നസാഇ, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 7147)

قَدْ أَوْتَرَ رَسُولُ اللهِ مِنْ أَوَّلِ اللَّيْلِ وَأَوْسَطِهِ وَآخِرِهِ فَانْتَهَى وِتْـــرُهُ إِلَى السَّحَرْ ( مختصر مسلم رقم : ٣٩١)

"നബി(സ) രാത്രിയുടെ ആദ്യത്തിലും മധ്യത്തിലും അവസാനത്തിലുമെല്ലാം വിത്റ് നമസ്കരിക്കാറുണ്ട്. അവാസാനത്തിലാകുമ്പോൾ അത് അത്താഴ സമയത്തിലേക്ക് എത്താറുണ്ട്."(മുഖ്തസ്വറു മുസ്ലിം ഹദീസ് നമ്പർ: 391)

എന്നാൽ ചില റിപ്പോർട്ടുകളിൽ നബി(സ) 13 റക്അത്ത് രാത്രി നമസ്കരിച്ചതായി വന്നിട്ടുള്ളത് സുബഹിക്ക്മുമ്പുള്ള രണ്ട്റക്അത്ത് ചേർത്തുകൊണ്ടാണ്.

പതിനൊന്ന് റക്അത്തുകളേക്കാൾ അധികരിപ്പിക്കൽ നബി(സ)യുടെ പ്രവൃത്തിയോടും "ഞാൻ നമസ്കരിച്ചപോലെ നിങ്ങൾ നമസ്കരിക്കുക" എന്ന പ്രവാചക കൽപനയോടുമുള്ള ലംഘനമാണെന്നാണ് നാസിറുദ്ദീൻ അൽബാനിയെ പോലുള്ള പണ്ഡിതന്മാരുടെ അഭിപ്രായം. അതിനാൽ സുബഹിക്ക് മുമ്പ് രണ്ടിൽ കൂടുതൽ റക്അത്ത് സുന്നത്ത് നമസ്കാരം അനുവദനീയമല്ലാത്തത് പോലെ തറാവീഹ് നമസ്കാരവും പതിനൊന്ന് റക്അത്തിനേക്കാൾ അധികരിപ്പിക്കൽ സുന്നത്തിനോടുള്ള ധിക്കാരമാണ്. (അൽബാനിയുടെ സ്വലാത്തു തറാവീഹ് എന്ന ഗ്രന്ഥം കാണുക)

## വിത്റിലെ സൂറത്തുകൾ

كَانَ يَقْرَأ فِي الركْعَةِ الأولى ﴿ سَبِّحِ ٱسْمَ رَبِّكَ ٱلْأَعْلَى ﴾ وَفِي الثَّانِيةِ ﴿ قُلْ يَٰٓأَيُّهَا ٱلْكَٰفِرُونَ ﴾ وَفِي الثَّالِثَةِ ﴿ قُلْ هُوَ ٱللَّهُ أَحَدٌ ﴾ (النسائي ، الحاكم، صفة صلاة النبي ﷺ للألباني صفحة: ١٢٢)

'''നബി(സ) വിത്റിൽ ഒന്നാം റക്അത്തിൽ സബ്ബിഹിസ്മ റബ്ബികൽ അഅ്ലയും, രണ്ടാം റക്അത്തിൽ ഖുൽയാഅയ്യുഹൽ കാഫിറൂനയും, മൂന്നാം റക് അത്തിൽ ഖുൽഹുവല്ലാഹു അഹദുമായിരുന്നു പാരാണം ചെയ്തിരുന്നത്.'' (നസാഇ, ഹാകിം. അൽബാനിയുടെ സ്വിഫതുസ്വലാതിന്നബിയ്യി(സ) പേജ്: 122)

## വിത്റിന് മുമ്പ് ഉറങ്ങിയാൽ

مَنْ نَامَ عَنْ وِتْرِهِ فَلْيُصَلِّ إِذَا أَصْبَحَ (الترمذي، صحيح الجامع ٦٥٦٣)

"ആരെങ്കിലും വിത്റ് നമസ്കരിക്കുന്നതിന് മുമ്പ് ഉറങ്ങിപ്പോയാൽ അവൻ നേരം പുലർന്ന ശേഷം ന

മസ്കരിക്കട്ടെ." (തിർമിദി, അൽബാനി സ്വഹീഹുൽ ജാമിഅ് 6563)

രാത്രിയിൽ നമസ്കരിക്കാൻ കഴിയാതെ വന്നാലിൽ അത് ഇരട്ടയായി നമസ്കരിക്കേണ്ടതാണ്.

وكَانَ إذَا غَلَبَهُ نَوْمٌ أوْ وَجعٌ عَن قِيام الليل صلَّى منَ النهَــار اثنتي عَشَرَةَ رَكْعَةً (مختصر مسلم ٣٩٠)

"അദ്ദേഹം (നബി(സ) രാത്രി നമസ്കാരം നിർവ്വഹിക്കുന്നതിന് മുമ്പ് ഉറക്കത്തിൽ പെട്ടുപോവുകയോ എന്തെങ്കിലും പ്രയാസം കാരണം നമസ്കരിക്കാൻ കഴിയാതെ വരികയോ ചെയ്താൽ പകൽ പന്ത്രണ്ട് റക്അത്ത് നമസ്കരിക്കുമായിരുന്നു." (മുഖ്തസ്വറുമുസ്ലിം: 390)

പന്ത്രണ്ട് റക്അത്ത് ഓരോരുത്തരുടെ കഴിവ് അനുസരിച്ച് പന്ത്രണ്ടിൽ കൂടാതെ നമസ്കരിക്കാവുന്നതാണ്. എന്നാൽ അത് ഇരട്ടയാക്കണം എന്ന് മാത്രം.

## 3. സ്വലാത്തുൽ ഇസ്തിഖാറ:

ഉത്തമമായ കാര്യം വെളിപ്പെടാനുള്ള നമസ്കാരവും പ്രാർത്ഥനയും.

ജാബിർ(റ) പറയുന്നു: പ്രവാചകൻ(സ) ഖുർആൻ സൂറത്തുകൾ പഠിപ്പിച്ചിരുന്നത് പോലെ എല്ലാ കാര്യ

ങ്ങളിലും ഇസ്തിഖാറത്ത് ചെയ്യുവാൻ ഞങ്ങളെ പഠിപ്പിക്കുമായിരുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളാരെങ്കിലും ഒരു കാര്യം ഉദ്ദേശിക്കുകയും അതിൽ നിങ്ങൾക്ക് തീരുമാനത്തിലെത്താൻ കഴിയാതെ വരികയും ചെയ്താൽ അവൻ രണ്ട് റക്അത്ത് (സുന്നത്ത്) നമസ്കരിക്കുകയും ശേഷം ഇങ്ങിനെ പ്രാർത്ഥിക്കുകയും ചെയ്യട്ടെ" (ബുഖാരി) (അല്ലാഹു ഉത്തമമായത് കാണിച്ചുതരുന്നതാണ്.

اَللهُمَّ إنِّي أسْتَخِيرُكَ بِعِلْمِكَ ، وَأسْتَقْدِرُكَ بِقُدْرَتِكَ ، وَأسْألُكَ مِنْ فَضْلِكَ الْعَظِيمْ، فَإنَّكَ تَقْدِرُ وَلاَ أقْدِرُ، وَتَعْلَمُ وَلاَأعْلَمُ وَأنْتَ عَــلاَّمُ الْغُيُوبْ اَللهُمَّ إنْ كُنْتَ تَعْلَمُ أنَّ هذَا الأمْرَ (.. .. .. ) خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أمْرِي فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ. وَإنْ كُنْتَ تَعْلَمْ أنَّ هذَا الأمْرَ (. .. .. .) شَرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أمْرِي فَاصْرِفْهُ عَنِي وَاصْرِفْنِي عَنْهُ وَاقْدُرْ لِي الْخَيْرَ حَيْثُ كَانَ ثُمَّ رَضِّنِي بِهِ (البخاري)

(അല്ലാഹുമ്മ ഇന്നീ അസ്തഖീറുക ബി ഇൽമിക, വ അസ്തഖ്ദിറുക ബി ഖുദ്റതിക, വ അസ്അലുക മിൻ ഫദ്ലികൽ അളീം, ഫഇന്നക തഖ്ദിറു വലാ അഖ്ദിറു, വതഅ്ലമു വലാ അഅ്ലമു, വഅൻത അല്ലാമുൽ ഗുയൂബ്. അല്ലാഹുമ്മ ഇൻ കുൻത തഅ്ലമു അന്ന ഹാദൽ അംറ ( ഏത് കാര്യമെന്ന് പറയുക)

ഖയ്റുൻ ലീ ഫീ ദീനീ വ മആശീ വ ആഖിബതി അംരീ ഫഖ്ദുർഹു ലീ, വയസ്സിർഹു ലീ, ഥുമ്മ ബാരിക് ലീ ഫീഹി. വഇൻ കുൻത തഅ്ലമു അന്ന ഹാദൽ അംറ (ഏത് കാര്യ മെന്ന് പറയുക) ശർറുൻ ലീ ഫീ ദീനീ, വ മആശീ, വ ആഖിബതി അംരീ ഫസ്വ്രിഫ്ഹു അന്നീ വസ്വ്രിഫ്നീ അൻഹു. വഖ്ദുർലിയൽ ഖൈറ ഹൈഥു കാന. ഥുമ്മ റദ്ളിനീ ബിഹി.( ഹദീസ് ബുഖാരി)

"അല്ലാഹുവേ നിൻെറ അറിവിൻെറ അടിസ്ഥാനത്തിൽ ഞാൻ നിന്നോട് നന്മയേതെന്ന് ചോദിക്കുന്നു, നിൻെറ കഴിവിൻെറ അടിസ്ഥാനത്തിൽ ഞാൻ നിന്നോട് കഴിവ് ചോദിക്കുന്നു, നിൻെറ മഹത്തായ ഔദാര്യത്തിൽനിന്നും ഞാൻ നിന്നോട് തേടുകയും ചെയ്യുന്നു. കാരണം നിനക്ക് കഴിയും എനിക്ക് കഴിയുകയില്ല. നീ അറിയുന്നു ഞാൻ അറിയുന്നില്ല. നീ എല്ലാ രഹസ്യങ്ങളും അതിസൂക്ഷ്മമായി അറിയുന്നവനുമാണല്ലോ. അല്ലാഹുവേ എൻെറ ഈ കാര്യം (കാര്യം ഏതെന്ന് പറയുക) എനിക്ക് എൻെറ മതത്തിൻെറ വിഷയത്തിലും ജീവിത വിഷയത്തിലും എൻെറ കാര്യത്തിൻെറ അന്തിമമായ വിശകലനത്തിലും നന്മയായി നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കുകയും അതിനെ എനിക്ക് എളുപ്പമാക്കി തരികയും പിന്നീട് എനിക്കതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ.

ഈ കാര്യം (കാര്യം ഏതെന്ന് പറയുക) എന്റെ മ തത്തിന്റെ വിഷയത്തിലും എന്റെ ജീവിത വിഷയ ത്തിലും എന്റെ കാര്യത്തിന്റെ അന്തിമമായ വി ഷയത്തിലും എനിക്ക് ദോഷകരമായാണ് നീ അറി യുന്നതെങ്കിൽ അതിനെ എന്നിൽ നിന്നും നീ തിരി ച്ചുവിടേണമേ, എന്നെ അതിൽ നിന്നും നീ തിരിച്ചു വിടേണമേ. നന്മ എവിടെയാണോ അതെനിക്ക് വി ധിക്കുകയും ശേഷം അതിനെ എനിക്ക് നീ തൃപ്തി പ്പെടുത്തുകയും ചെയ്യേണമേ." (ബുഖാരി)

## 4. തഹിയ്യത്ത് നമസ്കാരം

പള്ളിയിൽ പ്രവേശിച്ച ഉടനെ ഇരിക്കുന്നതിന് മുമ്പാ യി നിർവ്വഹിക്കേണ്ട നമസ്കാരമാണിത്. ഇത് രണ്ട് റക്അത്താണ് നമസ്കരിക്കേണ്ടത്.

നബി(സ) പറയുന്നു:

إذَا دَخَلَ أحَدُكُمْ المَسْجِدَ فَلا يَجْلِسْ حَتَى يَرْكَعَ رَكْعَتَيْنِ
(مختصر مسلم رقم: ٢٤٨)

"നിങ്ങൾ പള്ളിയിൽ പ്രവേശിച്ചാൽ രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കരിക്കുന്നതിന് മുമ്പ് ഇരിക്കരു ത്. " (മുഖ്തസ്വറു മുസ്ലിം: 248)

നബി(സ) വെള്ളിയാഴ്ച ഖുത്വുബ നിർവ്വഹിക്കുന്ന തിനിടയിൽ കടന്നുവന്ന് തഹിയ്യത്ത് നമസ്കരി ക്കാതെ ഇരുന്ന സുലൈകുൽ ഗത്വ്ഫാനി(റ)വി

നോട് ഖുത്വുബക്കിടയിൽ എഴുന്നേററ് നമസ്കരിക്കാൻ പറഞ്ഞ സംഭവത്തിൽ നിന്നും തഹിയ്യത്ത് നമസ്കാരത്തിൻെറ ഗൗരവം മനസ്സിലാൻ കഴിയും.

جَاءَ سُلَيْكُ الغَطَفَانِي وَرَسُولُ الله صلى الله عليه وسلم يَخْطُبُ فَقَالَ لَهُ أَصَلَّيْتَ شَيْئًا قَالَ لاَ قَالَ صَلِّ رَكْعَتَيْنِ تَجَوَّزْ فِيهِمَا ( صحيح أبو داود للألباني ١/٢٩١ رقم ١١١٦)

"നബി(സ) ഖുത്വുബ നിർവ്വഹിക്കെ സുലൈകുൽ ഗത്ഫാനി വന്ന് (ഇരുന്നു) അന്നേരം നബി(സ) ചോദിച്ചു: നീ നമസ്കരിച്ചോ ? അദ്ദേഹം ഇല്ലെന്ന് മറുപടി പറഞ്ഞപ്പോൾ; നീ രണ്ട് റക്അത്ത് നമസ്കരിക്കുക, വേഗത്തിൽ നിർവ്വഹിക്കുകയും ചെയ്യുക എന്ന് നബി(സ) പറഞ്ഞു." (അൽബാനിയുടെ സ്വഹീഹ് അബൂദാവൂദ്: 1/291 നമ്പർ 1116)

എന്നാൽ ഏതെങ്കിലും ഒരു നമസ്കാരത്തിൻെറ സമയത്താണ് പള്ളിയിൽ പ്രവേശിക്കുന്നതെങ്കിൽ അവിടെ തഹിയ്യത്ത് എന്ന നിലയിൽ വേറെ പ്രത്യേകം നമസ്കരിക്കേണ്ടതില്ല.

## 5. ഗ്രഹണ നമസ്കാരം

സൂര്യനോ ചന്ദ്രനോ ഗ്രഹണ ബാധിക്കുന്ന അവസരങ്ങളിൽ മുസ്ലിം സമൂഹം പള്ളികളിൽ കേന്ദ്രീകരിച്ച് നമസ്കരിക്കാരം നിർവ്വഹിക്കുക എന്നത് പ്രവാചകൻ (സ)യുടെ സുന്നത്തിൽ പെട്ടതാണ്.

ഗ്രഹണ നമസ്കാരം ബാങ്കോ ഇഖാമത്തോ കൂടാതെ രണ്ടു റക്അത്താണ് നമസ്കരിക്കേണ്ടത്. മററു നമസ്കാരങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഓരോ റക്അത്തിലും രണ്ട് ഖിയാമും രണ്ട് റുകൂഉകളും ഉണ്ടായിരിക്കുമെന്നതാണ് ഗ്രഹണനമസ്കാരത്തിൻെറ പ്രത്യേകത. ഫാതിഹയും ദീർഘമായി ഖുർആൻ പാരായണവും നിർവ്വഹിച്ച ശേഷം ദീർഘമായി റുകൂഅ് ചെയ്യണം. പിന്നീട് വീണ്ടും ഫാതിഹയും ദീർഘമായി ഖുർആൻ പാരായണവും നിർവ്വഹിച്ച ശേഷം റുകൂഉം ഇഅ്തിദാലും നിർവ്വഹിക്കണം. അതിന് ശേഷം സുജൂദുകൾ നിർവ്വഹിച്ച് രണ്ടാമത്തെ റക്അത്തിലും മേൽപറഞ്ഞ പ്രകാരം നിർവ്വഹിക്കണം. ഫാതിഹയും സൂറത്തും ഉറക്കെയാണ് പാരായണം ചെയ്യേണ്ടത്. നമസ്കാര ശേഷം ഇമാം ഖുത്വുബ നിർവ്വഹിക്കുകയും വേണം.

## 6. ളുഹാ നമസ്കാരം

സൂര്യൻ ഉദിച്ചുയർന്നതിന് ശേഷം ഉച്ചയുടെ മുമ്പായിട്ടാണ് ഈ നമസ്കാരത്തിൻെറ സമയം. സൂര്യൻ ഉദിച്ചുയർന്ന് ചൂടുപിടിച്ചു തുടങ്ങുമ്പോഴാണ് ഏററവും ശ്രേഷ്ഠമായ സമയം. ഇത് ചുരുങ്ങിയത് രണ്ട് റക്അത്തും കൂടിയാൽ എട്ട് റക്അത്തുവരെയുമാകാം.

ഈ നമസ്കാരത്തിന് തന്നെ ഹദീസുഗ്രന്ഥങ്ങളിൽ സ്വലാതുൽ അവ്വാബീൻ صلاة الأوّابين എന്നും صلاةُ الإشــراق സ്വലാതുൽ ഇശ്റാഖ് എന്നും പേരുള്ള തായി കാണാവുന്നതാണ്.

ഇക്കാര്യം താഴെ പറയുന്ന നബിവചനത്തിലൂടെ മനസ്സിലാക്കാവുന്നതാണ്.

അബൂഹുറൈറ(റ) പറയുന്നു:

وعن أبي هريرة رضي الله عنه وَصَانِي خَلِيلِي صـــلى الله عليه وسلم بِثَلاثٍ لَــسْتُ بِتَارِكِهِنَّ أَنْ لا أَنَامَ إِلاَّ عَلَى وِتْرٍ وَأَنْ لا أَدَعَ رَكْعَتَيْ الضُّحَى فَإِنَّهَا صَــلاةُ الأَوَّابِــينَ وَصِيَامُ ثَلاثَةِ أَيَّامٍ مِنْ كُلِّ شَهْرٍ(صــحيح ابــن خزيمــة للألبـاني)

" എന്റെ പ്രിയപ്പെട്ട പ്രവാചകൻ(സ) എന്നോട് മൂന്ന് കാര്യങ്ങൾ കൽപിക്കുകയുണ്ടായി. ഞാനൊരിക്കലും അവ ഉപേക്ഷിക്കാറില്ല. വിത്റ് നമസ്കരിച്ചു കൊണ്ടല്ലാതെ ഉറങ്ങാതിരിക്കുക, രണ്ട് റക്അത്ത് ളുഹാ നമസ്കാരം ഉപേക്ഷിക്കാതിരിക്കുക. അത് അവ്വാബീൻ നമസ്കാരമാണ്, എല്ലാ മാസങ്ങളിലും മൂന്ന് ദിവസം നോമ്പ് അനുഷ്ഠിക്കുക എന്നിവയാണവ." (അൽബാനി സ്വഹീഹ് ഇബ്നു ഖുസൈമ)

## 6. രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ

മുസ്ലിംകളുടെ രണ്ട് ആഘോഷ സുദിനങ്ങളാണ് ഈദുൽ ഫിത്വ്റും (ചെറിയ പെരുന്നാളും) ഈദുൽ അള്ഹ (ബലി പെരുന്നാളും) യും. വിശ്വാസികളുടെ ആഘോഷങ്ങളും ആരാധനയുടെ ഭാഗമാണ്. അതിനാൽ പെരുന്നാളുകളിൽ വിശ്വാസികൾ നിർവ്വഹിക്കേണ്ട പ്രധാന കർമ്മങ്ങളിൽ ഒന്നാണ് പെരുന്നാൾ നമസ്കാരം صَلَاةُ الْعِيدِ .

പെരുന്നാൾ നമസ്കാരം ആബാല വൃദ്ധം ജനങ്ങളും സ്ത്രീകൾ ഉൾപ്പടെ മൈതാനത്ത് വെച്ച് നിർവ്വഹിക്കലാണ് നബിചര്യ. സൂര്യോദയത്തിനു ശേഷം അധികം വൈകാതെയായിരുന്നു പ്രവാചകൻ(സ) പെരുന്നാൾ നമസ്കരിച്ചിരുന്നത്. പെരുന്നാൾ നമസ്കാരം രണ്ട് റക്അത്താണ്. ഒന്നാം റക്അത്തിൽ തക്ബീറതുൽ ഇഹ്റാമിന് ശേഷം ഏഴ് തക്ബീറുകളും രണ്ടാം റക്അത്തിൽ ഫാതിഹയും സൂറത്തും പാരായണം ചെയ്യുന്നതിന് മുമ്പ് അഞ്ച് തക്ബീറുകളും ചൊല്ലൽ ഈ നമസ്കാരത്തിൻെറ പ്രത്യേകതയാണ്. തക്ബീറുകളോടൊപ്പം തക്ബീറതുൽ ഇഹ്റാമിൻെറ അവസരത്തിൽ നിർവ്വഹിക്കുന്ന പോലെ കൈകൾ ഉയർത്തി വീണ്ടും നെഞ്ചിൽ കെട്ടേണ്ടതാണ്. നമസ്കാരത്തിൽ ഫാതിഹയും സൂറത്തും ഉറക്കെയാണ് പാരായണം ചെയ്യേണ്ടത്. സൂ

റതുൽ 'അഅ്‌ല'യും 'ഗാശിയ'യും അതല്ലെങ്കിൽ 'ഖാഫും' 'ഖമറും' പാരായണം ചെയ്യൽ സുന്നത്താണ്. നമസ്കാര ശേഷം ഇമാം ഖുത്വുബ നിർവ്വഹിക്കേണ്ടതുമാണ്. പെരുന്നാൾ നമസ്കാരത്തിന് ബാങ്കോ ഇഖാമത്തോ, നമസ്കാരത്തിന് മുമ്പോ ശേഷമോ സുന്നത്തു നമസ്കാരങ്ങളോ നബിചര്യയിൽ ഉൾപ്പെട്ടതല്ല.

## 7. മഴക്കുവേണ്ടിയുള്ള നമസ്കാരം

ഐഹിക ജീവിതം ഒരു പരീക്ഷണമാണ്. അല്ലാഹു മനുഷ്യനെ പല വിധേനെയും പരീക്ഷിച്ചുകൊണ്ടിരിക്കും. അക്കൂട്ടത്തിൽ പെട്ടതാണ് വരൾച്ചയും ക്ഷാമവും മുഖേനെയുള്ള പരീക്ഷണങ്ങൾ. ഇത്തരം ഘട്ടങ്ങളിൽ മനുഷ്യർ തെററുകളിൽ നിന്ന് മുക്തരായി അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് വിനയാന്വിതരായി പ്രാർത്ഥനകളിൽ മുഴുകുകയും നമസ്കരിക്കുകയുമാണ് ചെയ്യേണ്ടത്. മഴ കിട്ടാതെ പ്രയാസപ്പെടുന്ന സന്ദർഭങ്ങളിൽ നിർവ്വഹിക്കേണ്ട നമസ്കാരമാണ് صَلَاةُ الإِسْتِسْقَاءِ സ്വലാതുൽ ഇസ്തിസ്ഖാഅ്.

സ്വലാതുൽ ഇസ്തിസ്ഖാഅ് (മഴയെ തേടിയുള്ള നമസ്കാരം) പെരുന്നാൾ നമസ്കാരം പോലെയാണ് നമസ്കരിക്കേണ്ടത്.

ഇബ്നു അബ്ബാസ്(റ) പറയുന്നത് കാണുക:

خَرَجَ رَسُولُ اللهِ صلى الله عليه وسلم مُتَوَاضِعًا مُتَبَذِّلاً مُتَخَشِّعًا مُتَضَرِّعًا فصلَّى رَكْعَتَيْنِ كَمَا يُصَلِّي فِي الْعِيدِ (صحيح ابن خزيمة وابن ماجة للألباني)

"നബി(സ) താഴ്മയോടും വിനയത്തോടും ഭക്തി യോടും കൂടി പുറപ്പെടുകയും ശേഷം പെരുന്നാൾ നമസ്കാരം പോലെ രണ്ടു റക്അത്ത് നമസ്കരി ക്കുകയും ചെയ്തു." (അൽബാനി സ്വഹീഹ് ഇബ്നു ഖുസൈമ, ഇബ്നുമാജ)

അലി(റ) വിന്റെ പ്രവർത്തനം ഇമാം ശാഫിഈ (റ) തന്റെ മുസ്നദിൽ ഇപ്രകാരം ഉദ്ധരിച്ചതായി കാ ണാം:

إبراهيمُ بن محمد حدثني : جَعْفَر عن أبيه عن علي بن أبي طالب رضي اللَّه عنه -: أنه كبَّر في العيدين والاستسقاءِ سبعًا وخمسًا وجَهَرَ بالقراءة (مسند الشافعي ترتيب السندي صفحة ٤٨٥)

"അലി(റ), അദ്ദേഹം പെരുന്നാൾ നമസ്കാരം പോ ലെത്തന്നെ ഇസ്തിസ്ഖാഇലും ഏഴും അഞ്ചും ത ക്ബീറുകൾ ചൊല്ലുകയും ഉറക്കെ പാരായണം ചെ യ്യുകയും ചെയ്തു." (മുസ്നദു ശാഫിഇ പേജ്: 485)

അതുകൊണ്ട് തന്നെ ഈ നമസ്കാരം പെരുന്നാൾ നമസ്കാരംപോലെ മൈതാനത്ത് വെച്ച് രണ്ട് റക്

അത്താണ് നമസ്കരിക്കേണ്ടത്. നമസ്കാരം നിർവ്വഹിച്ച ശേഷം ഇമാം ഖുത്വുബ നിർവ്വഹിക്കഹിക്കുകയും ചെയ്യേണ്ടതാണ്. നമസ്കാരത്തിന് വിളംബരം ചെയ്യുമ്പോൾ തന്നെ പശ്ചാതാപത്തോടെയും വിനയത്തോടെയും പുറപ്പെടാനും ആളുകളുമായുള്ള ഇടപാടുകൾ പൂർത്തിയാക്കാനും ഓർമ്മപ്പെടുത്തേണ്ടതാണ്.

നമസ്കാരത്തിനു ശേഷം നബി(സ) ദീർഘമായി കൈകൾ ഉയർത്തി പ്രാർത്ഥിക്കുകയും പ്രാർത്ഥനയുടെ അവസാനത്തിൽ നബി(സ) താൻ ചുമലിലിട്ടിരുന്ന മുണ്ട് പാട് മാററി ഇടതു ഭാഗം വലത്തോട്ടും വലതു ഭാഗം ഇടത്തോട്ടുമാക്കി ധരിക്കുകയും ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് പ്രാർത്ഥിച്ചതായും അതിനെ അനുകരിച്ച് സ്വഹാബികളും അപ്രകാരം നിർവ്വഹിച്ചതായും ഹദീസുകളിൽ വന്നിട്ടുണ്ട്.

## 8. വുളൂവിന് ശേഷമുള്ള നമസ്കാരം

مَا مِنْ مُسْلِمٍ يتوَضَا فَيُحْسِنُ وُضُوءَهُ ثُمَّ يَقُومُ فَيُصَلِّي رَكْعَتَيْنِ مُقْبِلٌ عَلَيْهِمَا بِقَلْبِهِ وَوَجْهِهِ إلاَّ وَجَبَتْ عَلَيْهِ الْجَنَّةُ (مختصر مسلم رقم: ١٤٣ )

“ഏതൊരു മുസ്‌ലിമാണോ നന്നായി വുളു എടുത്ത് മനസ്സും ശരീരവും അറിഞ്ഞുകൊണ്ട് രണ്ട് റക്

അത്ത് നമസ്കരിക്കുന്നത് അവന് സ്വർഗ്ഗം നിർബ ന്ധമായും ലഭിക്കുന്നതാണ് "(മുഖ്തസ്വറു മുസ്ലിം ഹദീസ് നമ്പർ 143)

قَالَ رسول الله صلى الله عليه وسلم لِبلالٍ عِنْدَ صَلاَةِ الْغَـدَاةِ يَا بِلاَلُ حَدِّثْنِي بِأَرْجَى عَمَلٍ عَمِلْتَـهُ عِنْـدَكَ فِـي الإِسْـلاَمِ مَنْـفَعَةً فَإِنِّي سَمِعْتُ اللَّيْلَةَ خَشْفَ نَعْلَيْكَ بَيْنَ يَـدَيْ فِـي الْجَنَّـةِ قَالَ بِلاَلُ مَا عَمِلْتُ عَمَلاً فِي الإِسْـلاَمِ أَرْجَى عِنْدِي مَنْفَعَةً مِنْ إِنِّي لاَ أَتَطَهَّرُ طُهُورًا تَامًا فِي سَاعَةٍ مِنْ لَيْـلٍ وَلاَ نَهَارٍ إِلاَّ صَلَّيْتُ بِذَلِكَ الطَّهُورِ مَا كَتَـبَ اللهُ لِـي أَنْ أُصَـلِّيَ (مختصر مسلم حديث رقم : ١٦٨٣)

നബി(സ) ഒരിക്കൽ ബിലാൽ(റ) വിനോട് ചോദിച്ചു: ഇന്നലെ സ്വർഗ്ഗത്തിൽ ഞാൻ താങ്കളുടെ ചെരിപ്പടി ശബ്ദം കേട്ടു. എന്താണ് നിങ്ങൾ പ്രവർത്തിക്കുന്ന പുണ്യകർമ്മം അദ്ദേഹംപറഞ്ഞു: ഞാൻ രാത്രിയോ പകലോ എപ്പോൾ ശുദ്ധിവരുത്തിയാലും (വുളു എ ടുത്താലും രണ്ട് റക്അത്ത്) നമസ്കരിക്കും. ( മുഖ് തസ്വറു മുസ്ലിം നമ്പർ: 1682)

## 9. മയ്യിത്ത് നമസ്കാരം

മയ്യിത്ത് നമസ്കാരം വളരെയേറെ പ്രതിഫലാർഹ മായ കർമ്മമാണ്. എല്ലാവർക്കും നിർബന്ധമാണ്. എന്നാൽ അത് ആരെങ്കിലും നിർവ്വഹിച്ചാൽ എല്ലാ

വരുടേയും കുററം ഒഴിവാവുകയും നിർവ്വഹിച്ചവർ മാത്രം പ്രതിഫലാർഹരാവുകയും ചെയ്യുന്ന, ഫർള് കിഫ (സാമൂഹ്യ ബാധ്യത) യിൽ പെട്ടതാണ് അത്.

"ഇമാം നിൽക്കേണ്ടത് മയ്യിത്ത് പുരുഷന്റേതാണെങ്കിൽ തലഭാഗത്തും സ്ത്രീയുടെ മയ്യത്താണ് എങ്കിൽ മധ്യഭാഗത്തും ആയിരിക്കണം." (അബൂദാവൂദ്)

നാല് തക്ബീറുകളാണ് ഈ നമസ്കാരത്തിന് ഉള്ളത് ഓരോ തക്ബീറിനോടൊപ്പവും മററു നമസ്കാരത്തിൽ തക്ബീറത്തുൽ ഇഹ്റാം നിർവ്വഹിക്കാറുള്ളത് പോലെ രണ്ട് കൈകൾ ചുമലുകൾക്ക് നേരെ ഉയർത്തിയ ശേഷം നെഞ്ചുകളിൽ വെക്കേണ്ടതാണ്.

ഒന്നാം തക്ബീറിന് ശേഷം സൂറത്തുൽ ഫാതിഹ: ഓതുക: തുടർന്ന് കൈകൾ മുകളിൽ പറഞ്ഞ പോലെ അഴിച്ചുകെട്ടി നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുക:

اَللهُمَّ صَلِّ عَلَىَ مُحَمَدِ وَعَلَىَ آلِ مُحَمَدِ كَمَا صَلَّيْتَ عَلَى إبراهيم وعلى آلِ إبْرَاهِيم إنَّكَ حَمِيدٌ مَجِيدٌ وَبَارِكْ عَلَىَ مُحَمَدِ وَعَلَىَ آلِ مُحَمَدِ كَمَا بَارَكْتَ عَلَىَ إبْرَاهِيمَ وعلى آلِ إبْرَاهِيمَ إنَّكَ حَمِيدٌ مَجِيدٌ

(അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത അലാ ഇബ്റാഹീമ വ

അലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്, വ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ് )

“അല്ലാഹുവേ ഇബ്റാഹീം നബി(അ)ക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ ഗുണം നൽകിയ പോലെ മുഹമ്മദ് നബി(സ)ക്കും കുടുംബത്തിനും നീ ഗുണം നൽകേണമേ തീർച്ചയായും നീ ഏററവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു, ഇബ്റാഹീം നബി(അ)ക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അനുഗ്രഹം നൽകിയപോലെ മുഹമ്മദ് നബി(സ)ക്കും കുടുംബത്തിനും നീ അനുഗ്രഹം നൽകേണമേ തീർച്ചയായും നീ ഏററവും സ്തുത്യർഹനും ശ്രേഷ്ഠവാനുമാകുന്നു”.

മൂന്നാം തക്ബീറിന്ന് ശേഷം മയ്യത്തിന് വേണ്ടി പ്രാർത്ഥിക്കുക: പ്രാർത്ഥന വ്യത്യസ്ത രൂപത്തിൽ ഹദീസുകളിൽ കാണാവുന്നതാണ്. ഒരു രൂപം താഴെ ചേർക്കുന്നു:

اللهم اغْفِرْلَهُ وَارْحَمْهُ وَعَافِهِ وَاعْفُ عَنْهُ وَأَكْرِمْ نُزُلَهُ وَوَسِّعْ مُدْخَلَهُ واغْسِلْهُ بِالْمَاءِ والثَلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَوْبُ الأَبْيَضُ مِنَ الدَّنَس وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ

وَأَهْلاً خَيْرًا مِنْ أَهْلِهِ وَزَوْجًا خَيْرًا مِنْ زَوْجِهِ وَأَدْخِلْهُ الْجَنَّةَ وَأَعِذْهُ مِنْ عَذَابِ الْقَبْرِ وَعَذَابِ النَّارِ ( صحيح مسلم)

"അല്ലാഹുമ്മ ഗ്ഫിർ ലഹു വർഹംഹു വ ആഫിഹി വ അ്ഫു അൻഹു വഅക്്രിം നുസ്ലഹു വവസ്സിഅ് മ ദ്ഖലഹു വഗ്സിൽഹു ബിൽമാഇ വഥ്ഥൽജി വൽ ബർദ് വനഖിഹി മിനൽ ഖത്വായാ കമാ യുനഖ്വഥ് ഥൗബുൽ അബ്യളു മിനദ്ദനസ് വഅബ്ദിൽഹു ദാ റൻ ഖയ്റൻ മിൻ ദാരിഹി, വഅഹ്ലൻ ഖയ്റൻ മി ൻ അഹ്ലിഹി, വസൗജൻ ഖൈറൻ മിൻ സൗജിഹി വഅദ്ഖിൽഹുൽ ജന്നത്ത വഅഇദ്ഹു മിൻ അദാ ബിൽ ഖബ്രി വഅദാബിന്നാർ." (മുസ്ലിം)

നാലാം തക്ബീറിന് ശേഷവും നബി(സ) മയ്യത്തിനു വേണ്ടി പ്രാർത്ഥിക്കുമായിരുന്നു.

اَللّهُمَّ لا تُحَرِّمْنَا أَجْرَهُ وَلاَ تَفْتِنَّا بَعْدَهُ . رواه أحمد وأبو داود والترمذي وابن ماجه

"അല്ലാഹുമ്മ ലാ തുഹർരിംനാ അജ്റഹു വലാ തഫ് തിന്നാ ബഅ്ദഹു (അല്ലാഹുവേ ഇതിന്റെ പ്രതിഫ ലം നീ ഞങ്ങൾക്ക് തടയരുതേ, ഇദ്ദേഹത്തിനു ശേ ഷം നീ ഞങ്ങളെ നാശത്തിലാക്കുകയും അരുതേ" (അഹ്മദ്, അബൂദാവൂദ്, തിർമിദി, ഇബ്നുമാജ)

എന്ന് നബി(സ) മയ്യത്തു നമസ്കാരത്തിൽ പ്രാർത്ഥിച്ചിരുന്നതായി ഹദീസുകളിൽ വന്നതിനാൽ ഇതുപോലുള്ള പ്രാർത്ഥനകൾ നാലാം തക്ബീറിന് ശേഷം പ്രാർത്ഥിക്കാവുന്നതാണ്. ശേഷം അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാ എന്ന് പറഞ്ഞുകൊണ്ട് സലാം വീട്ടുകയും ചെയ്യുക.

ഒരു പ്രദേശത്ത് ഒരാൾ മരണപ്പെടുകയും അയാൾക്ക് വേണ്ടി ആരും മയ്യിത്ത് നമസ്കാരം നിർവ്വഹിച്ചിട്ടില്ലെങ്കിൽ മാത്രം അദൃശ്യമായി (മയ്യിത്ത് മുന്നിലില്ലാതെ) നമസ്കരിക്കാവുന്നതാണ്. അതുമാത്രമാണ് നബിചര്യയിൽ മാതൃകയുള്ളത്. അല്ലാത്ത സന്ദർഭങ്ങളിൽ ആർക്കെങ്കിലും, തനിക്കു വേണ്ടപ്പെട്ടവർക്കായി മയ്യിത്ത് നമസ്കാരം നിർവ്വഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാളുടെ ഖബറിനടുത്ത് വെച്ച് നമസ്കരിക്കലാണ് നബിചര്യ.

## 10. ഫജ്ര് ഉംറകളുടെ പ്രതിഫലം

مَنْ صَلَّى الْفَجْرَ فِي جَمَاعَةٍ ثُمَّ قَعَدَ يَـذْكُرُ اللهَ حَتَّـى تَطْلُـعَ الشَّمْسُ ثُمَّ صَلَّى رَكْعَتَيْنِ كَانَتْ لَهُ كَأَجْرِ حَجَّةٍ وَ عُمْرَةٍ تَامَّةٍ تَامَّةٍ تَامَّةٍ (الترمذي، صحيح الجامع ٦٣٤٧)

"ആരെങ്കിലും സുബ്ഹി നമസ്കാരം ജമാഅത്തായി നമസ്കരിച്ച ശേഷം സൂര്യോദയംവരെ അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ട് ഇരിക്കുകയും പി

ന്നീട് രണ്ട് റകഅത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് ഒരു ഹജ്ജിന്റേയും ഉംറയുടേയും പ്രതിഫലം പൂർണ്ണമായ ലഭിക്കുന്നതാണ്. പൂർണ്ണമായും, പൂർണ്ണമായിത്തന്നെ ലഭിക്കും." (തിർമിദി, അൽബാനി സ്വഹീഹുൽ ജാമിഅ് 6347)

## 11. ഉംറയുടെ പ്രതിഫലമുള്ള നമസ്കാരം

നബി(സ) ആദ്യമായി നിർമ്മിച്ച പള്ളിയായ മദീനയിലെ ഖുബാഅ് പള്ളിയിൽ വെച്ചുള്ള നമസ്കാരത്തിന് ഉംറയുടെ പ്രതിഫലമാണ്.

الصَلاَةُ فِي مسجِدِ قُبَاءٍ كَعُمْرَةٍ (أحمد، ابن ماجه ، الحاكم صحيح الجامع للألباني ٣٨٧٢)

"ഖുബാഅ് മസ്ജിദിൽ വെച്ചുള്ള നമസ്കാരം ഉംറ പോലെയാണ്." (അഹ്മദ്, ഇബ്നുമാജ, ഹാകിം. അൽബാനി സ്വഹീഹുൽ ജാമിഅ്: 3872)

## 12. ത്വവാഫിന്റെ നമസ്കാരം

ഹജ്ജിന്റെയും ഉംറയുടേയും റുക്നായോ അല്ലാത്ത നിലയിലോ ത്വവാഫ് നിർവ്വഹിക്കുന്ന വ്യക്തി ത്വവാഫ് ഏഴ് ചുററൽ പൂർത്തിയായിക്കഴിഞ്ഞാൽ മഖാമ് ഇബ്റാഹീം തന്റെ മുന്നിലായിവരത്തക്ക നിലയിൽ (ത്വവാഫ് ചെയ്യുന്ന മററുള്ള ആളുകൾക്ക് പ്രയാസമാകാത്ത നിലക്ക്) രണ്ട് റകഅത്ത് നമസ്

കരിക്കൽ സുന്നത്താണ്. ഇതിൽ ഒന്നമത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം 'സൂറത്തുൽ കാഫിറൂന'യും രണ്ടാം റക്അത്തിൽ 'സൂറതുൽ ഇഖ്ലാസും' പാരായണം ചെയ്യൽ സുന്നത്താണ്.

## 13. യാത്രയുടെ നമസ്കാരം

നബി(സ) യാത്രയുടെ മര്യാദകൾ പഠിപ്പിച്ച കൂട്ടത്തിൽ ഇപ്രകാരം കാണാം:

إذَا خَرَجْتَ مِنْ مَنْزِلِكَ فصَلِّ رَكْعَتَيْنِ تَمْنَعَانِكَ مَخْرَجَ السُّوءِ ، وَإِذَا دَخَلْتَ إلى مَنْزِلِكَ فصَلِّ رَكْعَتَيْنِ تَمْنَعَانِكَ مَدْخَلَ السُّوءِ (حديث حسن، رواه البزار و البيهقي في شعب الإيمان، صحيح الجامع للألباني رقم: ٥٠٥، سلسلة الصحيحة رقم : ١٣٢٣)

"നീ നിന്റെ വീട്ടിൽ നിന്നും പുറപ്പെടുമ്പോൾ രണ്ട് റക്അത്ത് നമസ്കരിക്കുക. അത് യാത്രയിലെ ദൂഷ്യങ്ങളെ തടുക്കുന്നതാണ്. തിരിച്ചെത്തി വീട്ടിൽ പ്രവേശിച്ചാലും രണ്ട് റക്അത്ത് നമസ്കരിക്കുക. അത് പ്രവേശനത്തിലെ ദൂഷ്യങ്ങളെ തടുക്കുന്നതാണ്." (ബസ്സാർ, ബൈഹഖി, അൽബാനി സ്വഹീഹുൽ ജാമിഅ് നമ്പർ: 505, സിൽസിലതു സ്വഹീഹ: 1323)

യാത്ര കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തുമ്പോൾ പള്ളിയിൽ വെച്ച് രണ്ട് റക്അത്ത് നമസ്കരിക്കലും നബിചര്യയിൽ കാണാവുന്നതാണ്.

## 14. മണിയറയിലെ നമസ്കാരം

വിവാഹ ദിവസം ദമ്പതിമാർ തമ്മിൽ ആദ്യം കണ്ടുമുട്ടുമ്പോഴുള്ള പ്രാർത്ഥന നിർവ്വഹിച്ച ശേഷം രണ്ടു പേരും ഒരുമിച്ച് രണ്ട് റക്അത്ത് നമസ്കരിക്കണമെന്ന നിർദ്ദേശം പ്രവാചക നിർദ്ദേശങ്ങളിൽ കാണാം:

അബൂ ഉസൈദിന്റെ അടിമയായ അബൂ സഈദ്(റ) പറയുന്നു: ഞാൻ അടിമയായിരിക്കുന്ന അവസരത്തിലാണ് വിവാഹിതനായത്. വിവാഹം കഴിഞ്ഞ് പ്രമുഖ സ്വഹാബികളായ ഇബ്നുമസ്ഊദ്, അബൂദർറ്, ഹുദൈഫ (റ) എന്നിവർ ഉൾപ്പെടെയുള്ളവരെ എന്റെ വീട്ടിലേക്ക് ക്ഷണിച്ചു. അന്നേരം അവർ എന്നോട് ഇങ്ങനെ പറഞ്ഞു:

إِذَا دَخَلَ عليك أَهْلُكَ فَصَلِّ رَكْعَتَيْنِ ثُمَّ سَلِ اللهَ مِنْ خَيْـرِ مَـا دَخَلَ عَلَيْكَ وَتَعَوَّذْ مِنْ شَرِّهِ ثُمَّ شَأْنُكَ وَشَأْنُ أَهْلِكَ (مُـصَنَّفُ ابن أبي شيبة ، آداب الزفاف لألباني صحف : ٩٤)

“നിന്റെ ഭാര്യ നിന്റെ അടുത്തേക്ക് കടന്നു വന്നാൽ നീ അവളേയും കൊണ്ട് രണ്ട് റക്അണ്ട് നമസ്കരിക്കുകയും ശേഷം നിന്നിലേക്ക് വന്നവളിലെ നന്മയെ ചോദിച്ചും തിന്മയിൽ നിന്ന് രക്ഷ ചോദിച്ചും പ്രാർത്ഥിക്കുക, തുടർന്ന് നിന്റെയും നിന്റെ

ഇണയുടെ കാര്യത്തിലും.” (മുസ്വന്നഫ് അബീശൈബ, അൽബാനിയുടെ ആദാബുസ്സിഫാഫ് പേജ്: 94)

അബ്ദുല്ലാഹി ബ്നു മസ്ഊദ് (റ) തൻെറയടുക്കൽ വിവാഹിതനായ വിവരം പറഞ്ഞ് ഭാര്യയിൽ നിന്നും വെറുപ്പുണ്ടാക്കുന്ന കാര്യങ്ങൾ സംഭവിക്കാതിരിക്കട്ടെ എന്ന് പറഞ്ഞ ഒരു വ്യക്തിയോട് ഇപ്രകാരം പറഞ്ഞുകൊടുത്തു:

ഇണക്കം അല്ലാഹുവിൽ നിന്നും, വെറുപ്പ് പിശാചിൽ നിന്നുമാണ്. അല്ലാഹു നിങ്ങൾക്ക് അനുവദിച്ചു തന്നതിൽ നിങ്ങൾക്ക് വെറുപ്പ് ഉണ്ടാക്കാനാണ് പിശാച് ശ്രമിക്കുക. അതിനാൽ നിൻെറ ഇണ നിൻെറ അടുക്കൽ പ്രവേശിച്ചാൽ നീ അവളോട് നിൻെറ പിന്നിലായി നിന്ന് രണ്ട് റക്അത്ത് നമസ്കരിക്കാൻ പറയുകയും ശേഷം ഇങ്ങിനെ പ്രാർത്ഥിക്കുകയും ചെയ്യുക:

اللهمَّ بارِكْ لِي فِي أهْلِي وَبَارِكْ لَهُمْ فِيَّ اللهمَّ اجْمَعْ بَيْنَنَا مَا جَمَعْتَ بِخَيْرٍ وَفَرِّقْ بَيْنَنَا إذَا فَرَّقْتَ إلَى خَيْرٍ (مصنف عبد الرزاق، الطبراني في الأوسط، آداب الزفاف للألباني صحفة ٩٦:)

“അല്ലാഹുമ്മ ബാരിക് ലീ ഫീ അഹ്ലീ, വ ബാരിക് ലഹും ഫിയ്യ, അല്ലാഹുമ്മജ്മഅ് ബയ്നനാ മാ ജമഅ്ത ബി ഖയ്രിൻ വഫർരിഖ് ബയ്നനാ ഇദാ ഫർറ

ഖ്ത ഇലാ ഖയ്ർ. (അല്ലാഹുവേ എനിക്ക് എന്റെ ഇണയിലൂടെ നീ അനുഗ്രഹം ചൊരിയേണമേ, എന്നിലൂടെ അവൾക്കും. അല്ലാഹുവേ ഞങ്ങളെ നീ ഒരുമിച്ച് ചേർത്തത് നീ നന്മയിൽ ഒരുമിച്ചു കൂട്ടുകയും, നീ ഞങ്ങളെ വേർപിരിക്കുമ്പോൾ നന്മയിലേക്ക് ഞങ്ങളെ നീ വേർപിരിക്കുകയും ചെയ്യേണമേ)."(മുസ്വന്നഫ് അബ്ദുർറസാഖ്, ത്വബ്റാനിയുടെ ഔസത്വ്, അൽബാനി ആദാബുസ്സിഫാഫ് പേജ്: 96)

## 15. തൗബയുടെ നമസ്കാരം

عن أبي بكر رضي الله عنه قال سَمِعْتُ رَسُولَ الله صلى الله عليه وسلم يَقُولُ مَا مِنْ رَجُلٍ يُذْنِبُ ذَنْبًا ثُمَّ يَقُومُ فَيَتَطَهَّرُ ثُمَّ يُصَلِّي ثُمَّ يَسْتَغْفِرُ اللَّهَ إلاَّ غَفَرَ اللهُ لَهُ ثُمَّ قَرَأَ هَذِهِ الآيَةَ

﴿وَٱلَّذِينَ إِذَا فَعَلُواْ فَٰحِشَةً أَوْ ظَلَمُوٓاْ أَنفُسَهُمْ ذَكَرُواْ ٱللَّهَ﴾ آل عمران:١٣٥ ) إلى آخر الآية (النسائي وابن ماجه وابن حبان والبيهقي ابن خزيمة ألباني صحيح الترغيب والترهيب ١/رقم ٦٨٠،صحيح أبو داود ٢/٨٦ رقم ١٥٢١، صحيح مشكاة١/رقم ١٣٢٤، صحيح الترمذي ٢/٢٨٧ رقم ٤٠٦)

“അബൂബക്കർ(റ) പറയുന്നു നബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: ഏതൊരു മനുഷ്യനാണോ തെററ് സംഭവിക്കുകയും ശേഷം നല്ല നിലയിൽ വുളു നിർവ്വഹിച്ച് രണ്ട് റക്അത്ത് നമസ്കരിച്ച് അല്ലാഹുവിനോട് പാപമോചനം തേടുന്നത്, അല്ലാഹു അവന് പൊറുത്ത് കൊടുക്കാതിരിക്കുകയില്ല. ശേഷം അദ്ദേഹം സൂറ: ആലുഇംറാനിലെ താഴെ പറയുന്ന ആയത്ത് ഓതുകയും ചെയ്തു:

﴿ وَٱلَّذِينَ إِذَا فَعَلُواْ فَٰحِشَةً أَوْ ظَلَمُوٓاْ أَنفُسَهُمْ ذَكَرُواْ ٱللَّهَ فَٱسْتَغْفَرُواْ لِذُنُوبِهِمْ وَمَن يَغْفِرُ ٱلذُّنُوبَ إِلَّا ٱللَّهُ وَلَمْ يُصِرُّواْ عَلَىٰ مَا فَعَلُواْ وَهُمْ يَعْلَمُونَ ﴾ (آل عمران:١٣٥)

(വല്ല നീചകൃത്യവും ചെയ്തുപോയാൽ അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പു തേടുകയും ചെയ്യുന്നവർക്ക് വേണ്ടി പാപങ്ങൾ പൊറുക്കാൻ അല്ലാഹുവല്ലാതെ ആരാണുള്ളത് ? ചെയ്തുപോയ ദുഷ്പ്രവൃത്തിയിൽ ഉറച്ചുനിൽക്കാത്തവരുമാണവർ (ആലു ഇംറാൻ : 135) ” (നസാഇ, ഇബ്നുമാജ, ഇബ്നുഹിബ്ബാൻ, ബൈഹ

ഖി, ഇബ്നു ഖുസൈമ, അൽബാനിയുടെ സ്വഹീഹ് തർഗീബ് വത്തർഹീബ് 1/നമ്പർ: 680, സ്വഹീഹ് അബൂദാവൂദ് 2/86 നമ്പർ : 1521, സ്വഹീഹ് മിശ്കാത് 1/നമ്പർ: 1324, സ്വഹീഹ് തിർമിദി 2/287 നമ്പർ: 406)

## സുന്നത്തുകൾ വീട്ടിൽ വെച്ച്

സുന്നത്തു നമസ്കാരങ്ങൾ (നബി(സ) ജമാഅത്തായി (സംഘമായി) നമസ്കരിച്ച് മാതൃക കാണിച്ചതല്ലാത്ത നമസ്കാരങ്ങൾ വീടുകളിൽ വെച്ച് നമസ്കരിക്കലാണ് ഉത്തമം. ഇക്കാര്യം താഴെ പറയുന്ന ഹദീസുകളിൽ നിന്നും ഗ്രഹിക്കാം.

عَلَيْكُمْ بِالصَّلاَةِ فِي بُيُوتِكُمْ فَإِنَّ خَيْرَ صَلاَةِ الْمَرْءِ فِي بَيْتِه إِلاَّ الْمَكْتُوبَةَ ( مسلم، إرواء الغليل ٢/حديث: ٤٤٣)

“നിങ്ങൾ വീടുകളിൽ വെച്ച് നമസ്കരിക്കുക. കാരണം ഒരു മനുഷ്യൻെറ നമസ്കാരങ്ങളിൽ ഉത്തമമായത് വീടുകളിൽ വെച്ച് നമസ്കരിക്കുന്നതാണ്. നിർബന്ധമല്ലാത്തവമാത്രം” (മുസ്ലിം, അൽബാനിയുടെ ഇർവാഉൽ ഗലീൽ: 2/ഹദീസ് നമ്പർ : 443)

اجْعَلُوا فِــي بُيُــوتِكُمْ مِــنْ صَــلاَتِكُم وَلاَ تَتَّخِــذُوهَا قُبُــورًا (البخاري)

"നിങ്ങളുടെ നമസ്കാരങ്ങളിൽ ചിലത് വീടുകളിൽ വെച്ച് നിർവ്വഹിക്കുക. വീടുകൾ നിങ്ങൾ ഖബർ സ്ഥാൻ പോലെയാക്കരുത്" (ബുഖാരി)

إذَا قَضَى أَحَدُكُمْ الصَّلَاةَ فِي مَسْجِدِهِ فَلْيَجْعَلْ فِي بَيْتِهِ نَصِيبًا فَإِنَّ اللهَ جَاعِلٌ فِي بَيْتِهِ مِنْ صَلَاتِهِ خَيْرًا (مسلم)

"നിങ്ങളുടെ നമസ്കാരങ്ങൾ നിങ്ങൾ പള്ളിയിൽ വെച്ച് നിർവ്വഹിക്കുമ്പോൾ ഒരു പങ്ക് വീട്ടിൽവെച്ചും നമസ്കരിക്കുക. അല്ലാഹു അതുമൂലം വീട്ടിൽ നന്മ നൽകുന്നതാണ്" (മുസ്ലിം)

## ഇഖാമത്തിനു ശേഷം സുന്നത്ത് പാടില്ല.

ഇഖാമത്ത് വിളിക്കപ്പെട്ടാൽ പിന്നീട് സുന്നത്തു നമസ്കരിക്കരുത്.

إذا أُقِيمَتِ الصَلاةُ فلا صَلاةَ إلاَّ الْمَكْتُوبَةُ (سنن النسائي للألباني ٢/١١٦ رقم: ٨٦٦ والترمذي ٢/٢٨٢ رقم الحديث ٤٢١)

"ഇഖാമത്ത് വിളിക്കപ്പെട്ടാൽ പിന്നെ ഫറള് നമസ്കാരമല്ലാതെയില്ല.) (അൽബാനിയുടെ സ്വഹീഹ് നസാഇ 2/116 ഹദീസ് 866, തിർമിദി: 2/282 ഹദീസ്: 421)

## സുന്നത്ത് സ്ഥലം മാറിക്കൊണ്ട്

മുആവിയ (റ) പറഞ്ഞതായി സാഇബ്ബ്നു ഉഖ്ത് (റ) പറയുന്നു: അദ്ദേഹം ജുമുഅ നമസ്കരിച്ച ഉട നെ സുന്നത്ത് നമസ്കരിച്ചു. അന്നേരം അദ്ദേഹം പ റഞ്ഞു: "ഇത് ഇനി ആവർത്തിക്കരുത്. ശേഷം ഇപ്ര കാരം അറിയിച്ചു:

فإنَّ رَسُولَ اللهِ ﷺ أمرنَا بذَلِكَ أنْ لا نُوصِلَ صَلاةً بِصَلاةٍ حَتَّى نَتَكَلَّمَ أوْ نَخْرُجَ (مسلم)

നബി(സ) അപ്രകാരം ഞങ്ങളോട് കൽപ്പിച്ചിട്ടുണ്ട്: ഒ രു നമസ്കാരം നിർവ്വഹിച്ച് സ്ഥലം മാറുകയോ (എ ന്തെങ്കിലും) സംസാരിക്കുകയോ ചെയ്യാതെ മറ്റൊ രു നമസ്കാരം അതിനോട് തുടർത്തരുത്." (മുഖ് തസ്വറു മുസ്ലിം നമ്പർ: 425)

ഇത് ജുമുഅ നമസ്കാരത്തിൽ മാത്രം പരിമിതപ്പെ ടുത്താതെ മറ്റെല്ലാ നമസ്കാരങ്ങൾക്കും ശ്രദ്ധി ക്കേണ്ട വിഷയം കൂടിയാണ്.

## അടിസ്ഥാനമില്ലാത്ത നമസ്കാരങ്ങൾ

### 1. ജുമുഅ ബാങ്കിനുശേഷമുള്ള നമസ്കാരം

വെള്ളിയാഴ്ച ഖത്വീബ് മിമ്പറിൽ കയറിയ ശേഷം ബാങ്ക് വിളിക്കലാണ് നബിചര്യ. അതോടുകൂടി ഖു തുബ ആരംഭിക്കുകയും ചെയ്യും. ഖുതുബസമയം

അത് ശ്രദ്ധാ പൂർവ്വം കേൾക്കൽ നിർബന്ധവുമാണ്. എന്നാൽ മിക്ക പ്രദേശങ്ങളിലും വെള്ളിയാഴ്ച ബാങ്ക് കൊടുത്താൽ പാമര ജനങ്ങൾ എഴുന്നേററ് രണ്ട് റക്അത്ത് നമസ്കരിക്കുന്നത് കാണാം. ഇത് നബിചര്യക്ക് വിരുദ്ധവും തീർത്തും അനാചാരവുമാണ്. അടിസ്ഥാനമില്ലാത്തതാണെന്ന് അറിഞ്ഞ ശേഷം പ്രവർത്തിക്കുന്നത് കുററകരവുമാണ്. അത് മസ്ജിദുൽ ഹറമിൽ വെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ പോലും ശരിയല്ല. ജുമുക്ക് മുമ്പ് തഹിയ്യത്ത് നമസ്കാരമല്ലാതെ പ്രത്യേകം സുന്നത്ത് നമസ്കാരം നിർവ്വഹിക്കുന്നതും നബിചര്യയിലുള്ളതല്ല.

## 2. ബറാഅത്ത് നമസ്കാരം

ശഅബാൻ പതിനഞ്ചിന് പ്രത്യേകം നോമ്പനുഷ്ഠിക്കുകയും അന്ന് രാത്രി പ്രത്യേകമായി സുന്നത്ത് നമസ്കരിക്കുകയും ചെയ്യൽ നബിചര്യയിൽ മാതൃകയില്ലാത്തതാണ്.

## 3. സ്വലാത്തുൽ ഹാജത്ത്

ഒരാൾക്ക് അല്ലാഹുവിലേക്കോ മനുഷ്യരിലേക്കോ വല്ല ആവശ്യവും നേരിടുമ്പോൾ അയാൾ വുളു നിർവ്വഹിച്ച് രണ്ട് റക്അത്ത് നമസ്കരിച്ച് അല്ലാഹുവിനെ സ്തുതിച്ച് നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലി താഴെ പറയും വിധം പ്രാർത്ഥിച്ചാൽ അ

യാളുടെ ആവശ്യം പൂർത്തീകരിക്കപ്പെടുന്നതാണ് എന്ന് പറയുന്ന ഹദീസുകൾ അബൂദാവൂദും തിർമിദിയും ഹാകിമുമെല്ലാം റിപ്പോർട്ട് ചെയ്തത് വ്യാജനിർമ്മിതവും ദുർബലവുമാണ്. (അൽബാനിയുടെ ളഈഫുൽ ജാമിഅ് നമ്പർ: 5809, മിശ്കാതുൽ മസാബീഹ് 1/1327 നമ്പറിൽ വ്യാജനിർമ്മിത ഹദീസായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.)

لا إله إلا الله الحليم الكريم سبحان الله رب العرش العظيم الحمد لله رب العالمين اللهم إني أسألك موجبات رحمتك وعزائم مغفرتك والغنيمة من كل بر والسلامة من كل إثم أسألك ألا تدع لي ذنبا إلا غفرته ولا هما إلا فرجته ولا حاجة هي لك رضا إلا قضيتها لي ثم يسأل الله من أمر الدنيا والآخرة ما شاء فإنه يقدر (ضعيف ابن ماجة ١/١٠٢ رقم: ٢٩٣ ، ضعيف الترمذي ١/٥٣ رقم : ٧٣، الحاكم ضعيف الجامع للألباني رقم: ٥٨٠٩)

## 4. മഗ്‌രിബിൻേറയും ഇശാഇൻേറയും ഇടക്ക് പ്രത്യേക നമസ്കാരം

മഗ്‌രിബിൻേറയും ഇശാഅ്ൻേറയും ഇടക്ക് ഉള്ളതായി പറയപ്പെടുന്ന ആറ് റക്അത്ത് നമസ്കാരവും സ്വഹീഹായി റിപ്പോർട്ട് ചെയ്യപ്പെട്ടില്ല.

ആരെങ്കിലും മഗ്രിബിന്റേയും ഇശാഇന്റേയും ഇടക്ക് ആറ് റക്അത്ത് നമസ്കരിച്ചാൽ അവന് പ ന്ത്രണ്ട് കൊല്ലം ഇബാദത്ത് ചെയ്തതിന് തുല്യമാ യ പ്രതിഫലം ലഭിക്കുന്നതാണ് എന്ന് പറയുന്ന വാ ചകങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ളത് അ ങ്ങേയററം ദുർബലമാണ് (അൽബാനിയുടെ സിൽ സിലതു ളഈഫ 1/681 നമ്പർ: 469, ളഈഫുത്തർഗീ ബ് വത്തർഹീബ് : 1/നമ്പർ: 331, ളഈഫുൽ ജാമി അ: 5661)

## 5. മഗ്രിബിന് ശേഷം ഇരുപത് റക്അത്ത്

ആരെങ്കിലും മഗ്രിബിനും ഇശാഇന്നുമിടയിൽ ഇ രുപത് റക്അത്ത് നമസ്കരിച്ചാൽ അല്ലാഹു അവ നായി സ്വർഗ്ഗത്തിൽ ഒരു വീട് പണിയുന്നതാണ് എ ന്നും, എല്ലാ റക്അത്തുകളിലും ഫാതിഹയും ഇഹ് ലാസും പാരായണം ചെയ്ത് ഇരുപത് റക്അത്ത് നമസ്കരിച്ചാൽ അവനും അവന്റെ സമ്പത്തും സ ന്താനങ്ങളും ഇഹത്തിലും പരത്തിലും അല്ലാഹുവി ന്റെ സംരക്ഷണത്തിലായിരിക്കും എന്നെല്ലാം വ ന്നിട്ടുള്ള ചില പരാമർശങ്ങൾ ഹദീസുഗ്രന്ഥങ്ങളിൽ കാണുന്നവ ദുർബലവും വ്യാജ നിർമ്മിതവുമാണ്. (അൽബാനിയുടെ മിശ്കാത്ത്: 1/നമ്പർ 1174, ളഈ ഫുൽ ജാമിഅ് : 5662, സിൽസിലതു ളഈഫ: 7/ ഹ ദീസ് നമ്പർ : 3306 )

## 6. റജബ് മാസത്തിൽ പ്രത്യേക നമസ്കാരം

റജബ് മാസത്തിൽ പൊതുവെയും ആദ്യ വെള്ളി യാഴ്ച രാവിൽ പ്രത്യേകമായും നമസ്കരിക്കാൻ പ റയപ്പെടുന്ന നമസ്കാരങ്ങളും അടിസ്ഥാനമില്ലാത്ത തും നിർവ്വഹിക്കൽ കുററകരമായതുമാണ്.

## 7. ഇഹ്റാമിൻെറ നമസ്കാരം

ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിക്കുന്നതി നായി പ്രത്യേകം നമസ്കാരം നബി(സ) നിർദ്ദേശി ച്ചിട്ടില്ല. എന്നാൽ ഏതെങ്കിലും നമസ്കാരസമയം അടുത്തു വന്നാൽ നമസ്കാരത്തിന് ശേഷം ഇഹ് റാമിൽ പ്രവേശിക്കുന്നത് നല്ലതാണ്. ഇഹ്റാമിന് എന്ന നിലക്ക് പ്രത്യേകം നമസ്കാരം സുന്നത്തില്ല. (അൽബാനിയുടെ ഹജ്ജുന്നബിയ്യി പേജ് : 94)

## 8. ശിർക്കിൻെറ നമസ്കാരം

അല്ലാഹു ഒരിക്കലും പൊറുക്കാത്ത മഹാപാപമായ ശിർക്കിൻെറ ഇനത്തിൽ പെട്ടതാണ് അല്ലാവോടല്ലാ തെ പ്രാർത്ഥിക്കുകയെന്നത് . എന്നാൽ മുഹ്യിദ്ദീ ൻ ശൈഖിനെ വിളിച്ചു പ്രാർത്ഥിക്കാനായി നിർമ്മി ച്ചുണ്ടാക്കപ്പെട്ട ഖുതുബിയ്യത്ത് പാരായണം ചെയ്യു ന്നതിന് മുമ്പായി പന്ത്രണ്ട് റക്അത്ത് നമസ്കരിച്ചു കൊണ്ടായിരിക്കണം പ്രസ്തുത കൃത്യം നിർവ്വഹി ക്കേണ്ടതെന്നാണ് തൽപരകക്ഷികളുടെ മതം. ആ

യതിനാൽ മേൽപറഞ്ഞ നമസ്കാരം മാത്രമല്ല ഖുതുബിയ്യത്ത് തന്നെ വർജ്ജിക്കേണ്ടതാണ്. തെററാണെന്ന് അറിഞ്ഞുകൊണ്ട് ഒരാൾ അത് നിർവ്വഹിക്കുകയോ അത്തരം വിഷയത്തിൽ സഹകരിക്കുകയോ ചെയ്താൽ അവർക്ക് സ്വർഗ്ഗം നിഷിദ്ധമാക്കപ്പെടുകയും ശാശ്വതമായി നരകത്തിൽ കഴിയേണ്ടി വരികയും ചെയ്യുന്നതാണ്.

ഒമ്പത്

## യാത്രക്കാരന്റെ നമസ്കാരം

യാത്ര എന്നത് ഇക്കാലത്ത് ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുകയാണ്. വാഹനങ്ങളുടെ ലഭ്യതയും സൗകര്യങ്ങളും വർദ്ധിച്ചിട്ടുണ്ടെങ്കിലും യാത്ര എന്നത് ഒരു തരത്തിലുള്ള ദുരിതം തന്നെയാണ്. അതുകൊണ്ടായിരിക്കാം പ്രവാചകൻ(സ) യാത്രയെ സംബന്ധിച്ച് قِطْعَةٌ مِنَ الْعَـذَابِ (ശിക്ഷയുടെ ഒരു തുണ്ടമാണ്) എന്ന് പറഞ്ഞത്.

യാത്ര എത്ര ക്ലേശകരമാണെങ്കിലും നമസ്കാരം ഒഴിവാക്കാൻ പാടില്ലാത്തതാണ്. എന്നാൽ മനുഷ്യ പ്രകൃതി അറിയുന്ന പടച്ചവൻ യാത്രക്കാരന് നമസ്കാരത്തിന്റെ വിഷയത്തിൽ പല ഇളവുകളും നൽകിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് രണ്ട് നമസ്കാരങ്ങൾ ഒരുമിച്ച് കൂട്ടി നമസ്കരിക്കാൻ അനുവദിച്ചിട്ടുള്ളത്. ഇതിന് الْجَمْعُ ജംഅ് (ഒരുമിച്ച് കൂട്ടി നമസ്കരിക്കൽ) എന്ന് പറയുന്നു. മറ്റൊരു ആനുകൂല്യമാണ് നാല് റക്അത്തുള്ള നമസ്കാരം രണ്ട് റക്അത്ത് മാത്രം നമസ്കരിക്കാൻ അനുവാദം നൽകിയത്. ഇതിന് الْقَصْرُ (ചുരുക്കി നമസ്കരിക്കൽ എന്നും പറയുന്നതാണ്.

## الجمع ജംഅ് (കൂട്ടി നമസ്കരിക്കൽ)

യാത്രയിലും മററ് അത്യാവശ്യ ഘട്ടങ്ങളിലും ഇസ്ലാം അനുവദിച്ചിട്ടുള്ള ഇളവുകളിൽ പെട്ടതാണ് രണ്ട് നമസ്കാരങ്ങൾ ഏതെങ്കിലും ഒരു നമസ്കാരത്തിന്റെ സമയത്ത് ഒരുമിച്ചു നമസ്കരിക്കാൻ അനുവദിച്ചത്.

ജംആക്കി നമസ്കരിക്കാൻ അനുവദിച്ചിട്ടുള്ള നമസ്കാരങ്ങൾ ളുഹറും അസ്വറും അതുപോലെ മഗ്രിബും ഇശാഉം മാത്രമാണ്.

ജംഅ് രണ്ട് വിധമുണ്ട്.

### 1. جمع التقديم ജംഉത്തഖ്ദീം (മുന്തിച്ചു ജംആക്കൽ)

രണ്ടാമത്തെ നമസ്കാരത്തെ ആദ്യ നമസ്കാര സമയത്തേക്ക് മുന്തിച്ചു നമസ്കരിക്കുന്ന രീതിയാണിത്. ളുഹറിന്റെ സമയത്ത് ആദ്യം ളുഹർ നമസ്കരിച്ച് ഉടനെത്തന്നെ അസ്വറും നമസ്കരിക്കുക. അതുപോലെ മഗരിബിന്റെ സമയത്ത് മഗ്രിബ് നമസ്കരിച്ച് അപ്പോൾ തന്നെ ഇശാഉം നമസ്കരിക്കുക. ഇതാണ് ജംഉത്തഖ്ദീം.

### 2. جمع التأخير ജംഉത്തഅ്ഖീർ (പിന്തിച്ച് ജംആക്കൽ)

ആദ്യ നമസ്കാരത്തെ ശേഷമുള്ള നമസ്കാര സമയത്തേക്ക് പിന്തിച്ചു നമസ്കരിക്കലാണത്. ളുഹറും അസ്വറും കൂടി അസ്വറിന്റെ സമയത്ത് നമസ്കരി

ക്കുന്നതും, മഗ്‌രിബും ഇശാഉം കൂടി ഇശാഇൻെറ സമയത്ത് നമസ്കരിക്കുന്നതും ജംഉത്തഅ്ഖീറിൻെറ രൂപമാണ്.

നബി(സ) മേൽ പറയപ്പെട്ട രണ്ട് രീതിയും സന്ദർഭത്തിനനുസരിച്ച് നിർവ്വഹിച്ചിരുന്നതായി ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

عن معاذ بن جبل ﷺ أنَّ رَسُولَ الله صلى الله عليه وسلم كَانَ فِي غَزْوَةِ تَبُوكِ إِذَا زَاغَتِ الشَمْسُ قَبْلَ أَنْ يَرْتَحِلَ جَمَعَ بَيْنَ الظُّهْرِ وَالْعَصْرِ وَإِنْ يَرْتَحِلْ قَبْلَ أَنْ تَزِيغَ الشَمْسُ أَخَّرَ الظُّهْرَ حَتَى يَنْزِلَ لِلْعَصْرِ وَفِي الْمَغْرِبِ مِثْلَ ذَلِكَ إِنْ غَابَتِ الشَمْسُ قَبْلَ أَنْ يَرْتَحِلَ جَمَعَ بَيْنَ الْمَغْرِبِ وَالْعِشَاءِ وَإِنْ يَرْتَحِلْ قَبْلَ أَنْ تَغِيبَ الشَمْسُ أَخَّرَ الْمَغْرِبَ حَتَى يَنْزِلَ لِلْعِشَاءِ ثُمَّ جَمَعَ بَيْنَهُمَا (سنن أبو داود للألباني ٢/٥ رقم: ١٢٠٨)

"മുആദു ബ്നു ജബൽ(റ) വിൽ നിന്ന്, നബി(സ) തബൂക്ക് യുദ്ധാവസരത്തിൽ സൂര്യൻ മദ്ധ്യത്തിൽ നിന്ന് തെററിയ ശേഷമാണ് യാത്രയെങ്കിൽ ളുഹറും അസ്വറും നമസ്കരിച്ച് യാത്ര പുറപ്പെടുമായിരുന്നു. സൂര്യൻ മദ്ധ്യത്തിൽ നിന്ന് തെററുന്നതിനു മുമ്പ് യാത്ര പുറപ്പെട്ടാൽ ളുഹറിനെ അസ്വറിൻെറ സമയത്തേക്ക് പിന്തിച്ചു അസറിൻെറ കൂടെ നമസ്കരിക്കുമായിരുന്നു. അപ്രകാരം തന്നെ മഗ്‌രിബും.

യാത്രക്ക് മുമ്പ് സൂര്യൻ അസ്തമിച്ചാൽ മഗ്രിബും ഇശാഉം നമസ്കരിക്കും. അസ്തമിക്കുന്നതിനു മു മ്പാണ് യാത്രയെങ്കിൽ മഗ്രിബിനെ ഇശാഇൻെറ സമയത്തേക്ക് പിന്തിച്ച് ഇശാഇൻെറ സമയത്ത് ഇറ ങ്ങി മഗ്രിബും ഇശാഉം നമസ്കരിക്കലുമായിരുന്നു ചെയ്യാറുണ്ടായിരുന്നത്." (അൽബാനിയുടെ സുന നു അബൂദാവൂദ് 2/5/ നമ്പർ: 1208)

ഇവിടെ പറയപ്പെട്ട സംഭവം നബി(സ) യാത്രയിൽ നിർവ്വഹിച്ച രീതിയാണ്. യാത്രകളിൽ അല്ലാതെ യും മഴയോ മററു പ്രയാസങ്ങളോ നേരിടുന്ന അവ സരങ്ങളിലും ജംആക്കി നമസ്കരിക്കാവുന്നതാണ്. ഇബ്നു അബ്ബാസ്(റ) പറയുന്നത് കാണുക:

صَلَّى رَسُولُ اللهِ صلى الله عليه وسلم الظُّهْرَ وَالْعَصْرَ جَمِيعًا وَالْمَغْرِبَ وَالْعِشَاءَ جَمِيعًا فِي غَيْرِ خَوْفٍ وَلَا سَفَرٍ قَالَ مَالِكٌ أَرَى ذَلِكَ كَانَ فِي مَطَرٍ (سنن أبو داود للألباني ٢/٦ رقم: ١٢١٠)

"നബി(സ) ളുഹറും അസ്വറും ഒരുമിച്ചും മഗ്രിബും ഇശാഉം ഒരുമിച്ച് യാത്രയോ ഭയം കാരണമോ അ ല്ലാതെത്തന്നെ ജംആക്കി നമസ്കരിക്കാറുണ്ടായി രുന്നു. മാലിക് പറയുന്നു: അത് മഴമൂലമായിരി ക്കും എന്നാണ് എൻെറ അഭിപ്രായം." (അൽബാ നിയുടെ സുനനു അബൂദാവൂദ് 2/6/ നമ്പർ: 1210)

മററു ഹദീസുകളിൽ മഴ കൂടാതെത്തന്നെ ജംആക്കി നമസ്കരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

جَمَعَ رَسُولُ الله صلى الله عليه وسلم الظُّهْرَ وَالْعَصْرَ جَمِيعًا وَالْمَغْرِبَ وَالْعِشَاءَ بِالْمَدِينَةِ مِنْ غَيْرِ خَوْفٍ وَلاَ مَطَرٍ فَقِيلَ لاِبْنِ عَبَّاسٍ مَا أَرَادَ إِلَى ذَلِكَ قَالَ أَرَادَ أَنْ لاَ يُحْرِجَ أُمَّتَهُ (مسلم ،سنن أبو داود للألباني ٢/٦ رقم: ١٢١١٠)

"നബി(സ) മദീനയിൽ വെച്ച് ളുഹറും അസ്വറും, മഗ്രിബും ഇശാഉം ഭയമോ മഴയോ ഇല്ലാത്തപ്പോൾ ജംആക്കി നമസ്കരിച്ചിട്ടുണ്ട്. അന്നേരം അതിന്റെ കാരണത്തെ സംബന്ധിച്ച് ഇബ്നു അബ്ബാസ്(റ) വിനോട് ചോദിക്കപ്പെട്ടപ്പോൾ തന്റെ സമുദായത്തിന് പ്രയാസമില്ലാതിരിക്കാൻ എന്നാണ് അദ്ദേഹം പറഞ്ഞത്." (മുസ്ലിം, അൽബാനിയുടെ സുനനു അബൂദാവൂദ് 2/6/ നമ്പർ: 1211)

ഓരോ നമസ്കാരത്തിനും വുളു നിർവ്വഹിച്ച് നമസ്കരിക്കാൻ പ്രയാസമുള്ള രക്തസ്രാവമുള്ള സ്ത്രീകൾ, മൂത്രവാർച്ചയുള്ളവർ എന്നിവർക്ക് രണ്ട് നമസ്കാരങ്ങൾ അതാതിന്റെ സമയങ്ങളിൽ തന്നെ ആകുംവിധം ജംആക്കി നമസ്കരിക്കാനും ഇസ്ലാം അനുവദിക്കുന്നുണ്ട്. ഇതും ജംഇന്റെ ഗണത്തിൽ ഉൾപ്പെടുത്തി എണ്ണാറുണ്ട്. അത്തരത്തിലുള്ളവർ ശുദ്ധിയായി ളുഹറിന്റെ അവസാന സമയം

ളുഹറും ഉടനെ അസ്വ്റിൻെറ ആദ്യ സമയത്തായി അസ്വ്റും നമസ്കരിക്കുകയാണ് വേണ്ടത്. അപ്രകാരം തന്നെ മഗ്‌രിബും ഇശാഉം അതാതിൻെറ സമയങ്ങളിൽ ആകുംവിധം മഗ്‌രിബും ഇശാഉം ജംആക്കി നമസ്കരിക്കുകയുമാണ് ചെയ്യേണ്ടത്. നബി (സ)യുടെ അടുത്ത് രക്തസ്രാവ രോഗം കൊണ്ട് പ്രയാസപ്പെടുന്ന അവസരങ്ങളിലെ നമസ്കാരത്തെ സംബന്ധിച്ച് ചോദിച്ച സ്വഹാബവനിതയായ ഹംന (റ) യോട് പറഞ്ഞതായ ഹദീസുകളിൽനിന്ന് ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്.

ജംആക്കി നമസ്കരിക്കുമ്പോൾ ആദ്യത്തിൽ മാത്രം ബാങ്ക് കൊടുക്കുകയും ഓരോ നമസ്കാരത്തിനും ഇഖാമത്ത് വേറെ വേറെ നിർവ്വഹിക്കുകയുമാണ് ചെയ്യേണ്ടത്. ളുഹറും അസ്വ്റും ജംആക്കി നമസ്കരിക്കുമ്പോൾ ളുഹർതന്നെ ആദ്യം നിർവ്വഹിക്കുകയും വേണം.

## القصر ഖസ്വ്റ് (ചുരുക്കി നമസ്കരിക്കൽ)

നാല് റക്അത്തുള്ള നമസ്കാരങ്ങൾ മാത്രം രണ്ട് റക്അത്താക്കി ചുരുക്കി നമസ്കരിക്കാനുള്ള അനുവാദമാണ് ഖസ്റ്. ഇത് യാത്രക്കാർക്ക് മാത്രം നൽകപ്പെട്ട ഇളവാണ്.

അല്ലാഹു പറയുന്നു:

﴿ وَإِذَا ضَرَبْتُمْ فِي ٱلْأَرْضِ فَلَيْسَ عَلَيْكُمْ جُنَاحٌ أَن تَقْصُرُوا۟ مِنَ ٱلصَّلَوٰةِ ﴾ ( سورة النساء :١٠١)

"നിങ്ങൾ ഭൂമിയിൽ യാത്ര ചെയ്യുകയാണെങ്കിൽ നമസ്കാരം ചുരുക്കി നമസ്കരിക്കുന്നതിൽ നിങ്ങൾക്ക് കുററമില്ല." (സൂറ നിസാഅ്: 101)

എന്നാൽ യാത്രയിൽ ഖസ്വ്റ് മാത്രമാണുള്ളത് എന്നാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം. കാരണം നാല് റക്അത്ത് നമസ്കാരം യാത്രയിൽ ഇല്ല എന്ന് വരെ ഹദീസുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയും.

وعن ابن عباس قال فَرَضَ اللهُ الصَلاةَ عَلَى لِسَانِ نَبِيِّكُمْ صلى الله عليه وسلم فِي الْحَضَرِ أَرْبَعًا وَفِي السَفَرِ رَكْعَتَيْنِ وَفِي الْخَوْفِ رَكْعَةً ( رواه مسلم، صحيح مشكاة ١/حديث ١٣٤٩)

"ഇബ്നു അബ്ബാസ്(റ) പറയുന്നു; നമസ്കാരം സ്വദേശത്ത്വെച്ച് നാല് റക്അത്തും യാത്രയിൽ രണ്ട് റക്അത്തും ഭയത്തിന്റെ (യുദ്ധത്തിന്റെ)അവസരത്തിൽ ഒരു റക്അത്തും നമസ്കരിക്കുവാൻ

നിങ്ങളുടെ പ്രവാചകൻ(സ)യുടെ നാവിലൂടെ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു."(മുസ്‌ലിം. അൽബാനി മിശ്കാത്ത് 1/ഹദീസ് നമ്പർ: 1349)

ഖസ്വ്റാക്കുന്നതിന് നിശ്ചിത ദൂരമോ നിർണ്ണിത കാലമോ നബിവചനങ്ങളിൽ വന്നിട്ടില്ല. ഒരു യാത്ര എന്ന ഒരുക്കത്തോടുകൂടി പുറപ്പെടുകയും എത്തിപ്പെട്ട സ്ഥലത്ത് സ്ഥിരതാമസമാക്കുകയാണ് എന്ന ഉദ്ദേശമില്ലാതെ തങ്ങേണ്ടതായിവരികയും ചെയ്യുന്ന കാലയളവിൽ രണ്ട് റക്അത്ത് നിർവ്വഹിക്കലാണ് നബിചര്യ. അതാകട്ടെ ദിവസങ്ങളോളം തങ്ങേണ്ടതായി വന്നാൽ പോലും.

യാത്രയിൽ നാം എത്തിപ്പെടുന്ന സ്ഥലത്ത് നടന്നുകൊണ്ടിരിക്കുന്ന ജമാഅത്തിൽ തുടർന്ന് നമസ്കരിക്കുമ്പോൾ അതിന് നേതൃത്വം കൊടുക്കുന്ന ഇമാമിനെ തുടർന്ന് പൂർണ്ണമായിത്തന്നെ നമസ്കരിക്കുകയും ചെയ്യേണ്ടതാണ്.

പത്ത്

# നമസ്കാരം കൊണ്ടുള്ള നേട്ടങ്ങൾ

നമസ്കാരം കൊണ്ട് ഉണ്ടായിത്തീരേണ്ടതായ അനേകം നേട്ടങ്ങളെ ഖുർആനും ഹദീസും വിവരിക്കുന്നുണ്ട്, അത് കൈവരിക്കപ്പെടുമ്പോൾ മാത്രമെ നമസ്കരിക്കുന്ന വ്യക്തി പൂർണ്ണമായ പ്രതിഫലത്തിന് അർഹമായിത്തീരുകയുള്ളൂ.

അല്ലാത്ത പക്ഷം പ്രതിഫലം ലഭിക്കാതെ പോകും എന്നുമാത്രമല്ല ചിലപ്പോൾ അതുകൊണ്ട് നാശത്തിലേക്ക് എത്തിപ്പെടുകയും ചെയ്തേക്കും.

അല്ലാഹു പറയുന്നു:

﴿ فَوَيْلٌ لِّلْمُصَلِّينَ ۝ ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴾ (سورة الماعون : ٤،٥)

"തങ്ങളുടെ നമസ്കാരത്തെ സംബന്ധിച്ച് അശ്രദ്ധയോടെ നമസ്കരിക്കുന്നവർക്ക് നാശം " (സൂറത്ത്: മാഊൻ: 4,5)

എന്തിനാണ് താൻ നമസ്കരിക്കുന്നതെന്ന് ബോധമില്ലാതെ അശ്രദ്ധയോടെ നമസ്കരിക്കുന്നവർക്ക് നാശമായിരിക്കും ലഭിക്കുക. എന്നാണ് മേൽ പറഞ്ഞ ഖുർആൻ വാക്യം പഠിപ്പിക്കുന്നത്, താഴെ പറ

യുന്ന നബിവചനത്തിലൂടെ നമസ്കാരക്കാരുടെ പ്രതിഫലം അവരുടെ മനസ്സും നിർവ്വഹിക്കുന്നതിലെ സൂക്ഷ്മതയും അനുസരിച്ച് ഏററവ്യത്യാസമുള്ളതായിരിക്കുമെന്നും മനസ്സിലാക്കാൻ കഴിയും.

إنَّ الْعَبْدَ لَيُصَلِّي الصَلاَةَ مَا يُكْتَبُ لَهُ مِنْهَا إلاَّ عُشْرُهَا تُسُعُهَا ثُمُنُهَا سُبُعُهَا سُدُسُهَا خُمُسُهَا رُبُعُهَا ثُلُثُهَا نِـــصْفُهَا (صـــحيح أبي داود للألباني )

"നിശ്ചയം ഒരു ദാസൻ നമസ്കരിക്കുന്നു; എന്നാൽ അവൻെറ നമസ്കാരത്തിൽ നിന്നും അവന്നായി രേഖപ്പെടുത്തപ്പെടുന്നില്ല. അതിൻെറ പത്തിലൊന്ന്, ഒമ്പതിലൊന്ന്, എട്ടിലൊന്ന്, ഏഴിലൊന്ന്, ആറിലൊന്ന്, അഞ്ചിലൊന്ന്, നാലിലൊന്ന് മൂന്നിലൊന്ന്, പകുതി എന്നിങ്ങനെയല്ലാതെ." (അൽബാനിയുടെ സ്വഹീഹ് അബൂദാവൂദ്)

അതുകൊണ്ട് തന്നെ നമസ്കാരത്തിലൂടെ നമ്മിലുണ്ടാകേണ്ട നേട്ടങ്ങളെന്തൊക്കെയാണെന്ന് നാം അറിഞ്ഞിരിക്കൽ അനിവാര്യമാണ്. അവയിൽ ചിലത് താഴെ ചേർക്കുന്നു:

## 1. അല്ലാഹുവിനെ ഓർക്കാൻ

നമസ്കാരം അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിലനിർത്താനുതകുന്നതാവണം.

അല്ലാഹു പറയുന്നു:

﴿ وَأَقِمِ ٱلصَّلَوٰةَ لِذِكۡرِىٓ ﴾ (سورة طه : ١٤)

"എന്നെ ഓർമ്മിക്കാനായി നമസ്കാരം കൃത്യതയോടെ നിർവ്വഹിക്കുക." (ത്വാഹ : 14)

## 2. ചീത്തകാര്യങ്ങളെ തടുക്കുന്നു.

നമ്മുടെ നമസ്കാരം നമ്മെ ദുർവൃത്തികളിൽ നിന്നും മോശപ്പെട്ട ജീവിതത്തിൽ നിന്നും തടയാൻ പര്യാപ്തമായിത്തീരണം. നമസ്കരിക്കുന്നവൻെറ ജീവിതവും നമസ്കാരമില്ലാത്തവൻെറ ജീവിതവും ഒരുപോലെയാവരുത്.

﴿ إِنَّ ٱلصَّلَوٰةَ تَنۡهَىٰ عَنِ ٱلۡفَحۡشَآءِ وَٱلۡمُنكَرِ ﴾

(سورة: العنكبوت :٤٥)

"നിശ്ചയം നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധ കർമ്മത്തിൽ നിന്നും തടയുന്നു." (സൂറ അൻകബൂത്: 45)

## 3. അല്ലാഹുവിലേക്ക് അടുക്കാൻ

നമസ്കാരം മുഖേനെ നാം അല്ലാഹുവിലേക്ക് അടുക്കുകയാണെന്ന ബോധത്തോടെയായിരിക്കണം നമസ്കരിക്കുന്നത്.

﴿ وَٱسْجُدْ وَٱقْتَرِب ﴾ (سورة: العلق :١٩)

"നീ സുജൂദ് ചെയ്തിട്ട് അല്ലാഹുവിലേക്ക് അടുക്കുക." (അലഖ്: 19)

أَقْرَبُ مَا يَكُونُ الْعَبْدُ مِنْ رَبِّهِ وَهُوَ سَاجِدٌ ( أحمد ومسلم)

"ഒരു ദാസൻ തന്റെ നാഥനുമായി ഏററവും അടുക്കുന്നത് അവൻ സുജൂദിലായിരിക്കുമ്പോഴാണ്" (അഹ്മദ്, മുസ്ലിം)

**4. നരക മോചനത്തിന്**

നമസ്കാരം നരകത്തിൽ നിന്ന് രക്ഷപ്രാപിക്കാനാണെന്ന ബോധം ഓരോ നമസകാര സമയത്തും നമ്മിലുണ്ടായിരിക്കണം. സ്വർഗ്ഗക്കാരായ ആളുകൾ നരകക്കാരോട് എന്താണ് നിങ്ങൾ നരകത്തിൽ പ്രവേശിക്കാനിടയാക്കിയതെന്ന ചോദ്യവും അതിന് അവർ നൽകുന്ന മറുപടിയും നമുക്ക് ഇപ്രകാരം കാണാം;

﴿مَا سَلَكَكُمْ فِي سَقَرَ ۝٤٢ قَالُوا۟ لَمْ نَكُ مِنَ ٱلْمُصَلِّينَ ﴾ ۝٤٣ (سورة: المدثر: ٤٢،٤٣)

“നിങ്ങൾ എന്തുകൊണ്ട് ഈ കഠിനമായ നരകത്തിൽ എത്തിപ്പെട്ടു, അവർപറയും ഞങ്ങൾ നമസ്കരിച്ചിരുന്നില്ല എന്ന്.” (മുദ്ദഥ്ഥിർ 42, 43).

## 5. പാപങ്ങൾ പൊറുപ്പിക്കാൻ

നാം നിർവ്വഹിക്കുന്ന ഓരോ സുജൂദിലൂടെയും നമ്മിൽ നിന്നും സംഭവിച്ചിട്ടുള്ള പാപങ്ങൾ പൊറുക്കാൻ കാരണമായിത്തീരുന്നു.

مَا مِنْ عَبْدٍ يَسْجُدُ لِلَّهِ سَجْدَةً إلاَّ رَفَعَهُ اللهُ بِهَا دَرَجَةً وَحَـطَّ عَنْهُ بِهَا خَطِيئَةً (صحيح ابن ماجة، صحيح النسائي، صحيح الجامع للألباني: ٥٧٤١)

“ഏതൊരു ദാസനാണോ അല്ലാഹുവിനായി ഒരു സുജൂദ് നിർവ്വഹിക്കുന്നത് അല്ലാഹു അതുമുഖേനെ അവൻെറ പദവി ഉയർത്തുകയോ പാപം പൊറുക്കുകയോ ചെയ്തുകൊണ്ടല്ലാതെ നിർവ്വഹിക്കപ്പെടുന്നതല്ല.” (സ്വഹീഹ് ഇബ്നുമാജ, നസാഇ, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ :5741)

إن الصلوات الخمس يذهبن بالذنوب كما يذهب الماء الدرن (صحيح الجامع للألباني ١٦٦٨)

“നിശ്ചയം അഞ്ച് സമയങ്ങളിലെ നമസ്കാരങ്ങൾ വെള്ളം അഴുക്കിനെ പോക്കിക്കളയുന്ന പോലെ പാ

പങ്ങളെ പോക്കിക്കളയുന്നതാണ്." (അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് ഹദീസ് നമ്പർ : 1668)

## 6. സ്വർഗ്ഗ പ്രവേശനത്തിന്

നമസ്കാരം അത് നമ്മെ സ്വർഗ്ഗപ്രവേശനത്തിന് അർഹനാക്കുന്നു. നബി(സ)യുടെ സേവകനായിരുന്ന റബീഅത്തു ബ്നു കഅബ് (റ)യോട് തനിക്ക് ആവശ്യമുള്ളത് ചോദിച്ചുകൊള്ളാൻ പറഞ്ഞപ്പോൾ തനിക്ക് സ്വർഗ്ഗത്തിൽ അങ്ങയോടൊപ്പം കഴിയാൻ അവസരം കിട്ടിയാൽ മതി.

അസ്അലുക മുറാഫഖതക ഫിൽജന്ന ( أَسْأَلُكَ مُرَافَقَتَكَ فِي الْجَنَّةِ ) നിങ്ങളുടെ കൂടെ സ്വർഗ്ഗത്തിൽ കഴിയാൻ താങ്കളോട് ഞാൻ ചോദിക്കുന്നു എന്ന ഹദീസിൻെറ പൂർണ്ണ രൂപം താഴെ ചേർക്കുന്നു. അത് കാണുമ്പോൾ കാര്യം വ്യക്തമാകുന്നതാണ്

وَعَنْ ربيعَةُ بن كَعَبٍ رضي الله عنه قَالَ كُنْتُ أَخْدِمُ النَّبِيَّ صلى الله عليه وسلم نَهَارِي فَإِذَا كَانَ اللَّيْلُ آوَيْتُ إِلَى بَابِ رَسُولِ اللهِ صلى الله عليه وسلم فَبِتُّ عِنْدَهُ فَلا أَزَالُ أَسْمَعُهُ يَقُولُ ( سُبْحَانَ اللهِ سُبْحَانَ اللهِ سُبْحَانَ رَبِّي حَتَّى أَمِلَّ أَوْ تَغْلِبَنِي عَيْنِي فَأَنَامُ فَقَالَ يَوْمًا يَا رَبِيعَةُ سَلْنِي فَأُعْطِيَكَ فَقُلْتُ أَنْظِرْنِي حَتَّى أَنْظُرَ وَتَذَكَّرْتُ أَنَّ الدُّنْيَا فَانِيَةٌ مُنْقَطِعَةٌ فَقُلْتُ يَا رَسُولَ اللهِ أَسْأَلُكَ أَنْ تَدْعُوَ اللهَ أَنْ يُنْجِيَنِي مِنَ النَّارِ وَيُدْخِلَنِي الْجَنَّةَ فَسَكَتَ رَسُولَ اللهِ صلى الله عليه وسلم ثُمَّ قَالَ مَنْ

أَمَرَكَ بِهَذَا ؟ قُلْتُ مَا أَمَرَنِي بِهِ أَحَدٌ وَلَكِنِّي عَلِمْتُ أَنَّ الدُّنْيَا مُنْقَطِعَةٌ فَانِيَةٌ وَأَنْتَ مِنَ اللهِ بِالْمَكَانِ الَّذِي أَنْتَ مِنْهُ فَأَحْبَبْتُ أَنْ تَدْعُوَ اللهَ لِي قَالَ إِنِّي فَاعِلٌ فَأَعِنِّي عَلَى نَفْسِكَ بِكَثْرَةِ السُّجُودِ رواه الطبراني في الكبير من رواية ابن إسحاق واللفظ له ورواه مسلم وأبو داود مختصرا ولفظ مسلم قال كُنْتُ أَبِيتُ مَعَ رَسُولُ اللهِ صلى الله عليه وسلم فَآتِيهِ بِوَضُوئِهِ وَحَاجَتِهِ فَقَالَ لِي سَلْنِي فَقُلْتُ أَسْأَلُكَ مَرَافَقَتَكَ فِي الْجَنَّةِ قَالَ أَوَ غَيْرَ ذَلِكَ ؟ قُلْتُ هُوَ ذَاكَ قَالَ فَأَعِنِّي عَلَى نَفْسِكَ بِكَثْرَةِ السُّجُودِ (صحيح الترغيب والترهيب لناصر الدين الألباني ١ رقم الحديث : ٣٨٨)

"റബീഅത്തു ബ്നു കഅബ് (റ)വിൽ നിന്ന്, അദ്ദേഹം പറയുന്നു: ഞാൻ എന്റെ പകൽ സമയം നബി(സ)ക്ക് സേവനം ചെയ്തു കഴിയും. രാത്രിയായാൽ നബി(സ)യുടെ വാതിലിനടുത്ത് ഞാൻ ചെന്ന് അതിനടുത്ത് കഴിഞ്ഞു കൂടും അങ്ങിനെ എന്റെ കണ്ണുകളിൽ ഉറക്കം വരുന്നത് വരെ നബി(സ) സുബ്ഹാനല്ലാ സുബ്ഹാന റബ്ബീ എന്നിങ്ങനെ പറയുന്നത് ഞാൻ കേട്ടു കൊണ്ടിരിക്കും. പിന്നെ ഞാനുറങ്ങും. ഒരിക്കൽ നബി(സ) എന്നോട് പറഞ്ഞു: റബീഅ (നിനക്ക് ആവശ്യമുള്ളത്) നീ ചോദിച്ചുകൊള്ളുക; ഞാൻ നിനക്ക് നൽകാം. അന്നേരം ഞാൻ പറഞ്ഞു: നബിയേ എനിക്ക് അൽപം

സമയം തരണം ഞാൻ (അൽപം) ചിന്തിക്കട്ടെ, അങ്ങിനെ ഞാൻ ഓർത്തു: ഐഹിക ലോകം നിലച്ചുപോകുന്നതും നശിക്കുന്നതാണ്. അതിനാൽ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: എന്നെ നരകത്തിൽ നിന്നു രക്ഷപ്പെടുത്തി സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാൻ അങ്ങ് അല്ലാഹുവിനോട് പ്രാർത്ഥിക്കാനാണ് ഞാൻ ചോദിക്കുന്നത്. അന്നേരം നബി(സ) മൗനമായി നിന്നു. പിന്നെ അദ്ദേഹം ചോദിച്ചു ആരാണ് നിന്നോടിത് കൽപിച്ചത് ? അദ്ദേഹം പറഞ്ഞു: ആരും പറഞ്ഞതല്ല, ദുനിയാവ് നശിച്ചു പോകുന്നതാണെന്നത് ഞാൻ ഓർത്തു. അതോടൊപ്പം അല്ലാഹുവിങ്കൽ അങ്ങേക്കുള്ള സ്ഥാനവും (എനിക്ക് ഓർമ്മ വന്നു) അപ്പോൾ എനിക്ക് വേണ്ടി അങ്ങയെക്കൊണ്ട് അല്ലാഹുവിനോടൊന്ന് പ്രാർത്ഥിപ്പിക്കാം എന്നത് ഞാൻ ഇഷ്ടപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാനത് ചെയ്യാം (പ്രാർത്ഥിക്കാം). എന്നാൽ അക്കാര്യത്തിൽ (എൻെറ പ്രാർത്ഥന മാത്രം മതിയാവുകയില്ല) കൂടുതൽ നമസ്കരിച്ചുകൊണ്ട് നീയും എന്നെ സഹായിക്കണം. (ത്വബ്റാനി അദ്ദേഹത്തിൻെറ കബീറിൽ ഇബ്നു ഇസ്ഹാഖിൽ നിന്നും ഉദ്ധരിച്ചതാണിത്, പദങ്ങൾ അദ്ദേഹത്തിൻേറതാണ്. ഇതേ സംഭവത്തിൻെറ ചുരുക്കം അബൂദാവൂദും മുസ്ലിമും ഉദ്ധരിച്ചിട്ടുണ്ട്. മുസ്ലിമിലുള്ളത് ഇപ്രകാരമാണ്: ഞാൻ നബിയുടെ

കൂടെ അദ്ദേഹത്തിന് വുളു ചെയ്യാൻ വെള്ളമെടു ത്തുകൊടുത്തും മററും കഴിഞ്ഞുകൂടും, ഒരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞു: (നിനക്ക് ആവശ്യമു ള്ളത്) നീ ചോദിച്ചു കൊള്ളുക;. അന്നേരം ഞാൻ പറഞ്ഞു: അങ്ങയോടൊത്ത് സ്വർഗ്ഗത്തിൽ കഴിയ ണം അതാണ് ഞാൻ ചോദിക്കുന്നത്. അദ്ദേഹം പറഞ്ഞു: അതല്ലാത്ത മറെറന്തെങ്കിലും? ഞാൻ പറ ഞ്ഞു: അത് തന്നെ മതി. അന്നേരം അദ്ദേഹം പറ ഞ്ഞു: എന്നാൽ അക്കാര്യത്തിൽ കൂടുതൽ നമ സ്കരിച്ചുകൊണ്ട് നീയും എന്നെ സഹായിക്കണം." (അൽബാനിയുടെ സ്വഹീഹ് തർഗീബ് വത്തർഹീബ് വാള്യം 1 പേജ് 92 നമ്പർ: 388)

## 7. അല്ലാഹുവിന്റെ സ്നേഹം ലഭിക്കാൻ

അല്ലാഹുവിന് ഇഷ്ടപ്പെട്ട കാര്യങ്ങൾ പ്രവർത്തിക്കു ന്നതിലൂടെ മാത്രമെ അല്ലാഹുവിന്റെ സ്നേഹം ക രസ്ഥമാക്കാൻ കഴിയുകയുള്ളൂ. അല്ലാഹുവിന് ഏററവും ഇഷ്ടപ്പെട്ട കർമ്മമേതാണെന്ന ചോദ്യത്തിന് ഒ രിക്കൽ പ്രവാചകൻ(സ) പറഞ്ഞ മറുപടി ഇപ്രകാരം നമുക്ക് കാണാം:

عن عبد الله بن مسعود رضي الله عنه قال سَأَلْتُ رَسُولَ الله صلى الله عليه وسلم أيُّ الْعَمَلُ أَحَبُّ إِلَى اللهِ تَعَالَى ؟ قال الصَلاةُ عَلَى وَقْتِهَا (رواه البخاري ومسلم )

"ഇബ്നു മസ്ഊദ്(റ)വിൽ നിന്ന്; ഞാൻ നബി(സ)യോട് അല്ലാഹുവിന് ഏററവും ഇഷ്ടപ്പെട്ട കർമ്മം ഏതാണെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: നമസ്കാരം അതിൻെറ സമയത്ത് നിർവ്വഹിക്കലാണ്." (ബുഖാരി. മുസ്ലിം)

## 8. ജീവിത വിജയം നേടാൻ

വിജയികളാകുന്ന വിഭാഗത്തെ പരിചയപ്പെടുത്തുന്നിടങ്ങളിലെല്ലാം വിശുദ്ധ ഖുർആൻ നമസ്കാരത്തെ പ്രത്യേകം എടുത്ത് പറയുന്നതായി കാണാം. അതിനാൽ നാം നമസ്കരിക്കുമ്പോൾ ഇതെൻെറ ജീവിത വിജയത്തിനായുള്ള കർമ്മമാണെന്ന് ഓർത്തുകൊണ്ടായിരിക്കണം നാം നിർവ്വഹിക്കുന്നത്. അല്ലാഹു പറയുന്നത് കാണുക:

﴿ قَدۡ أَفۡلَحَ ٱلۡمُؤۡمِنُونَ ۝١ ٱلَّذِينَ هُمۡ فِي صَلَاتِهِمۡ خَٰشِعُونَ ﴾ (سورة: المؤمنون: ١، ٢)

"സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു; അവർ ഭക്തിയോടെ നമസ്കാരം നിർവ്വഹിക്കുന്നവരാണ്." (സൂറ മുഅ്മിനൂൻ: 1,2)

﴿ قَدْ أَفْلَحَ مَن تَزَكَّىٰ ۝١٤ وَذَكَرَ ٱسْمَ رَبِّهِۦ فَصَلَّىٰ ﴾

(سورة: الأعلى : ١٤، ١٣)

"നിശ്ചയം പരിശുദ്ധി നേടുകയും തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കാരം നിർവ്വഹിക്കുകയും ചെയ്തവൻ വിജയം പ്രാപിച്ചിരിക്കുന്നു." (സൂറ അഅ്ലാ 13,14)

## 9. ഉന്മേഷം ലഭിക്കുന്നു

നമസ്കാരം മുഖേനെ പാരത്രിക നേട്ടങ്ങൾ കൈവരുന്നതോടൊപ്പം ഭൗതിക ജീവിതത്തിലും അതു മുഖേനെ മഹത്തായ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്. എന്നാൽ ഇബാദത്തുകളിലൂടെ ഇത്തരം നേട്ടങ്ങൾ അനുഭവിക്കാൻ കഴിയും എന്ന് മനസ്സിലാക്കാം; എന്നതിലപ്പുറമായി അത് ലക്ഷ്യം വെച്ചുകൊണ്ട് ഒരിക്കലും ആരാധനകൾ അനുഷ്ഠിക്കാൻ പാടില്ലെന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ഒരു ഹദീസിൽ നമുക്ക് ഇപ്രകാരം കാണാം:

عَنْ أَبِي هريرة أَنَّ رَسُولَ الله صلى الله عليه وسلم قَالَ يَعْقُدُ الشَّيْطَانُ عَلَى قَافِيَةِ رَأس أَحَدِكُمْ إِذَا هُوَ نَامَ ثَلَاثَ عَقَدٍ يَضْرِبُ عَلَى كُلِّ عُقْدَةٍ عَلَيْكَ لَيْلٌ طَوِيلٌ فَارْقُدْ . فَإِنْ اسْتَيْقَظَ

فَذَكَرَ اللهَ انْحَلَّتْ عُقْدَةٌ فَإِنْ تَوَضَّأَ انْحَلَّتْ عُقْدَةٌ فَإِنْ صَلَّى انْحَلَّتْ عُقْدَةٌ فَأَصْبَحَ نَشِيطًا طَيِّبُ النَّفْسِ وَإِلاَّ أَصْبَحَ خَبِيثُ النَّفْسِ كَسْلاَنًا (متفق عليه)

"അബൂ ഹുറൈറ(റ) വിൽ നിന്ന്; നബി(സ) പറഞ്ഞു: നിങ്ങളിലൊരാൾ ഉറങ്ങുന്ന സമയം പിശാച് അവൻെറ തലയുടെ പിരടിയിൽ മൂന്ന് കെട്ടുകൾ ബന്ധിക്കുന്നു; ഓരോ കെട്ടിനോടൊപ്പവും അവനോട് പറയും: നിനക്ക് ദൈർഘ്യമേറിയ രാത്രിയാണിന്ന് ഉറങ്ങിക്കൊള്ളുക. അവൻ ഉറക്കിൽ നിന്ന് ഉണരുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്താൽ അവനിലെ ഒരു കെട്ട് അഴിയുന്നു, അവൻ വുളു നിർവ്വഹിച്ചാൽ രണ്ടാമത്തെ കെട്ടും അഴിയുന്നു. അവൻ നമസ്കാരം നിർവ്വഹിച്ചാൽ (ശേഷിക്കുന്ന) കെട്ടും അഴിയുകയും അവൻ ഉന്മേഷവാനും നല്ല മനസ്സിൻെറ ഉടമയുമായിത്തീരുന്നു. അല്ലാത്ത പക്ഷം അവൻ മ്ലേഛാത്മാവിൻെറ ഉടമയും അലസനുമായിത്തീരുന്നതാണ്." (മുത്തഫഖുൻ അലൈഹി)

## 10. സമചിത്തതയും ക്ഷമയും കൈവരിക്കാൻ

മനുഷ്യൻ പൊതുവെ അസ്വസ്ഥനും വ്യാകുല ചിത്തനുമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതായത് അവന് എന്തെങ്കിലും തിന്മ ബാധിച്ചാൽ അക്ഷമനായി പൊറുതികേട് കാണിക്കുകയും നന്മ

ബാധിച്ചാൽ പിശുക്ക് കാണിക്കുകയും ചെയ്യുമെന്ന് സാരം. എന്നാൽ അതിനെ നിയന്ത്രിച്ച് ജീവിതം അല്ലാഹുവിൽ ഭരമേൽപ്പിച്ച് സമചിത്തത കൈവരിക്കാനും ക്ഷമിക്കാനും നമസ്കരിക്കുന്നവർക്ക് മാത്രമേ കഴിയൂ. ഇത് മനുഷ്യന് നമസ്കാരം കൊണ്ട് ലഭിക്കുന്ന ഒരു വമ്പിച്ച നേട്ടവും അനുഭൂതിയുമായിരിക്കും.

അല്ലാഹു പറയുന്നത് കാണുക:

﴿ إِنَّ ٱلْإِنسَـٰنَ خُلِقَ هَلُوعًا ﴿١٩﴾ إِذَا مَسَّهُ ٱلشَّرُّ جَزُوعًا ﴿٢٠﴾ وَإِذَا مَسَّهُ ٱلْخَيْرُ مَنُوعًا ﴿٢١﴾ إِلَّا ٱلْمُصَلِّينَ ﴾ (سورة: المعارج: ١٩-٢٢)

"നിശ്ചയമായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അങ്ങേയററം അക്ഷമനായിക്കൊണ്ടാണ്. അതായത് തിന്മ ബാധിച്ചാൽ പൊറുതികേട് കാണിക്കുന്നവനായിക്കൊണ്ടും നന്മ കൈവന്നാൽ തടഞ്ഞു വെക്കുന്നവനായിക്കൊണ്ടുമാണ്. നമസ്കരിക്കുന്നവനൊഴികെ." (മആരിജ്: 19. .22)

## പതിനൊന്ന്

# തെററായി പ്രചരിപ്പിക്കപ്പെട്ട കാര്യങ്ങൾ

## 1. നമസ്കാരത്തിലെ കൈകെട്ടൽ

നമസ്കാരത്തിൽ കൈ എവിടെയാണ് കെട്ടേണ്ടത് എന്ന വിഷയം പലരും മററു പല വിഷയങ്ങളെപ്പോലെ തെററായി പ്രചരിപ്പിക്കുകയും പാമരന്മാർ അതിൽ വഞ്ചിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. മററു ചില വിഭാഗങ്ങൾ എങ്ങിനെയുമാകാം എന്ന നിലക്ക് ഓരോരുത്തരുടേയും താൽപര്യങ്ങക്കനുസരിച്ച് തിരഞ്ഞെടുക്കാൻ പല നിലക്കും അത് പഠിപ്പിക്കുകയും അതിന് സഹായകമാകും വിധം പുസ്തകങ്ങൾ രചിച്ച് വിററഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഈ വിഷയത്തിലെ നബിചര്യ എന്താണെന്ന് നമുക്ക് പരിശോധിക്കാം:

നബി(സ) പറഞ്ഞു صَلُّوا كَمَا رَأَيْتُمُونِي أُصَلِّي ഞാൻ നമസ്കരിച്ചതുപോലെ നിങ്ങൾ നമസ്കരിക്കുക. ഏതൊരു കർമ്മവും പ്രവാചകചര്യക്കനുസരിച്ച് ആയിരിക്കുക എന്നത് കർമ്മങ്ങൾ സ്വീകരിക്കാനുള്ള നിബന്ധനകൂടിയാണ്. അപ്രകാരം തന്നെ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുമ്പോൾ അവ ഖുർആനിലേക്കും നബിചര്യയിലേക്കുമാണ് മടക്കേണ്ടത് എ

ന്നകാര്യം ഖുർആനും ഹദീസും നമ്മോടാവശ്യപ്പെടുകയും ചെയ്യുന്നു. മേൽകൊടുത്ത രണ്ട് അടിസ്ഥാനതത്വങ്ങൾ മുന്നിൽവെച്ച് നമുക്കിടയിൽ തർക്കവിഷയമായിട്ടുള്ള കൈകെട്ടൽ നമുക്ക്പരിശോധിക്കാം. സത്യം കണ്ടെത്താൻ അല്ലാഹു നമ്മെ സഹായിക്കട്ടെ.

തക്ബീറത്തുൽ ഇഹ്റാമിന്നുശേഷം നമസ്കാരത്തിൽ വലതു കൈ ഇടതു കയ്യിന്മേൽ പിടിച്ചു നെഞ്ചിൽവെക്കുക എന്നുള്ളതാണ് നബിചര്യ. ഇതിലേക്ക് വിരൽചൂണ്ടുന്ന ഖുർആൻ വചനങ്ങളും ഹദീസുകളും പണ്ഡിതോദ്ധാരണികളും താഴെ ചേർക്കുന്നു.

﴿فَصَلِّ لِرَبِّكَ وَٱنْحَرْ﴾ (سورة: الكوثر: ٢)

എന്ന സൂറത്തുൽ കൗസറിലെ ആയത്തിന് അലി(റ) നൽകുന്ന അർത്ഥം കാണുക: ((നീ നിന്റെ രക്ഷിതാവിനുവേണ്ടി നെഞ്ചത്തു കൈ വെച്ചനിലയിൽ നമസ്കരിക്കുകയും ചെയ്യുക.))

روى عن علي بن أبي طالب فصَلِّ لِرَبِّكِ وَانْحَرْ وَضَعْ يَدَهُ الْيُمْنَى على وَسْطِ سَاعِدِهِ عَلَى صَدْرِهِ (البخاري في التاريخ الكبير)

അലി(റ)വിൽ നിന്ന്: "തന്റെ വലതുകൈ ഇടതു കയ്യിന്റെ മദ്ധ്യത്തിലായി നെഞ്ചിൽ വെക്കുക" (ബുഖാരി താരീഖുൽകബീർ, ബൈഹഖി അൽ ഖുബ്റാ 2/29, ഹദീസ് 2163)

روي عن علي بن أبي طالب أنّهُ فسَّرَ هَذَا النَحْـرَ بوَضْـعَ الْيَدَيْن عَلَى النَحْرِ فِي الصَلاَةِ وَقَالَ رَفْع الْيَديْنِ قَبْلَ الـصلاَةِ عَادَةُ الْمُسْتَجِير الْعَائِذِ، وَوَضْعُهَا عَلَى النَحْرِ عَادَةُ الْخَاضِـع الْخَاشِع (تفسير الكبير لإمام الفخر الرازي تفـسير سـورة الكوثر)

"അലി(റ)വിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു: അദ്ദേഹം (وَانْحَـرْ) എന്നതിലെ നഹ്ർ എന്നതിനെ വിശദീകരിക്കുന്നത്: നമസ്കാരത്തിൽ കൈ നഹ്റിൽ (നഞ്ചിൽ) വെക്കുക എന്നാണ്. നമസ്കാരത്തിൽ കൈകൾ ഉയർത്തുക എന്നത് (തെററുകളിൽ നിന്ന്) അകലുക പശ്ചാപക്കുക എന്നതിന്റെയും കൈ നഞ്ചിൽ വെക്കൽ വിനയവും താഴ്മയും കാണിക്കുന്നതിന്റെയും സ്വഭാവമാണ്." (ഇമാം റാസി തഫ്സീറുൽ കബീർ: സൂറത്തുൽ കൗസറിന്റെ തഫ്സീർ)

عن وَائلُ بْنُ حُجر ﷺقَالَ صلّيْتُ مع النّبِـي ﷺ فوضَـع يـده الْيُمْنَى عَلَى يَدِهِ الْيُسْرى عَلَى صدْره (صحيح ابن خزيمـة رقم الحديث : ٤٧٩)

വാഇലു ബ്നു ഹുജറിൽനിന്ന്: ഞാൻ നബി(സ)യോടൊപ്പം നമസ്കരിച്ചിട്ടുണ്ട് അപ്പോൾ അദ്ദേഹം തന്റെ വലതുകൈ ഇടതുകയ്യിന്മേലായി നെഞ്ചിന്മേലായിരുന്നു വെച്ചിരുന്നത് (ഇബ്നുഖുസൈമ).

عَنْ طَاوُس ﷺ كَانَ رَسُولُ اللهِ ﷺ يَضَعُ يَدَهُ الْيُمْنَى عَلَـى يَدِهِ الْيُسْرَى ثُمَّ شَيَّدَ بَيْنَهُمَا عَلَى صَدْرِهِ (ابودود ١/٢٠١رقـم الحديث : ٧٥٩ إرواء الغليل للألباني :٢/٧١ )

ത്വാഊസ്(റ)ൽനിന്നു നിവേദനം: നബി(സ) നമസ്കാരത്തിൽ തന്റെ വലതുകൈ ഇടതുകയ്യിന്മേൽ വെച്ചുപിടിച്ചു തന്റെനെഞ്ചിന്മേലായിരുന്നു വെക്കാറുണ്ടായിരുന്നത്. (അബൂദാവൂദ് 1/201:759, അൽബാനിയുടെ ഇർവാഉൽ ഗലീൽ 2/71)

قَالَ كَمال بن همام وَلَمْ يَثْبُتْ حديث صحيح يوجِبُ الْعَمَلُ فِي كَوْنِ الْوَضْع تَحْتَ الصَّدْر وَفِي كَوْنِه تَحْتَ السُّرَّةِ ، والْمَعْهُودُ عِنْدَ الْحَنَفِيَةِ هُوَ كَوْنُهُ تحْتَ السُّرَّةِ وعِنْـدَ الـشافِعيةِ تَحْـتَ الصدْر (فقه السنة)

കമാലുബ്നുഹമാം പറയുന്നു: ഹനഫികൾ ചെയ്തുവരുന്നത് പോലെ പൊക്കിളിന്ന് താഴെ കെട്ടുവാ

നോ, ശാഫികൾ ചെയ്യുന്നതു പോലെ നെഞ്ചിന്നു താഴെ കെട്ടുവാനോ നിർബന്ധിക്കുന്ന തരത്തിൽ സ്വഹീഹായ ഹദീസുകളൊന്നും സ്ഥിരപ്പെട്ടിട്ടില്ല. (ഫിഖ്ഹു സ്സുന്ന:)

ഇക്കാര്യം ശാഫിഈ ഫിഖ്ഹ്ഗ്രന്ഥങ്ങളിലും കാണാവുന്നതാണ്:

പത്ത്കിത്താബ് പരിഭാഷ:

ثُمَّ تَحُطُّهُمَا إِلَى صَدْرِهِ ( نور الأبصار )

പിന്നീട് (കൈകൾ) രണ്ടും നെഞ്ചിലേക്ക് താഴ്ത്തേണ്ടതാണ് (പത്ത്കിത്താബ് പരിഭാഷ: അബ്ദുൽ അസീസ് മുസ്‌ലിയാർ പൊന്നാനി)

മഹല്ലിപരിഭാഷ:

وَوَضْعُهُمَا عَلَى صَدْرِهِ كَغَيْرِهَا مِنَ الصلَوَاتِ (المحلي)

കൈരണ്ടും ഉയർത്തി മററുനമസ്കാരങ്ങളിൽ വെക്കുന്നതുപോലെ മയ്യത്തുനമസ്കാരത്തിലും നെഞ്ചിൻമേൽ വെക്കേണ്ടതാണ്. (മഹല്ലി പരിഭാഷ).

ഫത്ഹുൽമുഈൻ പരിഭാഷ:

وكَذَا رَفْعُهَا عَنْ صَدْرِهِ وَوَضْعُهَا عَلَى مَوْضِعِ الْحَكِّ مَــرَّةً وَاحِدَةً

അപ്രകാരം നെഞ്ചത്തുനിന്ന് കൈ എടുക്കലും ചൊറിച്ചിലുള്ള സ്ഥലത്ത് വെക്കലും ഒരുപ്രാവശ്യമാണ്. (ഫത്ഹുൽ മുഈൻ പരിഭാഷ)

ശാഫിഈ മദ്ഹബിലെ ചിലഗ്രന്ഥങ്ങളിൽ നെഞ്ചിന്നു താഴെ എന്നു രേഖപ്പെടുത്തിയതുകൊണ്ടുള്ള വിവക്ഷ പള്ളമേൽ കെട്ടണം എന്നതല്ലായെന്ന് പ്രസ്തുത മദ്ഹബിലെതന്നെ ഗ്രന്ഥങ്ങൾ വ്യക്ത മാക്കുന്നുണ്ട്.

وَحِكْمَةُ جَعْلِهِمَا تَحْتَ صَدْرِهِ أَنْ يَكُونَا فَوْقَ أَشْرَفِ الأَعْضَاءِ وَهُوَ الْقَلْبُ ( نهاية، جمل)

കൈരണ്ടും നെഞ്ചിന്ന്താഴെ വെക്കുന്നതിലുള്ള തത്വം അവ ശരീരത്തിലെ ഏററവും ശ്രേഷ്ഠമായ അവയവത്തിനു മുകളിലായിരിക്കുക എന്നതാണ്. അത് ഹൃദയമാണ്. (നിഹായ:, ജമൽ)

2. സുബഹിക്ക് മാത്രമായി ഖുനൂത്തോ ?

സുബഹി നമസ്കാരത്തിൽ രണ്ടാമത്തെ റക്അത്തിലെ ഇഅ്തിദാലിൽ പതിവായി ഖുനൂത്ത് ഓതുക എന്ന സമ്പ്രദായം നബിചര്യയിൽ സ്ഥിരപ്പെട്ടിട്ടില്ല. എന്നാൽ ഹദീസുകളിൽ ഒരു കാര്യം സ്ഥിരപ്പെട്ട് കഴിഞ്ഞാൽ അത് പിൻപററുകയും അതിനെതിരിൽ പ്രചരിക്കപ്പെട്ടത് കയ്യൊഴിക്കുകയും ചെയ്യണമെന്നതാണ് മദ്ഹബിൻെറ ഇമാമുകൾ പോലും ഉപദേശി

ച്ചിട്ടുള്ളത്. എന്നാൽ ഈ വിഷയത്തിലെ നബിചര്യ എന്തെന്ന് പരിശോധിക്കാം.

നബിചരിത്രത്തിൽ ബിഅ്റുമഊന എന്ന പേരിൽ അറിയപ്പെടുന്ന ഒരു സംഭവമായിരുന്നു ഖുനൂതിന്റെ തുടക്കം.

അബൂബർറാഅ് ആമിറുബ്നു മാലിക് എന്ന ബനൂ ആമിറിലെ നേതാവ് നബ(സ)യുടെയടുക്കൽ ഒരു നിവേദകസംഘത്തേയുംകൊണ്ട് എത്തി. അന്നേരം പ്രവാചകൻ അദ്ദേഹത്തെ ഇസ്ലാമിലേക്ക് ക്ഷണിച്ചു, പക്ഷേ വിശ്വസിക്കാൻ വൈമനസ്യം കാണിച്ചു. എന്നാൽ അയാൾ കുറച്ച് ആളുകളെ പ്രബോധകരായി നജ്ദ് പ്രദേശത്തേക്ക് അയച്ചു തന്നാൽ അത് ഗുണകരമാകും എന്ന് പ്രവാചകരോട് അറിയിച്ചു. അത് അനുസരിച്ച് പ്രവാചകൻ എഴുപത് ആളുകളെ പ്രബോധകരായി അയാളോടൊപ്പം അയച്ചു കൊടുത്തു. എന്നാൽ ഇവരെയും കൊണ്ട് ബിഅ്റു മഊന: എന്ന സ്ഥലത്ത് എത്തിയപ്പോൾ ബനൂസുലൈം ഗോത്രത്തിൽ പെട്ട ഉസ്വയ്യ്, രിഅ്ല്, ദക്വാൻ എന്നീ വിഭാഗക്കാർ അവരുടെ മേൽ ചാടിവീണ് അക്രമിക്കുകയും അവരിൽ നിന്നും കഅബ് ബ്നു സൈദ് എന്ന വ്യക്തിയെ ഒഴിച്ച് ബാക്കി എല്ലാവരേയും കൊലപ്പെടുത്തുക

യും ചെയ്തു. അദ്ദേഹമാകട്ടെ മരിച്ചു എന്ന നില ക്ക് അക്രമകാരികൾ സ്ഥലം വിട്ടതായിരുന്നു.

ഈ വിവരം അറിഞ്ഞ നബി(സ) അങ്ങേ അററം വ്യ സനിക്കുകയും അവർക്ക് ഗുണത്തിന് വേണ്ടിയും കൊലയാളികളായ വിഭാഗത്തിൻെറ പേര് എടുത്ത് പറഞ്ഞ് അവർക്ക് ശാപത്തിനായി പ്രാർത്ഥിച്ച് കൊ ണ്ടും ഒരു മാസക്കാലം നമസ്കാരങ്ങളിൽ ഖുനൂ ത്ത് ഓതുകയുണ്ടായി. അതാകട്ടെ എല്ലാ നമസ് കാരങ്ങളിലുമായിരുന്നു. പിന്നീട് നബി(സ) അത് ഉ പേക്ഷിക്കുകയും ചെയ്തു.

നബി(സ) രിഅ്ല്, ദിക്വാൻ, ലിഹ്യാൻ എന്നീ ഗോ ത്രക്കാർക്കെതിരിൽ അവരെ ശപിച്ചുകൊണ്ട് ഒരു മാസക്കാലം മാത്രം എല്ലാ നമസ്കാരങ്ങളിലും കു നൂത് ഓതിയതായും, പിന്നീട് അത് ഉപേക്ഷിച്ചതാ യും ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. അതാകട്ടെ സുബഹി നമസ്കാരത്തിൽ മാത്രമായിരുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഹദീ സുകളിൽ നിന്നും ഇക്കാര്യം ഗ്രഹിക്കാവുന്നതാണ്.

عن عاصمٍ الأحول قال سَأَلْتُ أَنَس بنِ مالكٍ عَنِ الْقُنُوتِ فِي الصَلاَةِ كَانَ قَبْلَ الرُكُوعِ أَوْ بَعْدَهُ ؟ قال إِنَّمَا قَنَتَ رَسُولُ اللهِ صلى الله عليه وسلم بَعْدَ الرُكُوعِ شَهْرًا إِنَّهُ كَانَ بَعَثَ أُنَاسًا يُقَالُ لَهُمُ الْقُرَّاءُ سَبْعُونَ رَجُلاً فَأُصِيبُوا

فقنت رسول الله صلى الله عليه وسلم بعد الركوع شهرا يدعو عليهم (متفق عليه صحيح مشكاة للألباني ١/ رقم الحديث ١٢٨٩)

"ആസിം (റ) പറയുന്നു: ഞാൻ അനസ്(റ)വിനോട് നമസ്കാരത്തിലെ കുനൂതിനെ സംബന്ധിച്ച് ചോദിച്ച് ചോദിക്കുകയുണ്ടായി; അത് റുകൂഇന്റെ മുമ്പാണോ ശേഷമാണോ എന്ന്? അദ്ദേഹം പറഞ്ഞു: നബി(സ) റുകൂഇന് ശേഷം ഒരു മാസം മാത്രമാണ് കുനൂത് ഓതിയിട്ടുള്ളത്. അദ്ദേഹം (നബി(സ) ഖുർ ( ഉകൾ എന്ന് പറയപ്പെട്ടിരുന്ന എഴുപത് ആളുകളെ (ഒരു വിഷയത്തിലേക്ക്) നിയോഗിച്ചു. അവർ വിപത്തിലകപ്പെടുത്തപ്പെട്ടപ്പോൾ അവർക്കെതിരിൽ (വഞ്ചകർക്കെതിരായി) പ്രാർത്ഥിച്ചുകൊണ്ട് റുകൂഇന് ശേഷം ഒരു മാസം ഖുനൂത് ഓതുകയുണ്ടായി.)"(മുതഫഖുൻ അലൈഹി,അൽബാനിയുടെ സ്വഹീഹ് മിശ്കാത്ത് 1ാം വാള്യം ഹദീസ് നമ്പർ: 1289)

അനസ് (റ) പറയുന്ന മറ്റൊരു ഹദീസ് കൂടി ശ്രദ്ധിക്കുക:

أَنَّ رَسُولَ اللهِ صلى الله عليه وسلم كَانَ يَقْنُتُ فِي صَلَاةِ الصُبْحِ يَدْعُو عَلَى حَيٍّ مِنْ أَحْيَاءِ الْعَرَبِ شَهْرًا ثُمَّ تَرَكَ (صحيح ابن ماجة للألباني ١/ ٣٩٤ حديث رقم ١٢٤٣)

“നിശ്ചയം നബി(സ) ചില അറബി ഗോത്രങ്ങൾക്കെതിരിൽ പ്രാർത്ഥിച്ചുകൊണ്ട് ഒരു മാസക്കാലം ഖുനൂത് ഓതിയിരുന്നു. പിന്നീട് അത് ഉപേക്ഷിക്കുകയും ചെയ്തു.” (അൽബാനിയുടെ സ്വഹീഹ് ഇബ്നുമാജ: 1/394 ഹദീസ് നമ്പർ: 1243)

മറ്റൊരു ഹദീസിൽ

عن أنس أن النبي صلى الله عليه وسلم قَنَتَ شَهْرًا يَلْعَنُ رِعْلاً وَذِكْوَانَ وَلِحْيَانَ (صحيح النسائي للألباني ٢/٢٠٣ حديث رقم :١٠٧٧)

“നബി(സ) രിഅ്ല്, ദിക്വാൻ, ലഹ്യാൻ എന്നി (ഗോത്രങ്ങളെ) വരെ ശപിച്ചുകൊണ്ട് ഒരു മാസക്കാലം ഖുനൂത് ഓതുകയുണ്ടായി.”(അൽബാനിയുടെ സ്വഹീഹ് നസാഇ: 2/203 ഹദീസ് നമ്പർ: 1077)

പതിവായി സുബഹി നമസ്കാരത്തിൽ ഖുനൂത് നിർവ്വഹിച്ചുവരുന്ന സമ്പ്രദായം പിൽക്കാലത്ത് കടന്നു കൂടിയ പുത്തൻ ആചാരമാണ് എന്നും ഹദീസുകൾ വ്യക്തമാക്കുന്നത് കാണുക:

عن أبي مالك الأشجعي قال قُلْتُ لأبي يا أبتِ إنَّكَ قدْ صَلَّيْتَ خَلْفَ رَسُولُ الله صلى الله عليه وسلم وَأَبِي بَكْرٍ وَعُمَرَ وَعُثْمَانَ وَعَلِيٍ هَهُنَا بِالْكُوفَةِ نَحْوًا مِنْ خَمْسَ سِنِينَ أكَانُوا يَقْنُتُونَ فِي الْفَجْرِ ؟ قالَ أيْ بُنَيَّ مُحْدَثٌ . (صحيح الترمذي

وصحيح النسائي وصحيح ابــن ماجــه صــحيح مــشكاة للألباني حديث رقم :١٢٩٢)

"അബൂ മാലിക് (റ) പറയുന്നു; ഞാൻ എന്റെ പിതാവിനോട് ചോദിച്ചു: താങ്കൾ നബി(സ)യുടേയും അബൂബക്കർ, ഉമർ, ഉസ്മാൻ(റ) എന്നിവരുടേയും ഇവിടെ കൂഫയിൽ അഞ്ച് കൊല്ലത്തോളം അലി(റ) വിന്റേറയും പിന്നിൽ നമസ്കരിച്ച ആളാണല്ലോ; അവരെല്ലാം സുബ്ഹി നമസ്കാരത്തിൽ ഖുനൂത് ഓതിയിരുന്നോ ? അദ്ദേഹം പറഞ്ഞു: എന്റെ മകനേ, അതൊരു പുതിയ സമ്പ്രദായമാണ്." (അൽബാനിയുടെ സ്വഹീഹ് തിർമിദി, സ്വഹീഹ് നസാഇ, സ്വഹീഹ് ഇബ്നുമാജ, സ്വഹീഹ് മിശ്കാത് 1/നമ്പർ 1292)

നസാഇയുടെ മറെറാരു റിപ്പോർട്ടിൽ സുബ്ഹിയിലെ ഖുനൂത് ബിദ്അത്താണ് എന്നുതന്നെ കാണാൻ കഴിയും

صَلَّيْتُ خَلْفَ رَسُول الله صلى الله عليه وسلم فَلَــمْ يَقْنُــتْ وَ صَلَّيْتُ خَلْفَ أبي بكر فَلَمْ يَقْنُتْ و صَلَّيْتُ خَلْفَ عُمَرَ فَلَمْ يَقْنُتْ وَصَلَّيْتُ خَلْفَ عُثْمَانَ فَلَمْ يَقْنُتْ وَ صَلَّيْتُ خَلْفَ عَلِي فَلَمْ يَقْنُتْ ثُمَّ قَالَ يَا بُنَيَّ إِنَّهَا بِدْعَةٌ (صحيح النسائي للألباني ٢/٢٠٤ حديث رقم : ١٠٨٠)

"അബൂ മാലിക് തന്റെ പിതാവ് പറഞ്ഞത് ഇപ്രകാരം ഉദ്ധരിക്കുന്നു: ഞാൻ നബി(സ)യുടെ പിന്നിൽ

നമസ്കരിച്ചിട്ടുണ്ട് അദ്ദേഹം ഖുനൂത് ഓതിയിട്ടില്ല. അബൂബക്കറിന്റെ പിന്നിൽ നമസ്കരിച്ചിട്ടുണ്ട് അദ്ദേഹവും ഖുനൂത് ഓതിയിട്ടില്ല. ഉമർ(റ)വിന്റെ പിന്നിൽ നമസ്കരിച്ചിട്ടുണ്ട് അദ്ദേഹവും ഖുനൂത് ഓതിയിട്ടില്ല. ഉസ്മാൻ(റ)വിന്റെ പിന്നിൽ നമസ്കരിച്ചിട്ടുണ്ട് അദ്ദേഹവും ഖുനൂത് ഓതിയിട്ടില്ല അലി (റ)വിന്റെ പിന്നിൽ നമസ്കരിച്ചിട്ടുണ്ട് അദ്ദേഹവും ഖുനൂത് ഓതിയിട്ടില്ല. ശേഷം അദ്ദേഹം പറഞ്ഞു: എന്റെ മകനേ, അത് ബിദ്അത്താണ്." (അൽബാനി സ്വഹീഹ് നസാഇ: 2/204 ഹദീസ് നമ്പർ: 1077)

മേൽ പറയപ്പെട്ട ഹദീസുകളിൽ നിന്നും മനസ്സിലാകുന്നത് എന്തെങ്കിലും വിപത്തുകൾ ബാധിക്കുന്ന അവസരങ്ങളിൽ എല്ലാ നമസ്കാരങ്ങളിലും ഖുനൂത് നിർവ്വഹിക്കുകയും അല്ലാത്ത അവസരങ്ങളിൽ നിർവ്വഹിക്കാതിരിക്കുകയും ചെയ്യുക എന്നതായിരിക്കണം നാം സ്വീകരിക്കേണ്ടത്. അതിലാണ് പൂർവ്വികരുടെ മാതൃകയുള്ളതും.

### 3. നമസ്കാര ശേഷം കൂട്ടുപ്രാർത്ഥനയോ ?

നമസ്കാര ശേഷം ഇമാമും മഅ്മൂമുകളും ഒററക്ക് തന്നെയായിരിക്കണം ദിക്റുകളും ദുആയും നിർവ്വഹിക്കേണ്ടത്.

നബി(സ) നമസ്കാരത്തിൽ നിന്നും സലാം വീട്ടിയാൽ ഉറക്കെ പ്രാർത്ഥിക്കുകയും മഅ്മൂമുകൾ അതി

ന് ആമീൻ പറയുകയും ചെയ്തതിന് യാതൊരു രേഖയുമില്ല. അതിനാൽ അത് ബിദ്അത്തും വർജ്ജിക്കേണ്ടതുമാണ്.

وعن الْبَرَّاءِ قَالَ كُنَّا إِذَا صَلَّيْنَا خَلْفَ رَسولِ الله صلى الله عليه وسلم أَحْبَبْنَا أَنْ نَكُونَ عَنْ يَمِينِهِ يُقْبِلُ عَلَيْنَا بِوَجْهِهِ قَالَ فَسَمِعْتُهُ يَقُولُ رَبِّ قِنِي عَذَابَكَ يَوْمَ تَبْعَثُ أَوْ تَجْمَعُ عِبَادَكَ . (رواه مسلم)

"ബർറാഅ്(റ) പറയുന്നു; ഞങ്ങൾ നബി(സ)യുടെ പിന്നിൽ നമസ്കരിക്കുമ്പോൾ അദ്ദേഹത്തിൻെറ വലതു ഭാഗത്ത് നിൽക്കാനായിരുന്നു ഞങ്ങൾ ഇഷ്ടപ്പെട്ടിരുന്നത്. അദ്ദേഹം നമസ്കരിച്ചു കഴിഞ്ഞാൽ ഞങ്ങൾക്ക് അഭിമുഖമായി ഇരിക്കും. അപ്പോൾ അദ്ദേഹത്തിൻെറ പ്രാർത്ഥന ഞാൻ കേൾക്കും: നാഥാ, നിൻെറ ദാസന്മാരെ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം അല്ലെങ്കിൽ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ നിൻെറ ശിക്ഷയിൽനിന്ന് നീ എന്നെ കാത്തു രക്ഷിക്കേണമേ," (മുസ്ലിം)

ഇവിടെ നബി(സ) ((എന്നെ രക്ഷിക്കണേ)) എന്ന് ഏകവചന രൂപത്തിലാണ് പ്രാർത്ഥിക്കാറുണ്ടായിരുന്നത്. കൂട്ടു പ്രാർത്ഥനയല്ല നടത്തിയത് എന്നു സാരം.

وعن عائشة رضي الله عنها قَالَتْ كَانَ رَسُولُ الله صلى الله عليه وسلم إِذَا سَلَّمَ لَمْ يَقْعُدْ إِلاَّ مِقْدَارَ مَا يَقُولُ اللهُمَّ أَنْتَ السَّلاَمْ وَمِنْكَ السَّلاَم تَبَارَكْتَ يَا ذَا الْجَلاَلِ وَالإِكْرَامْ . رواه مسلم

ആയിഷ(റ) പറയുന്നു: നബി(സ) സലാം വീട്ടിയാൽ അല്ലാഹുമ്മ അൻതസ്സലാം വമിൻകസ്സലാം തബാറക്ത യാദൽജലാലി വൽ ഇക്റാം എന്ന് പറയുന്നത്ര സമയമല്ലാതെ ഇരുന്നിട്ടില്ല (മുസ്ലിം)

عن أم سلمة رضي الله عنها قالت: كَانَ الرسول صلى الله عليه وسلم إِذَا سَلَّمَ قَامَ النِسَاءُ حَتَّى يَقْضِي تَسْلِيمَهُ وَمَكَثَ يَسِيرًا قَبْلَ أَنْ يَقُومَ . قَالَ ابْنُ شِهَابٍ فَأَرَى - وَاللهُ أَعْلَمُ - أَنَّ مُكْثَهُ لِكَيْ يَنْفذَ النِسَاءُ قَبْلَ أَنْ يُدْرِكَهُنَّ مَنْ انْصَرَفَ مِنَ الْقَوْمْ (صحيح البخاري ١/٢٨٧)

ഉമ്മു സൽമ(റ) പറയുന്നു: ((നബി(സ) നമസ്കാരത്തിൽ നിന്ന് സലാം വീട്ടിയാൽ ഉടനെ സ്ത്രീകൾ എഴുന്നേൽക്കും അദ്ദേഹം അൽപ സമയം അവിടെ ഇരിക്കുകയും ചെയ്യും, ഇബ്നു ഷിഹാബ് പറയുന്നു: അദ്ദേഹം അൽപസമയം ഇരിക്കാറുള്ളത് ജനങ്ങൾ എഴുന്നേൽക്കുന്നതിന് മുമ്പ് സ്ത്രീകൾ പോകുന്നതിന് വേണ്ടിയായിരുന്നു.)) (സ്വഹീഹുൽ ബുഖാരി വാള്യം 1 പേജ്: 287)

وَأَخْتَارُ لِلإِمَامِ وَالْمَأمُومِ أنْ يَذْكُرَا اللهَ بَعْدَ الانْـصِرَافِ مِـنَ الصَلاَةِ وَيَخْفِيَانِ الذِكْرَ إلاَّ أنْ يَكُونَ إمَامًا يَجِبُ أنْ يَتَعَلَّمَ مِنْهُ فَيَجْهَرُ حَتَّى يَرَى أنَّهُ قَدَ تَعَلَّمَ مِنْهُ ثُمَّ يُسِرُّ (كتاب الأم للإمام الشافعي رحمه الله ١/٢٤١)

ഇമാമിനും മഅ്മൂമിനും ഞാൻ നല്ലതായികാണുന്നത് നമസ്കാരത്തിൽ നിന്നും വിരമിച്ചാൽ അല്ലാഹുവിന് ദിക്റ് ചൊല്ലുക എന്നതാണ്. എന്നാൽ അവർ രണ്ട് കൂട്ടരും അത് പതുക്കെയാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ ഇമാമ് തന്നിൽ നിന്നും (മഅ്മൂമുകൾ) പഠിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അപ്പോൾ ഉറക്കെയാക്കുകയും പഠിച്ചുകഴിഞ്ഞാൽ പതുക്കെയാക്കുകയും ചെയ്യണം. (ഇമാം ശാഫി കിതാബുൽ ഉമ്മ് വാള്യം 1 പേജ്: 241)

أمَّا الإمَامُ إذَا تَرَكَ الْقِيَامَ الَّذِي هُوَ أفْضَلُ لَهُ ثُمَّ الأفْضَلُ جَعْلُ الْيَمِينَ إلَى الْمَأمُومِينَ وَالْيَسَارَ إلَى الْقِبْلَةِ ( فـتح المعـين : ٤٣)

എന്നാൽ ഇമാമിനെ സംബന്ധിച്ചെടത്തോളം ഏററവും ശ്രേഷ്ഠമായ എഴുന്നേററ് പോവുക എന്നത് ഒഴിവാക്കുകയാണെങ്കിൽ പിന്നെ നല്ലത് വലത് വലത് ഭാഗം മഅ്മൂമുകൾക്കും ഇടത് ഭാഗം ഖിബ്ലക്കുമാക്കി തിരിഞ്ഞിരിക്കലാണ് (ഫത്ഹുൽ മുഈൻ പേജ്: 43)

وَيُفَارِقُ الإمَامُ مُصَلاهُ عَقِبَ فَرَاغِهِ إنْ لَمْ يَكُنْ ثَمَّ نِسَاءٌ (نور الأبصار من عشرة كتب)

ഇമാം നമസ്കാരത്തിൽ നിന്ന് വിരമിച്ച ഉടനെ നമസ്കാര സ്ഥലം വിട്ട് പോകേണ്ടതാണ് അവിടെ സ്ത്രീകൾ ഇല്ലെങ്കിൽ (നൂറുൽ അബ്സ്വാറ് പത്ത് കിതാബ് )

4. സ്ത്രീകൾക്ക് പള്ളി നിഷിദ്ധമോ ?

സ്ത്രീകൾക്ക് പള്ളികളിൽ ജുമുഅ/ ജമാഅത്തുകൾക്കായി പങ്കെടുക്കൽ പുരുഷന്മാരെപ്പോലെ നിർബന്ധമില്ല. എന്നാൽ അവർ നബി(സ)യുടെ കാലഘട്ടത്തിലും അതിനു ശേഷവും ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുകയും നബി(സ)യും സ്വഹാബികളും അതിന് അവർക്ക് സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്തു പോന്നിട്ടുണ്ട്. പ്രവാചകനും സ്വഹാബികളും ജീവിച്ച നാടുകൾ അടക്കം മുസ്ലിം നാടുകളിൽ അത് ഇന്നും തുടർന്നുവരുന്നു എന്നതാണ് വസ്തുത. കർമ്മശാസ്ത്ര പണ്ഢിതന്മാരും അവരുടെ ഗ്രന്ഥങ്ങളിൽ ഇക്കാര്യം രേഖപ്പെടുത്തിയത് നമുക്ക് കണ്ടെത്താവുന്നതാണ്.

എന്നാൽ പ്രവാചകന്റെ ആദ്യ കാലത്ത് സ്ത്രീകൾക്ക് പള്ളിപ്രവേശനം അനുവദിക്കുകയും പിന്നീട് അത് തടയപ്പെടുകയും ചെയ്തു എന്ന പൊള്ള

വാദം ഇന്നും ഒരു വിഭാഗം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ പ്രമാണങ്ങൾകൊണ്ട് ഒരിക്കലും അത് സ്ഥാപിക്കുവാൻ അത്തരക്കാർക്ക് കഴിയുകയില്ല തീർച്ച. പ്രവാചകൻ (സ)യുടെ കാലത്തും അതിന് ശേഷം ഇന്നുവരേയും അത് തുടർന്ന് വരുന്നു. നിഷ്പക്ഷരായ, സത്യാന്വേഷികൾക്കായി ഏതാനും തെളിവുകൾ താഴെ ചേർക്കുന്നു.

**നബി(സ)യോടൊപ്പം സ്ത്രീകൾ പങ്കെടുത്തത്:**

أن عائشة رضي الله عنها قالت: كُنَّ نِسَاءُ الْمُؤْمِنَاتِ يَشْهَدْنَ مَعَ رَسُولِ الله صلى الله عليه وسلم صَلاَةَ الْفَجْرِ مُتَلَفِّعَاتٍ بِمُرُوطِهِنَّ ثُمَّ يَنْقَلِبْنَ إِلَى بُيُوتِهِنَّ حِينَ يَقْضِينَ الصَلاَةَ لاَ يُعْرَفُهُنَّ أَحَدٌ مِنَ الْغَلَسِ(صحيح البخاري ١/٢١٠ رقم : ٥٣٣)

"ആയിഷ(റ) പറയുന്നു: സത്യവിശ്വാസിനികളായ സ്ത്രീകൾ നബി(സ)യോടൊപ്പം തങ്ങളുടെ പുതപ്പുകൾകൊണ്ട് ചുററിപ്പുതച്ച് സുബഹി നമസ്കാരത്തിൽ പങ്കെടുക്കുമായിരുന്നു. നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞ് അവർ അവരുടെ വീടുകളിലേക്ക് തിരിച്ചു പോകുന്ന സമയത്ത് ഇരുട്ടു കാരണം അവരെ ഒരാളും തിരിച്ചറിയുമായിരുന്നില്ല."(സ്വഹീഹുൽ ബുഖാരി 1/210 ഹദീസ് :533 അദ്ധ്യായം രാത്രിയിലും ഇരുട്ടത്തും സ്ത്രീകൾ പള്ളിയിൽ പോകൽ)

**നബി(സ) അറിഞ്ഞുകൊണ്ട് തന്നെ**

عبد الله بن أبي قتادة عن أبيه أبي قتادة عن النبي صلى الله عليه وسلم قال: إِنِّي لأَقُومُ فِي الصَّلاَةِ أُرِيدُ أَنْ أُطَوِّلَ فِيهَا فَأَسْمَعُ بُكَاءَ الصَّبِيِّ فَأَتَجَوَّزُ فِي صَلاَتِي كَرَاهِيَةَ أَنْ أَشُقَّ عَلَى أُمِّهِ (صحيح البخاري ١/٢٥٠ رقم : ٦٧٥)

"അബ്ദുല്ലാഹി ബ്നു അബീ ഖതാദഃ(റ) തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: ഞാൻ ദീർഘിപ്പിച്ച് നമസ്കരിക്കണം എന്ന് ഉദ്ദേശിച്ച് നമസ്കരിക്കാൻ നിൽക്കും, അപ്പോഴായിരിക്കും കുട്ടിയുടെ കരച്ചിൽ കേൾക്കുക; അന്നേരം ആ കുട്ടിയുടെ ഉമ്മാക്ക് വിഷമമാകുമല്ലോ എന്നോർത്ത് ഞാൻ നമസ്കാരം ചുരുക്കും" (ബുഖാരി 1/250 ഹദീസ് നമ്പർ : 675)

**നബി(സ) സൗകര്യം ചെയ്തു കൊടുക്കുന്നു:**

عن ابن عمر قال قال رسول الله صلى الله عليه وسلم لَوْ تَرَكْنَا هَذَا الْبَابَ لِلنِّسَاءِ قَالَ نَافِعٌ فَلَمْ يَدْخُلْ مِنْهُ ابْنُ عُمَرَ حَتَّى مَاتَ (صحيح أبي داود للألباني ١/١١٤ رقم : ٥٣١)

"ഇബ്നു ഉമർ(റ) പറയുന്നു: നബി(സ) പറഞ്ഞു: നമുക്ക് ഈ വാതിൽ സ്ത്രീകൾക്കായി (നീക്കിവെക്കുന്നത് നന്നായിരിക്കും), നാഫിഅ്(റ) പറയുന്നു: ഇബ്നു ഉമർ(റ) മരിക്കുന്നത് വരെ പിന്നീട് ആ വാതി

ലിലൂടെ പ്രവേശിച്ചിട്ടില്ല." (അൽബാനി സ്വഹീഹ് അബൂദാവൂദ് 1/114 നമ്പർ: 531)

**നബി(സ) അനുമതി നൽകാൻ ഭർത്താക്കളോട് കൽപ്പിക്കുന്നു**

عن ابن عمر رضي الله عنهما عن النبي صلى الله عليه وسلم قال: إِذَا اسْتَأْذَنَتْكُمْ نِسَاؤُكُمْ بِاللَّيْلِ إِلَى الْمَسْجِدِ فَأْذَنُوا لَهُنَّ (صحيح البخاري باب خروج النساء إلى المسجد بالليل والغلس ١/٢٩٥ رقم : ٨٢٧)

"ഇബ്നു ഉമർ(റ)വിൽ നിന്ന്, നബി(സ) പറഞ്ഞു: നിങ്ങളുടെ സ്ത്രീകൾ നിങ്ങളോട് രാത്രിയിൽ പള്ളിയിൽ പോവാൻ അനുവാദം ചോദിച്ചാൽ നിങ്ങൾ അവർക്ക് അനുമതി നൽകണം." (സ്വഹീഹുൽ ബുഖാരി 1/295 ഹദീസ് നമ്പർ :827)

**നബി(സ)യുടെ മരണ ശേഷവും**

عن ابن عمر ﷺ قال: كَانَتْ امْرَأَةٌ لِعُمَرَ تَشْهَدُ صَلاَةَ الصُّبْحِ وَالْعِشَاءِ فِي الْجَمَاعَةِ فِي الْمَسْجِدِ فَقِيلَ لَهَا لِمَ تَخْرُجِينَ وَقَدْ تَعْلَمِينَ أَنَّ عُمَرَ يَكْرَهُ ذَلِكَ وَيُغَارُ ؟ قَالَتْ وَمَا يَمْنَعُهُ أَنْ يَنْهَانِي ؟ قَالَ يَمْنَعُهُ قَوْلُ رسول الله صلى الله عليه وسلم ( لاَ تَمْنَعُوا إِمَاءَ اللهِ مَسَاجِدَ اللهِ) (صحيح البخاري ١/٣٠٥ رقم : ٨٥٨)

"ഉമർ(റ)വിൻെറ ഭാര്യ ഇശാ നമസ്കാരത്തിനും സുബ്ഹി നമസ്കാരത്തിനും ജമാഅത്തിന് പള്ളിയിൽ പങ്കെടുക്കുമായിരുന്നു. അപ്പോൾ അവരോട് നിങ്ങൾ ജമാഅത്തിൽ പങ്കെടുക്കുന്നത് ഉമറിന് ഇഷ്ടമില്ലെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ എന്ന് ചോദിക്കപ്പെട്ടു; അന്നേരം അവർ പറഞ്ഞു: എന്നാൽ എന്താണ് എന്നെ തടയുന്നതിൽനിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കുന്നത് ? അദ്ദേഹം പറഞ്ഞു: ((അല്ലാഹുവിൻെറ ദാസിമാരെ നിങ്ങൾ പള്ളിയിൽനിന്നും തടയരുത്)) എന്ന പ്രവാചക വചനമാണ് അദ്ദേഹത്തെ അതിൽ നിന്ന് തടയുന്നത് (പിന്തിരിപ്പിക്കുന്നത്)." (സ്വഹീഹുൽ ബുഖാരി 1/305 ഹദീസ് നമ്പർ :858)

ഈ ഹദീസിൻെറ വ്യാഖ്യാനത്തിൽ ഇബ്നുഹജറുൽ അസ്ഖലാനി രേഖപ്പെടുത്തിയത് കാണുക:

كان عُمَرُ يَقُولُ لَهَا وَاللهِ إِنَّكِ لَتَعْلَمِينَ أَنِّي مَا أُحِبُّ هَذَا قَالَتْ وَاللهِ لاَ أَنْتَهِي حَتَى تَنْهَانِي قَالَ فَلَقَدْ طُعِنَ عُمَرُ وَإِنَّهَا لَفِي الْمَسْجِدِ (فتح الباري لابن حجر العسقلاني ٢/٣٨٣)

"ഉമർ(റ) അവരോട് ചോദിക്കുമായിരുന്നു: അല്ലാഹുവണെ സത്യം നിനക്ക് അറിഞ്ഞുകൂടെ (നിൻെറ ഈ പോക്ക്) ഞാൻ ഇഷ്ടപ്പെടുന്നില്ലെന്ന്. അവർ പറയും അല്ലാഹുവാണെ സത്യം നിങ്ങൾ എന്നെ തടയാത്തിടത്തോളം ഞാനിത് നിർത്തുകയില്ല. ഉമർ(റ)

വിന് കുത്ത് കിട്ടുന്ന ആ അവസരത്തിലും അവർ പള്ളിയിലുണ്ടായിരുന്നു." (ഫത്ഹുൽബാരി 2/383)

ഹിജ്റ : 23 ദുൽഹജ്ജ് മാസത്തിലായിരുന്നു ഉമർ(റ) വിൻെറ രക്തസാക്ഷിത്വം എന്നത് നാം പ്രത്യേകം ശ്രദ്ധിക്കുക.

**അമവി ഖിലാഫത് കാലത്ത്**
**ഹിജ്റ: രണ്ടാം നൂറ്റാണ്ടിലും സ്ത്രീകൾ പള്ളിയിൽ**

وكَانَ النسَاءُ يُكَبِّرْنَ خَلْفَ أَبَانَ بْنِ عُثْمَانَ وَعُمَرَ بْنِ عَبْدِ الْعَزِيز لَيَالِيَ التَشْرِيق مَعَ الرجَال فِي الْمَسْجِدِ (صحيح البخاري ٥/٢٠١٧)

"അബാനു ബ്നു ഉസ്മാൻ(റ)വിൻേറയും ഉമറു ബ്നു അബ്ദിൽ അസീസ്(റ)വിൻേറയും പിന്നിൽ വെച്ച് അയ്യാമുത്തശ്രീഖിൻെറ രാത്രികളിൽ സ്ത്രീകൾ പള്ളിയിൽ വെച്ച് തക്ബീർ ചൊല്ലാറുണ്ടായിരുന്നു." (സ്വഹീഹുൽ ബുഖാരി 5/2017)

ഹിജ്റ 101 റജബ് മാസത്തിലായിരുന്നു അമവി ഖലീഫമാരിൽപെട്ട ഉമർ രണ്ടാമൻ എന്നറിയപ്പെടുന്ന ഉമറുബ്നു അബ്ദിൽ അസീസ് (റ) ൻെറ മരണം.

**മദ്ഹബിൻെറ ഇമാമുകളും സ്ത്രീകൾ പള്ളിയിൽ വരുന്നതാണ് അധികാമ്യമായി കണ്ടത്**

قَال الشافعي : وَلاَ أحِبُّ لِوَاحِدٍ مِمَّنْ لَهُ تَرْكُ الْجُمُعَةِ مِنَ الأحْرَارِ لِلْعُذْرِ وَلاَ مِنَ النِسَاءِ وَغَيْرِ الْبَالِغِينَ وَالْعَبِيدِ أَنْ يُصَلِّيَ الظُهْرَ حَتَى يَنْصَرِفَ الإمَامُ أوْ يَتَأَخَّرَ انْصِرَافُهُ بِأَنْ يَحْتَاطَ حَتَى يَرَى أنَّهُ قَدْ انْصَرَفَ لأنَّهُ لَعَلَّهُ يَقْدِرُ عَلَى إتْيَانِ الْجُمُعَةِ فَيَكُونُ إتْيَانُهَا خَيْرًا لَهُ (كتاب الأم للشافعي ١/٣٢٤)

ഇമാം ശാഫി(റ) പറയുന്നു: "കാരണം മൂലം ജുമു അക്ക് പങ്കെടുക്കാൻ കഴിയാത്ത സ്വതന്ത്രരായ പുരുഷൻമാർ, സ്ത്രീകൾ, കുട്ടികൾ, അടിമകൾ എന്നിവർ പള്ളിയിലെ ഇമാം ജുമഅയിൽ നിന്നും വിരമിച്ചാൽ മാത്രം ളുഹർ നമസ്കരിക്കലാണ് ഞാനിഷ്ടപ്പെടുന്നത് കാരണം അവർക്ക് ജുമുഅയിൽ പങ്കെടുക്കാൻ കഴിഞ്ഞാൽ അതാണല്ലോ അവർക്ക് ഖൈറായിട്ടുള്ളത് " (കിതാബുൽ ഉമ്മ് 1/324)

**മലയാള പരിഭാഷകളിലും**

മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ള നിരവധി ശാഫിഈ മദ്ഹബിലെ ഫിഖ്ഹ് (കർമ്മ ശാസ്ത്ര)ഗ്രന്ഥങ്ങളിൽ നിന്നും ഈ സത്യം സാധാരണക്കാർക്കു കൂടി ബോധ്യപ്പെടുന്നതാണ്. ഹുജ്ജത്തുൽ ഇസ്‌ലാം ഇമാം അബൂഹാമിദിൽ ഗസ്സാലി(റ)യുടെ ഇഹ്‌യാഉലൂമിദ്ദീൻ പരിഭാഷ കാണുക: "ഇനി രോഗിയോ, യാത്രക്കാരനോ, അടിമയോ, സ്ത്രീയോ ജുമുഅ: നമസ്കാരത്തിൽ പങ്കെടുത്താൽ

അരുടെ നമസ്കാരം ശരിയാവുകയും അതവർക്ക് ളുഹർ നമസ്കാരത്തിന് മതിയാവുകയുംചെയ്യും" (ഇഹ്യാ ഉലൂമിദ്ദീൻ പരിഭാഷ 5/31, പരിഭാഷകൻ പാടൂർ കുഞ്ഞഹമ്മദ് മൗലവി )

## സമസ്തയുടെ മദ്റസാ പാഠപുസ്തകത്തിലും

ഇക്കാര്യം നമ്മുടെ നാട്ടിൽ സ്ത്രീകളുടെ പള്ളി പ്രവേശനത്തെ അങ്ങേയററം എതിർത്തുകൊണ്ടിരിക്കുന്ന വിഭാഗം തന്നെ അവരുടെ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് വിരോധാഭാസം!. സമസ്തയുടെ നാലാം ക്ലാസിലേക്കുള്ള മദ്രസാ പാഠപുസ്തകത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് കാണുക:"യാത്രക്കാരൻ, സ്ത്രീ, രോഗി, കുട്ടികൾ, അടിമ, കുരുടൻ എന്നിവർക്ക് ജുമുഅ നിർബന്ധമില്ല അവർ വരികയും ജുമുഅയിൽ പങ്കെടുക്കുകയും ചെയ്താൽ ആ സമയത്തെ ളുഹറിന്ന് പകരം അതുമതി" (സമസ്ത കർമ്മശാസ്ത്രം -ഹനഫി- നാലാം ക്ലാസ്)

## 5 ജുമുഅയും അനുബന്ധ വിഷയങ്ങളും

ജുമുഅയുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ ചർച്ചാവിഷയമായിട്ടുള്ള ഏതാനും കാര്യങ്ങൾ സന്ദർഭികമായി ഉണർത്താൻ ഉദ്ദേശിക്കുന്നു.

**I, ജുമുഅയുടെ ബാങ്ക്**

عن السائِبِ بْنِ يَزِيدٍ قَالَ كَانَ النِدَاءُ يَوْمَ الْجُمُعَةِ أوَّلُهُ إذَا جَلَسَ الإمَامُ عَلَى الْمِنْبَرِ عَلَى عَهْدِ النَبِيِّ صلى الله عليه وسلم وأبي بَكْرٍ وَعُمَرَ رضي الله عنهُمَا فَلَمَّا كَانَ عُثْمَانُ رضي الله عنه وكَثُرَ النَاسُ زَادَ النِدَاءُ الثالث عَلَى الزَوْرَاءِ (صحيح البخاري ١/٣٠٩ رقم الحديث : ٨٧١)

സാഇബ്ബ്നു യസീദ് (റ) പറയുന്നു "വെള്ളിയാഴ്ച ദിവസത്തെ (ജുമുഅയുടെ) ബാങ്ക് നബി(സ) അബൂബക്കർ, ഉമർ(റ) എന്നിവരുടെ കാലത്ത് ഇമാം മിമ്പറിൽ ഇരുന്നതിന് ശേഷം മാത്രമായിരുന്നു. ഉസ്മാൻ(റ)ൻെറ കാലത്ത് ജനങ്ങൾ അധികരിച്ചപ്പോൾ സൗറാഇൽ വെച്ച് മൂന്നാമതൊരു ബാങ്ക്കൂടി അധികരിച്ചു" (ബുഖാരി 1/309 നമ്പർ: 871)

യഥാർത്ഥത്തിലുള്ള ബാങ്കിനും ഇഖാമത്തിനും പുറമെ വർദ്ധിച്ചത്കൊണ്ടാണ് ഇവിടെ മൂന്നാമത് എന്ന് പ്രയോഗിച്ചത്.

( الزوراء ) اسْمُ مَوْضِعٍ فِي سُوقِ الْمَدِينَةِ تِلْكَ الأيَّامِ (صحيح البخاري ١٣٠٩/٣ رقم الحديث :٣٣٧٩)

സൗറാഅ് അക്കാലത്ത് മദീനയിൽ അങ്ങാടിക്കടുത്തുള്ള ഒരു പ്രദേശമാണ് (ബുഖാരി 3/1309 ഹദീസ് നമ്പർ : 3379)

ഉമർ (റ)വും പള്ളിയുടെ പുറത്ത് നിന്നും ജനങ്ങളെ ജുമുഅ സമയം അറിയിക്കാൻ വിളിച്ചുപറയാൻ കൽപ്പിച്ചിരുന്നു. എന്നാൽ ബാങ്ക് തന്റെ മുന്നിൽ വെച്ച് (മിമ്പറിൽഇരുന്നശേഷം) മാത്രമായിരുന്നു കൊടുക്കാൻ കൽപ്പിച്ചിരുന്നത്. അബൂബക്കർ, നബി(സ) എന്നിവരുടെ കാലത്ത് നടപ്പുണ്ടായിരുന്നത് പോലെ എന്ന് അത്വാഅ്(റ)ൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു., (ഇന്ന് നടപ്പിലുള്ള) ആദ്യബാങ്ക് ബിദ്അത്ത് ആണ് എന്ന് ഇബ്നുഉമർ(റ)വിൽ നിന്നും ഇബ്നു അബീശൈബ(റ) റിപ്പോർട്ട് ചെയ്യുന്നതായും കാണാം. (ഫത്ഹുൽബാരി 2/458).

ഇന്ന് അടുത്തടുത്ത് പള്ളികളും സമയമറിയാനുള്ള സൗകര്യങ്ങളും വ്യാപകമായുണ്ടായിരിക്കെ നബി ചര്യയിലേക്ക് മടങ്ങലായിരിക്കും അഭികാമ്യം. ഇക്കാലത്ത് ഈവിഷയത്തിൽ ഇമാം ശാഫി(റ)യുടെ അഭിപ്രായമാണ് ഏററവും ഉത്തമമായിട്ടുള്ളത്.

أخبرنا الشافعي قال : أخبرنِي الثِقَةُ عَنِ الزُهْري عَنْ السَائِبِ بْن يزيدٍ : أنَّ الأذَانَ كَانَ أوَّلُهُ لِلجُمُعَةِ حِينَ يَجْلِسُ الإمَامُ عَلَى المِنْبَرِ عَلَى عَهْدِ رسُول اللهِ صلى الله عليه وسلم وأبي بكْرٍ وعُمَرَ فَلَمَّا كَانَتْ خِلافَةُ عُثْمَانَ وَكَثُرَ النَاسُ أمَرَ عُثْمَانُ بأذَانٍ ثَانٍ فَأذِّن بِهِ فَثَبَتَ الأمْرُ عَلَى ذَلِكَ قَالَ الشَافِعِيُ : وَقَدْ كَانَ عَطاءُ يُنْكِرُ أنْ يَكُونَ عُثْمَانُ

أحْدَثَهُ وَيَقُولُ : أحْدَثَهُ مُعَاوِيَةُ وَاللهُ تَعَالَى أعْلَمُ قال الشَافِعِيُ : وَأيُّهُمَا كَانَ فَالأمْرُ الذِي عَلَى عَهْدِ رَسُــولِ اللهِ صــلى الله عليه وسلم أحَبُّ إلَيَّ (كتاب الأم للشافعي ١/٣٣٤)

"ജുമുഅയുടെ ബാങ്ക് ഇമാം മിമ്പറിൽ ഇരിക്കുന്ന അവസരത്തിൽ മാത്രമായിരുന്നു നബി(സ), അബൂ ബക്കർ, ഉമർ(റ) എന്നിവരുടെ കാലത്ത് നടപ്പുണ്ടാ യിരുന്നത്. ഉസ്മാൻ (റ)ന്റെ കാലത്ത് ജനങ്ങൾ വ ർദ്ധിച്ചപ്പോൾ രണ്ടാമത് ഒരു ബാങ്ക്കൂടി വർദ്ധിപ്പി ക്കപ്പെട്ടു, എന്നാൽ അത്വാഅ്(റ) ഇക്കാര്യം നിഷേ ധിക്കുന്നുണ്ട്, മുആവിയ(റ)യാണ് ഇക്കാര്യം തുട ങ്ങിയത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം, ആര് തുടങ്ങിയതാണെങ്കിലും നബി(സ)യുടെ കാ ലത്തുള്ള സമ്പ്രദായമാണ് ഞാൻ ഇഷ്ടപ്പെടുന്ന ത്." (കിതാബുൽ ഉമ്മ് 1/195)

## 2, മആശിറ വിളി

നബി(സ)യടെ കാലത്ത് അദ്ദേഹം നേരെ മിമ്പറിൽ കയറിഇരിക്കുകയും ബിലാൽ(റ) ബാങ്ക്കൊടുക്കു കയും ചെയ്യുക എന്നതായിരുന്നു പതിവ്. അത ല്ലാത്ത ഒരു സംഭവവും റിപ്പോർട്ട് ചെയ്യുന്നില്ല. തന്ന യുമല്ല ഇന്ന് മആശിറ എന്ന പേരിൽ നടത്തിവരു ന്ന വാക്കുകളിൽ നബി(സ) പറയാത്ത കാര്യം നബി (സ) പറഞ്ഞതാണെന്ന് ബുഖാരിയുടേയും മുസ് ലിമിന്റേയും പേരിൽ ചേർത്തു പറയുന്നു. സത്യ

ത്തിൽ മഅ്ആശിറ വിളിയിൽ പറയുന്നവിധം ഒരു ഹദീസ് ബുഖാരിയിലോ മുസ്ലിമിലോ കാണാൻ കഴിയുന്നില്ല.!? "ആരെങ്കിലും എൻെറ പേരിൽ ബോധപൂർവം കളവു പറഞ്ഞാൽ അവൻ തൻെറ ഇരിപ്പിടം നരകത്തിൽ ഉറപ്പിച്ചുകൊള്ളട്ടെ" (ബുഖാരി). അക്കാരണത്താൽ തന്നെ മേൽ പറഞ്ഞ വിഷയം തീർത്തും നബിചര്യക്ക് വിരുദ്ധമാണ്.

**3, ഖുത്വുബയുടെ ഭാഷ**

നബി(സ) ഖുത്വുബ നടത്തിയതെല്ലാം അറബിഭാഷയിലായിരുന്നു എന്നതും അതോടൊപ്പം അത് ശ്രോദ്ധാക്കൾക്ക് കാര്യങ്ങൾ മനസിലാക്കിക്കൊടുക്കാനായിരുന്നു എന്നതും നബിയുടെ ഖുത്വുബയിൽനിന്നും ഗ്രഹിക്കാൻ കഴിയുന്ന വസ്തുതകളാണ്. എന്നാൽ അത് രണ്ടുംകൂടി നമുക്കിന്ന് എടുക്കാൻ കഴിയുകയില്ല. അപ്പോൾ പിന്നെ ചിന്തിക്കാനുള്ളത് എന്തായിരുന്നു ഖുത്വുബയുടെ ലക്ഷ്യം എന്നതാണ്. അത് ജനങ്ങളെ ദീൻ പഠിപ്പിക്കാനായിരുന്നു എന്ന് ബോധ്യപ്പെടുന്നതാണ്. അതാകട്ടെ മനസിലാകുന്ന ഭാഷയിലല്ലാതെ നേടാൻ കഴിയുകയുമില്ല. പ്രവാചകൻ അതൊട്ടുവിരോധിച്ചിട്ടുമില്ല. ഇക്കാര്യത്തിൽ മുൻകാല പണ്ഡിതന്മാരെല്ലാം യോജിക്കുകയും ചെയ്യുന്നു.

നബിയുടെ ഖുത്വുബ എങ്ങിനെയായിരുന്നു എന്ന് ഹദീസുകൾ വ്യക്തമാക്കിത്തരുന്നത് കാണുക:

كَانَتْ لِلنَّبِيِّ صلى الله عليه وسلم خُطْبَتَانِ يَجْلِسُ بَيْنَهُمَا يَقْرَأُ الْقُرْآنَ وَيُذَكِّرُ النَّاسَ (صحيح مسلم ٢ /٥٨٩)

"നബി(സ)ക്ക് രണ്ട് ഖുത്വുബകൾ ഉണ്ടായിരുന്നു. അവകൾക്കിടയിൽ അദ്ദേഹം ഇരിക്കുമായിരുന്നു; അദ്ദേഹം ഖുത്വുബയിൽ ഖുർആൻ ആയത്തുകൾ ഓതുകയും ജനങ്ങൾക്ക് ഉൽബോധനം നടത്തുകയും ചെയ്യുമായിരുന്നു."(സ്വഹീഹ് മുസ്ലിം 2/589 ഹദീസ് നമ്പർ : 862)

ഇമാംനവവി(റ) പറയുന്നു: "ഖുത്വുബയുടെലക്ഷ്യം വഅള് (ഉപദേശം) ആകുന്നു" (ശറഹുൽ മുഹദ്ദബ്) എന്നാൽ പണ്ഡിതന്മാരിൽ ചിലർ ഖുത്വുബ അറബിഭാഷയിൽ തന്നെ നിർവ്വഹിക്കണമെന്ന് പറഞ്ഞിട്ടുള്ളത് ഖുത്വുബയുടെ അർകാനുകളെ സംബന്ധിച്ച് മാത്രമാണ്.

ഇമാം ഇബ്നുഹജറുൽ ഹൈതമി(റ) പറയുന്നു " ഖുത്വുബ അറബിയിലാകണമെന്ന് പറഞ്ഞത് അർകാനുകൾ മാത്രമാണ് അതല്ലാത്തവയെ സംബന്ധിച്ചല്ല " (തുഹുഫ)

ഇമാം ശാഫി(റ) പറയുന്നത് ശ്രദ്ധിക്കുക,

قال الشافعي : وَلا بَأسَ أنْ يَتَكَلَّمَ الرَجُلُ فِي خُطْبَةِ الْجُمُعَةِ وَكُلِّ خُطْبَةٍ فِيمَا يَعْنِيهِ وَيَعْنِي غَيْرَهُ بِكَلَامِ النَاسِ (كتاب الأم للشافعي ١/٣٤٥)

"ജുമുഅ ഖുത്വുബയിലോ മററു ഖുത്വുബകളിലോ ഖത്വീബ് (പ്രസംഗിക്കുന്നയാൾ) തനിക്കോ മററുള്ള വർക്കോ ആവശ്യമുള്ള കാര്യങ്ങൾ ജനങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നതിന്ന് യാതൊരു വിരോധവുമില്ല." (ഇമാം ശാഫിഈ(റ) കിതാബുൽഉമ്മ് 1/345)

**4, ഖുത്വുബ രണ്ട് റക്അത്ത് നമസ്കാരമല്ല**

ഉമർ (റ) പറയുന്നു:

عن عمر رضى الله عنه " صَلاةُ الْجُمُعَةِ رَكْعَتَانِ تَمَامٌ غَيْرُ قَصْرٍ عَلَى لِسَانِ مُحَمَّدٍ " . صلى الله عليه وسلم (صحيح ابن ماجة للألباني ١/٣٣٨)

"ജുമുഅ നമസ്കാരം രണ്ട് റക്അത്ത് തന്നെയാണ് അത് നാല് റക്അത്ത് ചുരുക്കപ്പെട്ടതല്ല" (അൽബാനിയുടെ സ്വഹീഹ് ഇബ്നുമാജ 1/338 )

ഇമാംശാഫി(റ) പറയുന്നു:

قال الشافعي : وَمَنْ أدْرَكَ رَكْعَةً مِنَ الْجُمُعَةِ بَنَى عَلَيْهَا رَكْعَةً أخْرَى وَأجْزَأتْهُ الْجُمَعَة (كتاب الأم للشافعي ١/٣٥٢)

"ജുമുഅ നമസ്കാരത്തിൽ നിന്നും ആർക്കെങ്കിലും ഒരു റക്അത്ത് ലഭിച്ചാൽ അവൻ ഒരു റക്അത്തുകൂടി നമസ്കരിക്കട്ടെ, അവന് ജുമുഅയുടെ പ്രതിഫലം ലഭിച്ചുകഴിഞ്ഞു." (അൽ ഉമ്മ് 1/352)

നബി(സ) പറഞ്ഞു:

وَمَنْ أدْرَكَ رَكْعَةً مِنَ الْجُمُعَةِ فَلْيُصَلِّ إلَيْهَا أخْرَى (صحيح ابن ماجة ، الحاكم، صحيح الجامع للألباني : ٥٩٩١)

"ജുമുഅ നമസ്കാരത്തിൽ നിന്നും ആർക്കെങ്കിലും ഒരു റക്അത്ത് ലഭിച്ചാൽ അവൻ ഒരു റക്അത്തുകൂടി നമസ്കരിക്കട്ടെ." (അൽബാനിയുടെ സ്വഹീഹ് ഇബ്നുമാജ, ഹാകിം, സ്വഹീഹുൽ ജാമിഅ് ഹദീസ് നമ്പർ :5991)

### 5, ജുമുഅയും ആളുകളുടെ എണ്ണവും

ജുമുഅക്ക് ഇത്ര ആളുകൾ ഉണ്ടായിരിക്കണമെന്ന് നിർണ്ണയിക്കപ്പെട്ടതായി ഹദീസുകളിൽ സൂചനകളൊന്നുമില്ല. ഒരു പ്രദേശത്തുള്ള ആളുകളെല്ലാം ഒരിടത്ത് ഒരുമിച്ചുകൂടി നമസ്കരിക്കുക എന്നതാണ് ജുമുഅ വിഷയത്തിലെ നബിചര്യ.

عن جابر رضي الله عنه قال: بَيْنَمَا النَبِيُّ صلى الله عليه وسلم يخْطُبُ يَوْمَ الْجُمُعَةِ قَائِمًا إذْ قَدِمَتْ عِيرُ الْمَدِينَةِ فَابْتَدَرَهَا أصْحَابُ رَسُولِ الله صلى الله عليه وسلم حَتَّى لَمْ

يَبْقَ مِنْهُمْ إلاَّ اثْنَا عَشَرَ رَجُلاً وَنَزَلَتْ الآيَة ﴿ وَإِذَا رَأَوْا تِجَـٰرَةً أَوْ لَهْوًا ٱنفَضُّوٓا۟ إِلَيْهَا وَتَرَكُوكَ قَآئِمًا ۚ ﴾ (صحيح الترمـــذي للألباني ٥/٤١٤ رقم الحديث ٣٣١١)

ജാബിർ(റ) പറയുന്നു: ഒരിക്കൽ നബി (സ) ഖുത്വുബ നടത്തിക്കൊണ്ടിരിക്കുമ്പോൾ മദീനയിൽ ഒരു കച്ചവട സംഘം വരികയും ജനങ്ങളെല്ലാം അങ്ങോട്ടു പോകുകയും ചെയ്തു. ബാക്കി (നബിയോടൊപ്പം) അവരിൽ പന്ത്രണ്ട് പേർ മാത്രമായിരുന്നു ഉണ്ടായിരുന്നത്.അതുമായി ബന്ധപ്പെട്ടാണ്

﴿ وَإِذَا رَأَوْا تِجَـٰرَةً أَوْ لَهْوًا ٱنفَضُّوٓا۟ إِلَيْهَا وَتَرَكُوكَ قَآئِمًا ﴾ (سورة الجمعة : ١١)

എന്ന ആയത്ത് അവതരിച്ചത്: (അവർ ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവയുടെ അടുത്തേക്ക് പിരിഞ്ഞുപോവുകയും നിന്നനിൽപ്പിൽ നിന്നെ വിട്ടേക്കുകയും ചെയ്യുന്നതാണ്. സൂറത്ത് ജുമുഅ : 11) (അൽബാനിയുടെ സ്വഹീഹ് തിർമിദി : 5/414 ഹദീസ് നമ്പർ : 3311)

അബൂഹാതിമിൽ നിന്നും ത്വബരി(റ) ഇങ്ങിനെ റി പ്പോർട്ട്ചെയ്യുന്നു:

قَالَ لَهُمْ رَسُولُ اللهِ صلى الله عليه وسلم كَمْ أَنْتُمْ فَعَدُّوا أَنْفُسَهُمْ فَإِذَا هُمْ اثْنَا عَشَرَ رَجُلاً وَامْـرَأَةً (ابـن حجـر العسقلاني فتح الباري ٢/٤٢٤)

"നബി ഞങ്ങളോട് എത്രപേർ ബാക്കിയുണ്ടെന്ന് എ ണ്ണിനോക്കാൻ പറഞ്ഞു, അപ്പോൾ ഞങ്ങൾ പന്ത്ര ണ്ട് പുരുഷൻമാരും ഒരുസ്ത്രീയും മാത്രമായിരു ന്നു ബാക്കിയുണ്ടായിരുന്നത്" (ഇബ്നു ഹജറുൽ അസ്ഖലാനി ഫത്ഹുൽബാരി 2/424)

ഇതിൽ നിന്നെല്ലാം ആളുകളുടെ എണ്ണത്തിൽ പ്ര ത്യേക നിബന്ധനകൾ ഇല്ല എന്ന് വ്യക്തമാകുന്ന താണ്. നബി(സ)യിൽ നിന്നും ജുമുഅ സ്വീകാര്യമാ കുവാൻ നിശ്ചിത എണ്ണം ആളുകൾ ഉണ്ടായിരിക്ക ണമെന്ന നിർദ്ദേശമില്ലാത്തതിനാൽ ഒരു സംഘം എ ന്ന് പറയാൻ മാത്രമുള്ള ആളുകൾ ഉണ്ടെങ്കിൽ ജു മുഅ: നടത്താവുന്നതാണ്; എന്നാണ് മനസ്സിലാ ക്കാൻ കഴിയുന്നത്.

അല്ലാഹുവേ ഞങ്ങളേയും ഞങ്ങളുടെ മക്കളേയും കൃത്യമായി നമസ്കരിക്കുന്നവരിൽ ഉൾപ്പെടുത്തേ ണമേ. നാളെ പരലോകത്ത് ഞങ്ങളുടെ മാതാപിതാ ക്കളോടും മക്കളോടുമൊത്ത് സ്വർഗ്ഗത്തിൽ കഴിയാ

ൻ ഞങ്ങളെയും ഞങ്ങളുടെ ഇണകളെയും നീ അനുഗ്രഹിക്കേണമേ.

وصلى الله وسلم على نبينا محمد وآله وصحبه أجمعين
والحمد لله رب العالمين .

## അവസാനമായി രണ്ടു വാക്ക്

ബഹുമാന്യ സഹോദരങ്ങളോട്, നിങ്ങൾ ഈ പുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്തു കഴിഞ്ഞാൽ മററുള്ളവർക്ക് കൈമാറുക; അവരും പ്രയോജനപ്പെടുത്തട്ടെ . "നിശ്ചയം ഒരു നന്മക്ക് പ്രേരണ നൽകുന്നവന് പ്രവർത്തിച്ചതിന് തുല്യമായ പ്രതിഫലമുണ്ടായിരിക്കുന്നതാണ്." താങ്കൾ ഞങ്ങൾ പുറത്തിറക്കിയ മററു പ്രസിദ്ധീകരണങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ സുലൈ Exit 16 ലുള്ള ഇസ്ലാമിക് ഗൈഡൻസ് സെൻററിൽ നേരിൽ വരികയോ താഴെ കൊടുക്കുന്ന അഡ്രസിൽ ബന്ധപ്പെടുകയോ ചെയ്യുക. ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതാണ്.

(ഇൻശാ അല്ലാഹ്)

ഇസ്ലാമിക് ഗൈഡൻസ് സെൻറർ
പി. ബി. നമ്പർ: 1419 റിയാദ് : 11431 സൗദി അറേബ്യ.

ഗൈഡൻസ് സെൻററിലെ
നിങ്ങളുടെ സഹോദരങ്ങൾ

## ഓഫീസ് പുറത്തിറക്കിയ
## ഗ്രന്ഥകാരന്റെ
## മലയാള പുസ്തകങ്ങൾ

| ന | വിഷയം | ഇനം |
|---|---|---|
| 1 | സത്യത്തിലേക്കുള്ള പാത | രചന |
| 2 | മുഹമ്മദ്നബി ചരിത്ര സംഗ്രഹം | ,, |
| 3 | തിരു നബി(സ)യുടെ കൂടെ | ,, |
| 4 | ഹാജിമാരുടെ പാഥേയം | ,, |
| 5 | വൈവാഹിക നിയമങ്ങൾ | ,, |
| 6 | സകാത്ത് | ,, |
| 7 | നമസ്കാരം വിധികളും മര്യാദകളും | ,, |
| 8 | ഹജ്ജും ഉംറയും | വിവർത്തനം |
| 9 | അഹ്‌ലുസ്സുന്നത്തിവൽ ജമാഅ: | ,, |
| 10 | വിശ്വാസ ദീപ്തി | ,, |
| 11 | ഇരുളും വെളിച്ചവും | ,, |
| 12 | ജുമുഅ; വിധികളും മര്യാദകളും | ,, |
| 13 | രോഗി ശുദ്ധീകരം വിധികളും ഫത്‌വകളും | ,, |

## ഓഫീസ് പുറത്തിറക്കിയ മലയാള ലഘുലേഖകൾ

| ന | വിഷയം | ഇനം |
|---|---|---|
| 1 | മയ്യിത്ത് സംസ്കരണം | രചന |
| 2 | ഹാജിമാർക്കൊരു മാർഗ്ഗരേഖ | ,, |
| 3 | നമസ്കാരത്തിന്റെ പ്രാധാന്യം | ,, |
| 4 | ഇസ്‌ലാം പ്രകൃതി മതം | ,, |
| 5 | ന്യായവിധി നാൾ | ,, |
| 6 | മുഹർറത്തിന്റെ പ്രാധാന്യം | ,, |
| 7 | പ്രവാചക സ്നേഹം | ,, |
| 8 | പ്രവാചകൻ(സ) പഠിപ്പിച്ച നോമ്പ് | ,, |
| 9 | റജബ് മാസവും അനാചാരങ്ങളും | ,, |
| 10 | ശഅബാനും അനാചാരങ്ങളും | ,, |
| 11 | ഉംറയുടെ രൂപം | ,, |
| 12 | നബി(സ)യുടെ നമസ്കാരം | ,, |
| 13 | അല്ലാഹു എവിടെയാണ് ? | ,, |
| 14 | ദുൽഹജ്ജിന്റെ ശ്രേഷ്ഠതകൾ | വിവർത്തനം |
| 15 | തവസ്സുൽ | ,, |
| 16 | വിശ്വാസപരമായ താക്കീതുകൾ | ,, |
| 17 | രോഗിയുടെ നമസ്കാരം | ,, |
| 18 | തൗഹീദും ശഹാദത്ത് കലിമയും | ,, |
| 19 | കർമ്മങ്ങളുടെ ശ്രേഷ്ഠതകൾ | ,, |
| 20 | സുപ്രധാന ഫത്‌വകൾ | ,, |
| 21 | മാനവരിൽ മഹോന്നതൻ | ,, |

# الصلاة

## أحكام وآداب

(باللغة المليبارية)

إعداد :
قسم الجاليات

كتب الجاليات ١٤٠ / ١٧

الطبعة (1)

# الصلاة

## أحكام وآداب



ترجمة

قسم الجاليات بالمكتب

المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي

ص . ب ١٤١٩ الرياض ١١٤٣١ هاتف: ٢٤١٤٤٨٨ _ ٢٤١٠٦١٥ تحويلة ناسوخ ٢٣٢

مليباري

٠٧٠١٠٤

ردمك: ٤ - ٠ - ٩٨٠٨ - ٩٩٦٠